# അധ്യായം 3

# സാമൂഹികാധികാരം

മനുഷ്യരുടെ പെരുമാറ്റങ്ങളുടെ, നിയന്ത്രണങ്ങളുടെ, അധികാരങ്ങളുടെ, വിവിധങ്ങളായ വിഭജനങ്ങളുടെ സംവിധാനക്രമമാണ് സമൂഹമെന്നു പറയാം. ഒരുമിച്ചു കഴിയുന്ന വ്യക്തികൾ പരസ്പരം പുലർത്തുന്ന ബന്ധങ്ങളിലൂടെയാണ് സമൂഹം രൂപംകൊള്ളുന്നത്. ബന്ധങ്ങളുടെ സംവിധാനവും അംഗങ്ങൾ തമ്മിലുള്ള ഇടപാടുകളുടെ മാനദണ്ഡങ്ങളുമാണ് ഒരു സമൂഹത്തെ നിർണ്ണയിക്കുന്നത്. വ്യക്തി, സാമൂഹ്യബന്ധങ്ങളുടെ ഉത്പന്നമായിരിക്കവേതന്നെ മറ്റൊരുവശത്ത് സമൂഹത്തിന്റെ സ്രഷ്ടാവുമായിരിക്കുന്നു.[1] ജനമില്ലാതെ സമൂഹമില്ല, സാമൂഹ്യബന്ധങ്ങളില്ല, സാമൂഹ്യജീവിതവുമില്ല. അതുകൊണ്ടുതന്നെ തമ്മിൽത്തമ്മിൽ തുടർച്ചയായ പരസ്പര പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ഒരുകൂട്ടം ജനങ്ങളാണ് സമൂഹമെന്നും പറയാം. പൊതുവായ ഒരു ജീവിതസമ്പ്രദായം അവലംബിക്കുകയും സ്വയമൊരു ഘടകമായി തിരിച്ചറിയുകയും ചെയ്യുന്ന വ്യക്തികളുടെ സംഘടനയാണ് അത്.[2] പരസ്പരസ്വാധീനത്തിലൂടെ ഏകീകരിക്കപ്പെടുകയും മറ്റുള്ളവരുമായുള്ള ക്രിയാത്മകബന്ധത്തിലൂടെ ജീവിക്കുകയും ചെയ്യുന്ന മനുഷ്യസമുദായമെന്നും അതിനെ വിശേഷിപ്പിക്കാം.

ഓരോ സമൂഹവും മറ്റൊന്നിൽ നിന്ന് ഭിന്നമാണ്. ഓരോ സമൂഹത്തിനും അതിന്റേതായ ജീവിതശൈലിയുണ്ട്. സമൂഹത്തിലെ ഓരോ അംഗവും മറ്റംഗങ്ങളെ ആശ്രയിക്കുന്നു. സമൂഹം ചലനാത്മകമാണ്. എപ്പോഴും മാറിക്കൊണ്ടിരിക്കുന്നതിനാൽ വൈവിധ്യങ്ങൾ നിറഞ്ഞതാണ്. സമൂഹത്തിൽ സംഘർഷസാധ്യതയുള്ളതുകൊണ്ട് സാമൂഹ്യനിയന്ത്രണങ്ങളും ആവശ്യമാകുന്നു. വ്യക്തിയുടെ പെരുമാറ്റത്തെ നിയന്ത്രിക്കാതെ സാമൂഹ്യജീവിതം സഫലമാവുകയില്ല. ജനങ്ങളുടെ പെരുമാറ്റം നിയന്ത്രിക്കാൻ സമൂഹത്തിന് അതിന്റേതായ വഴികളുണ്ട്. അധികാരകേന്ദ്രവും നിയമങ്ങളും മറ്റും മത്സരങ്ങളേയും കലഹങ്ങളേയും വിപ്ലവങ്ങളേയും പ്രക്ഷോഭങ്ങളേയുമൊക്കെ നിയന്ത്രിക്കുന്നു. സമൂഹത്തിൽ അനേകം സംഘങ്ങളും

സ്ഥാപനങ്ങളും (കുടുംബം, ഗ്രാമം, നഗരം) ഉണ്ടാകുമ്പോൾ അവിടെ അംഗങ്ങളെ നിയന്ത്രിക്കാൻ ഭരണാധികാരികൾക്ക് അധികാര പ്രയോഗം ആവശ്യമായിവരും. അധികാരവും സമൂഹവും തമ്മിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. എന്നാൽ സമൂഹത്തിന്റെ സ്വാതന്ത്ര്യവും ശക്തിയും അടിയറവുവച്ചുകൊണ്ടാണ് സമൂഹം അധികാരത്തിന് കീഴ്പ്പെടേണ്ടിവരുന്നത്.[3]

സാമൂഹ്യവ്യവസ്ഥയിൽ അനേകം തരത്തിലുള്ള ബന്ധങ്ങളുണ്ട്. കുടുംബക്കാരോടുള്ള ബന്ധം, അയൽക്കാരോടുള്ള ബന്ധം, സ്നേഹിതരോടുള്ള ബന്ധം, സാമൂഹ്യമര്യാദകളോടുള്ള ബന്ധം. ഈ ബന്ധങ്ങളിലെല്ലാം അധികാരത്തിന്റെ വിവിധഭാവങ്ങൾ കാണാം. സാമൂഹ്യജീവിതത്തിനുവേണ്ട നിയമങ്ങൾ അനുസരിച്ച് ഒരു വ്യക്തിജീവിക്കുമ്പോൾ അയാൾ അധികാര കേന്ദ്രത്തിനു കീഴിൽ വരുന്നു.[4] അധികാരത്തിന്റെ നിയന്ത്രണമാണ് ഒരുവനെ സാമൂഹ്യജീവിതത്തിനു കീഴിൽ അനുസരണയോടെ ജീവിക്കാൻ പ്രാപ്തനാക്കുന്നത്. സമൂഹത്തിലും സാമൂഹ്യസ്ഥാപനങ്ങളിലും നിലനിൽക്കുന്ന അധികാരത്തിന്റെ വിവിധരൂപങ്ങളാണ്, സാമൂഹികാധികാരത്തിൽ വിശകലനം ചെയ്യുന്നത്.

**ജൈവാധികാരം**

മറ്റുമനുഷ്യരുടെ മേൽ ഒരാൾക്കുള്ള നിയന്ത്രണമാണ് അധികാരമെന്നതുകൊണ്ട് അർത്ഥമാക്കുന്നത്. അധികാരത്തിന്റെ കീഴിൽ വിധേയത്വത്തോടെ കഴിയാൻ ആഗ്രഹിക്കുന്ന ഒരു വിഭാഗം എപ്പോഴും ഉണ്ടാകും. ആദ്യ അധ്യായത്തിൽ വിശദമായി അതേക്കുറിച്ച് സൂചിപ്പിച്ചതാണ്. അധികാരവും ലൈംഗികതയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ അത്തരമൊരു അധികാരപ്രയോഗവും വിധേയത്വവും കാണാൻ കഴിയും. അധികാരത്തിന്റെ സവിശേഷമായ പ്രയോഗരീതികളിലൊന്ന് ശരീരത്തിലുള്ള കേന്ദ്രീകരണമാണ്. ഇതിനെയാണ് ജൈവാധികാരമെന്ന് വിശേഷിപ്പിക്കുന്നത്. പരസ്പരപൂരകങ്ങളായ രണ്ട് ധ്രുവങ്ങളുണ്ട് ജൈവാധികാരത്തിന്. ആദ്യത്തേത്

ഒരു യന്ത്രമെന്ന നിലയിൽ മനുഷ്യശരീരത്തെ പരിഗണിച്ച് അതിനെ ഉപയോഗിക്കുന്നു. രണ്ടാമത്തേത് ശരീരത്തിന്റെ ജീവശാസ്ത്രപരമായ പ്രക്രിയയിൽ ഊന്നുന്ന ലൈംഗികതയുടെ പ്രാധാന്യം അറിഞ്ഞുള്ള ഇടപെടലാണ്. ഫൂക്കോയുടെ ദർശനത്തിൽ, അധികാരത്തിന്റെ സംഘർഷമെല്ലാം അനുഭവപ്പെടുന്ന സ്ഥലം ശരീരമാകുന്നു.[5]

അധികാരശക്തി ആവശ്യപ്പെടുന്ന രീതിയിൽ ശരീരത്തെമാറ്റിയെടുക്കാൻ വ്യക്തിയ്ക്കാകുന്നു. ശരീരത്തിനുമേൽ നിയന്ത്രണം പുലർത്തുന്ന ശക്തി ശരീരത്തെ വരുതിയിലാക്കാൻ ശ്രമിക്കുന്നു. നിരന്തരമായ പ്രയോഗംമൂലം ശരീരത്തിനുമേൽ ആധിപത്യം പുലർത്താൻ ശ്രമിക്കുന്ന അധികാരരീതി ശരീരത്തിൽ നിലനിൽക്കുന്ന ശക്തിയോട് എതിരിടുന്നു. വിധേയത്വത്തോടെ നിൽക്കാൻ ശരീരത്തെ മെരുക്കിയെടുക്കാനാണ് ശരീരത്തിനുമേൽ വർത്തിക്കുന്ന അധികാരം എപ്പോഴും ശ്രദ്ധിക്കുന്നത്. ശരീരത്തിന്റെ ആഗ്രഹങ്ങൾ നിവർത്തിക്കാൻ ശ്രമിക്കുമ്പോൾ അധികാരശക്തി ശരീരത്തിനുമേൽ നിയന്ത്രണമേർപ്പെടുത്തുന്നു. ആഗ്രഹങ്ങളെ അടിച്ചമർത്താൻ ശ്രമിക്കുമ്പോൾ ശരീരത്തിനുമേൽ നിലനിൽക്കുന്ന അധികാരശക്തി അതിനോട് പ്രതികരിക്കുന്നു. ലൈംഗിക അച്ചടക്കത്തിന്റെ അടിസ്ഥാനം, അധികാരശക്തിയുടെ നിയന്ത്രണത്തിലൂടെ ശരീരം സാധിച്ചെടുക്കുന്ന കഴിവാണ്. സ്വീകാര്യമല്ലാത്ത ഒരു കാര്യം ഒരാളെ നിർബന്ധിച്ച് ചെയ്യിക്കാനുള്ള കെല്പിനെയും അധികാരം എന്ന് പറയാം.[6]

ജൈവാധികാരം ദേവിന്റെ 'ഓടയിൽ നിന്നെ'ന്ന നോവലിൽ പ്രവർത്തിക്കുന്നതെങ്ങനെ എന്നു നോക്കാം. എതിർപ്പിന്റെ കഥാകാരനായ കേശവദേവിന്റെ മനുഷ്യദർശനത്തെ പ്രകാശിപ്പിക്കുന്ന കൃതിയാണ് ഓടയിൽനിന്ന്.[7] ലക്ഷ്മിയുടെ രക്ഷാകർതൃത്വം ഏറ്റെടുത്ത പപ്പു രാപ്പകലില്ലാതെ പണിയെടുക്കുന്നതിനിടയിൽ സ്വന്തം ജീവിതത്തെക്കുറിച്ച് ചിന്തിച്ചില്ല. പക്ഷേ യൗവ്വനത്തിലേ വിധവയാകേണ്ടിവന്ന കല്ല്യാണി ഭർത്താവായാണോ

രക്ഷകനായാണോ പപ്പുവിനെക്കണ്ടത് എന്നതിന് ഏറെ വിശദീകരണങ്ങളൊന്നും നോവലിസ്റ്റ് തരുന്നില്ല. എന്നാൽ ആ ബന്ധത്തെക്കുറിച്ച് കേശവദേവ് പറയുന്നത് , "പപ്പുവും കല്ല്യാണിയും തമ്മിൽ ലൈംഗികബന്ധമുണ്ടാകുന്നത് സ്വാഭാവികമാണ്. അതുണ്ടായില്ലെങ്കിൽ അവർ മനുഷ്യരല്ലാതാകും. ഞാൻ അവരെ മനുഷ്യരാക്കി മാറ്റി എന്നു മാത്രം". തികച്ചും സാധാരണമെന്നു തോന്നുന്ന വിധം പപ്പുവും കല്ല്യാണിയും തമ്മിലുള്ള ബന്ധം ചിത്രീകരിച്ചിരിക്കുന്നു. ലക്ഷ്മിയുമായി ആദർശാധിഷ്ഠിതമായ ബന്ധം കെട്ടിപ്പടുക്കാനുള്ള വ്യഗ്രതയിൽ പപ്പു പലപ്പോഴും കല്ല്യാണിയുടെ ഉള്ളിലെ തൃഷ്ണ കണ്ടില്ലെന്നു നടിച്ചു. "കല്ല്യാണിയുമായി പപ്പുവിനുണ്ടായ ബന്ധത്തിന്റെ മാനസികവും മൂകവുമായ അന്തർധാര പപ്പുവിന്റെ സ്വകാര്യജീവിതം ആവിഷ്ക്കരിക്കുകയും ദാമ്പത്യബന്ധത്തെ അതിശയിപ്പിക്കുന്ന സ്നേഹത്തെ സംവിധാനചാരുതയോടെ ധ്വനിപ്പിക്കുകയും ചെയ്യുന്നു.[8]

പപ്പുവും കല്ല്യാണിയും ഒരുമിച്ചുള്ള ജീവിതത്തിന്റെ ചിത്രീകരണം കാല്പനികതലത്തിലേക്ക് വഴുതിവീഴാതെ റിയലിസ്റ്റിക് അംശത്തിന് പ്രാധാന്യം നൽകിയാണ് അവതരിപ്പിച്ചിരിക്കുന്നത്. അതുപോലെ സ്വഭാവചിത്രീകരണത്തിനും സംഭവങ്ങളുടെ ആന്തരതലങ്ങൾ വ്യക്തമാക്കുന്നതിനും കഥാപാത്രങ്ങളുടെ സംഭാഷണം പ്രയോജനപ്പെടുത്തിയിരിക്കുന്നു. അത്താഴം കഴിഞ്ഞ് കഞ്ചാവ് വലിച്ചു കിടക്കുന്ന പപ്പുവിനെ നോക്കി കല്ല്യാണി വാതിലിൽ മറഞ്ഞുനിന്ന് ദീർഘമായി ഒന്നു നിശ്വസിച്ചു. ചെറിയ ചോദ്യങ്ങളും ഉത്തരങ്ങളും, അവയ്ക്കിടയിൽ നിറഞ്ഞുനിൽക്കുന്ന നിശ്ശബ്ദതയും ദീർഘനിശ്വാസങ്ങളും. പറയാനുള്ളതൊക്കെ പറയാതെ കല്ല്യാണിയും എല്ലാം അറിഞ്ഞിട്ടും ഒന്നും അറിയാത്തവനെപ്പോലെ പപ്പുവും ആ രാത്രിയിൽ പരസ്പരം ചോദിച്ച ചോദ്യങ്ങൾ ആവർത്തിച്ചു.

പപ്പു ചോദിച്ചു.

"എന്താ കിടക്കാത്തത്".

"കെടന്നോളാം".

"ലക്ഷ്മി ഉറങ്ങിയോ ?"

"അവളൊറങ്ങി".

ഒരു നിശബ്ദത. പപ്പു ഒന്നു അറിയുന്നില്ല. അയാൾ നിശ്ചലനായി ഇരിക്കുകയാണ്. വീണ്ടും ദീർഘനിശ്വാസം. പപ്പു തിരിഞ്ഞുനോക്കി. കല്ല്യാണി എന്തോ പറയുവാൻ ഭാവിച്ചു. അവൾ അത് പറഞ്ഞില്ല.

പപ്പു ചോദിച്ചു.

"ലക്ഷ്മി ഒറങ്ങിയോ ?"

"അവളൊറങ്ങി".

മുമ്പ് ചോദ്യങ്ങൾ ചോദിച്ചതും ഉത്തരം പറഞ്ഞതും അവർ മറന്നു പോയി. അവർക്ക് എന്തോ പറയാനുണ്ട്. പറയാനുള്ളത് പറയാതിരിക്കുവാൻ അവർ ശ്രമിക്കുകയാണ്. കഞ്ചാവ് വലിച്ചു കഴിഞ്ഞ് പപ്പു തെക്കേമുറിയിലും കല്ല്യാണി വടക്കേമുറിയിലും കഴിഞ്ഞു. രാത്രി ഏറെ നേരം കഴിഞ്ഞാണ് അവരിരുവരും ഉറങ്ങിയത്.

തന്റെ വലിയ ആദർശത്തിന് വ്യതിയാനം വരുത്താനിഷ്ടമില്ലാത്ത പപ്പുവിന് സ്വന്തം അധികാരത്തിന്റെ കീഴിലും നിയന്ത്രണത്തിലും ജീവിക്കുന്ന കല്ല്യാണിയെ മറ്റൊരു രീതിയിൽ സമീപിക്കാമായിരുന്നു. പപ്പുവിന് വിധേയയായി കഴിയുവാനുള്ള താത്പര്യത്തിൽ തന്നെത്തന്നെ പൂർണ്ണമായി സമർപ്പിക്കാനുള്ള ആഗ്രഹത്തോടെ കല്ല്യാണി അയാളെ നോക്കിനിന്നു. പപ്പുവിന്റെ ഉള്ളിലും തിരയടങ്ങാത്ത ലൈംഗികതൃഷ്ണയുണ്ട്. പക്ഷെ എന്തൊക്കെയോ ചില കാര്യങ്ങൾ അയാളെ അതിൽ നിന്ന് പിൻതിരിപ്പിക്കുന്നു. ഇതിനിടയിലെ നിശ്ശബ്ദത രണ്ടുപേരുടേയും ആഗ്രഹങ്ങളെയാണ് കാണിക്കുന്നത്. 'ഉറങ്ങിയില്ലേ' എന്നുള്ള ചോദ്യത്തിന് അതിനുമുമ്പ് എന്താണ് ചെയ്യാനുള്ളതെന്ന മറ്റൊരു ചോദ്യവും ഒളിഞ്ഞിരിപ്പുണ്ട്. അത്തരമൊരു കാര്യത്തിലേക്ക് വഴുതിവീഴാനുള്ള അവസ്ഥയിൽ അവരുടെ സംസാരം മറ്റു വിഷയങ്ങളിലേക്ക് കടന്നുപോകുന്നു. അതാകട്ടെ ലക്ഷ്മിയുടെ ഭാവിജീവിത

വുമായി ബന്ധപ്പെട്ടതാകുന്നു. അതുകൊണ്ട് തികച്ചും ഉത്തരവാദിത്തമുള്ള ആളായി പപ്പു മാറുന്നു. അടുത്തടുത്ത മുറികളിൽ അസംതൃപ്തമായ മനസ്സോടെ അവരിരുവരും കഴിച്ചുകൂട്ടുന്നു. അവളുടെ നിരാശ നിറഞ്ഞ മനസ്സിൽ നിന്നുയർന്നു വന്ന ദീർഘനിശ്വാസം ആദ്യം അയാളെ ഓർമ്മയിൽ നിന്നുണർത്തി. അടിച്ചമർത്തപ്പെട്ട ലൈംഗികതൃഷ്ണയാകാം ദീർഘനിശ്വാസമായി വീണ്ടും ഉയർന്നു വന്നത്. പപ്പുവിന്റെ അസാമാന്യമായ മനഃസംയമനം മനുഷ്യസഹജമാണെന്ന് തോന്നുന്നില്ല. പുരുഷൻ അധികാരകേന്ദ്രത്തിലും സ്ത്രീ അതിരുകളിലുമാണ് നിൽക്കുന്നത്.[9] പുരുഷന്റെ അധികാരത്തെ ഇല്ലാതാക്കി സ്ത്രീയുടെ അധികാരത്തെ പ്രതിഷ്ഠിച്ചെടുക്കാനുള്ള ശ്രമം ദേവ് നടത്തുന്നില്ല.

പക്ഷേ തുടർന്ന് നോവലിസ്റ്റ് സൂചിപ്പിച്ചതുപോലെ ആദർശം നിറഞ്ഞ തീരുമാനങ്ങളെല്ലാം അവഗണിച്ചുകൊണ്ട് അവർ സാധാരണ മനുഷ്യരായി. പപ്പുവിന്റെ അധികാരത്തിന്റെ തണലിൽ കഴിയാൻ ആഗ്രഹിച്ച കല്ല്യാണി ഒരു സാധാരണ സ്ത്രീയായി. രാത്രി ജോലികഴിഞ്ഞ് പപ്പുവന്നപ്പോൾ ഇരുട്ടത്ത് നിൽക്കുന്ന കല്ല്യാണിയെക്കാണുന്നു. പഴയതുപോലെ ചെറിയ ചോദ്യങ്ങളും ഉത്തരങ്ങളുമായി അല്പസമയം അവർ അവിടെ നിന്നു.

'ആരാ നിൽക്കുന്നത് ?'

അയാൾ ചോദിച്ചു.

'ഞാൻ'

'ഇവിടെ നിൽക്കുന്നതെന്താ ?'

'കാണാഞ്ഞിട്ട്'.

അയാൾ അടുത്തുചെന്നു.

'ഉറങ്ങാത്തതെന്താ ?

'ഉറക്കംവരാഞ്ഞിട്ട്'.

'ഉണ്ടോ ?'

'ഇല്ല'.

'എന്താ ഉണ്ണാത്തത് ?'

'വരാഞ്ഞിട്ട്'.

കല്ല്യാണി പപ്പുവിനെ നോക്കിനിന്നു. അവൾ ഒന്നും പറഞ്ഞില്ല. ഏറെ നേരത്തെ നിശ്ശബ്ദതയ്ക്കുശേഷം പപ്പു അവളുടെ അടുത്തു വന്നു. അയാളുടെ വലതുകൈ അവളുടെ തോളിൽ വീണു. അവളുടെ മുഖം അയാളുടെ മാർവിടത്തിൽ ചാഞ്ഞു. അയാളുടെ കൈ അവളുടെ ശരീരത്തെ വളഞ്ഞു. അവർ തമ്മിലുള്ള ബന്ധത്തെ നോവലിസ്റ്റ് ഇങ്ങനെ പറഞ്ഞ് അവസാനിപ്പിച്ചിരിക്കുന്നു.

തന്നപ്പോലെ നിരാശ്രയരായിരുന്ന വ്യക്തികളെ ജീവിതത്തിന്റെ സൗന്ദര്യം കാട്ടിക്കൊടുക്കാൻ കഴിയുന്നതിലുള്ള സംതൃപ്തിയാണ് അയാളെക്കൊണ്ട് അവരുടെ ജീവിതം സംരക്ഷിക്കാൻ പ്രേരിപ്പിച്ചത്.[10] കുടുംബനാഥനെന്നുള്ള അവകാശം സ്വയം ഏറ്റെടുക്കുന്ന പപ്പു കല്ല്യാണിയുടെ ഭർത്തൃസ്ഥാനവും സ്വീകരിക്കുന്നു. ഇവിടെ അധികാരം ഒരു പുതിയ ജ്ഞാനമേഖല സൃഷ്ടിക്കുന്നു. സവിശേഷമായ കർത്തൃത്വം പപ്പു കല്ല്യാണിയിൽ അർപ്പിക്കുന്നു. നിലവിലുള്ള സാമൂഹികനിയമങ്ങൾക്ക് ചോദ്യം ചെയ്യാവുന്ന ബന്ധമാണ് അവർ തമ്മിലുള്ളത്. വിധവയായ സ്ത്രീയുടെ വിദ്യാർഥിയായ മകളെ സംരക്ഷിക്കാനായാണ് പപ്പു അവിടെ കഴിയുന്നത്. എന്നാൽ അവർ തമ്മിൽ വിവാഹിതരാകാത്തിടത്തോളം സമൂഹം ആ ബന്ധം മറ്റൊരു രീതിയിലാണ് കാണുന്നത്. കടമകളുടെ പൂർത്തീകരണത്തിനിടയിൽ പപ്പു ഇതൊന്നും ശ്രദ്ധിക്കുന്നില്ല. അധികാരവുമായി ബന്ധപ്പെട്ട ആനന്ദത്തിന്റെ സൗന്ദര്യരൂപമായി കല്ല്യാണിയെ പപ്പു കാണുന്നില്ല. അതിനാൽ കല്ല്യാണിയുമായുള്ള ബന്ധത്തിന് പപ്പു വലിയ വിലകല്പിക്കുന്നില്ല. ഈ സംഭവങ്ങൾക്കു ശേഷവും പഴയതുപോലെ പരുക്കനായ മനുഷ്യനായി അയാൾ ജീവിച്ചു. തന്റെ അധികാരസ്ഥാനമുപയോഗിച്ച് കല്ല്യാണിയിൽ അടിച്ചമർത്തപ്പെട്ടു കിടക്കുന്ന ലൈംഗികാഭിലാഷങ്ങൾ മനസ്സിലാക്കി അതിനനുസരിച്ച്

പെരുമാറുന്നുണ്ടോ എന്ന് വ്യക്തമല്ല. അധികാരപ്രയോഗത്തിന്റെ വേറിട്ടതലമാണ് കാണാൻ കഴിയുക. എപ്പോൾ ഒരു വ്യക്തി മനഃപൂർവ്വമായി മറ്റുള്ളവരുടെ പ്രവൃത്തികളെ സ്വാധീനിക്കത്തക്കരീതിയിൽ പ്രവർത്തിക്കുന്നുവോ അപ്പോൾ അയാൾ മറ്റൊരാളിൽ അധികാരം നിർവ്വഹിക്കുന്നു.[11]

കേശവദേവിന്റെ 'സ്വർഗ്ഗരാജ്യം' എന്ന കഥയുടെ അവസാനഭാഗത്ത് പപ്പു കടന്നുവരുന്നു. അവിടെ ഇരുളുടുപ്പുധാരി പപ്പുവിനെ വിചാരണ ചെയ്യുന്നു. അവനെതിരെ ശിക്ഷ വിധിക്കാൻ പിതാവിനോട് ആവശ്യപ്പെടുന്നു. പപ്പു കുറ്റം ഏറ്റുപറയുന്നു. 'ഓടയിൽനിന്നി'ലെ കല്ല്യാണിയുമായി തെറ്റു ചെയ്തു എന്ന് ഏറ്റു പറയുന്നു. 'ഞാൻ അവളുടെ അടുത്തേക്കു നീങ്ങി നിന്നു. എന്റെ കൈ അവളുടെ തോളിൽ വീണു. ധിക്കാരമല്ലേ. ആഭാസത്തരമല്ലേ. അശ്ലീലമല്ലേ. എന്നെ ശിക്ഷിക്കുക'. പപ്പുവിന്റെ ഏറ്റുപറച്ചിലിൽ ഇരുളുടുപ്പുധാരി സന്തോഷിച്ച് 'ഇവനെ ശിക്ഷിക്കണമെന്ന് പറയുന്നു'. എന്നാൽ മറ്റൊരു കഥാപാത്രമായ ചീരമാധവി ഇതിനെ ന്യായീകരിക്കുകയാണു ചെയ്യുന്നത്. "അതിലെന്താണൊരു തെറ്റുകുറ്റം. അയാളു കല്ല്യാണം കഴിച്ചതല്ല; കല്ല്യാണീടെ കെട്ട്യോൻ ചത്തും പോയി. അയാളാണ് കുടുംബം പുലർത്തുന്നതും. അപ്പപ്പിന്നെ അവരു തമ്മിൽ ഇഷ്ടമാവണതു കുറ്റമാണോ".

പപ്പു വിശദീകരിക്കുന്നു.

അശ്ലീലമോ അസാൻമാർഗ്ഗികമോ എന്നൊന്നും എനിക്കറിഞ്ഞുകൂടാ. കല്ല്യാണിയും ഞാനും തമ്മിലുള്ള ബന്ധം ഭാര്യാഭർത്താക്കൻമാർ തമ്മിലുള്ള ബന്ധമായിരുന്നു. അതിനെന്നെ ശിക്ഷിക്കാൻ അധികാരമുള്ളവൻ, അവകാശമുള്ളവൻ ശിക്ഷിക്കട്ടെ.

പപ്പുവിന്റെ വിശദീകരണം ഓടയിൽ നിന്ന് എന്ന നോവലിൽ കേശവദേവ് പറയാതെ വിട്ടതാണ്. കഥയിൽ അത് കുറച്ചുകൂടി വ്യക്തമായി അവതരിപ്പിച്ചിരിക്കുന്നു എന്നു മാത്രം.

ജീവിതത്തിൽ ആരുടെയും മുന്നിൽ തലകുനിക്കാത്ത പപ്പു, ആരെയും ആശ്രയിക്കാതെ ജോലിചെയ്ത് നട്ടെല്ല് നിവർത്തി നടക്കണമെന്ന്

ആഗ്രഹിക്കുന്ന പപ്പു. കല്ല്യാണിയുടെ മുന്നിൽപ്പോലും തന്റെ ആത്മാഭിമാനവും വ്യക്തിത്വവും അടയറവ് വയ്ക്കാൻ തയ്യാറാവുന്നില്ല. അതിലൂടെ കല്ല്യാണി തന്നെ നിയന്ത്രിക്കാനോ ഭരിക്കാനോ വരുമെന്ന് പപ്പു ഭയന്നിരിക്കാം. ആത്മാഭിമാനത്തിന്റെ സ്വാതന്ത്ര്യബോധത്തിന്റെയും അടിസ്ഥാനത്തിലുണ്ടാകുന്ന ആ ചിന്ത പപ്പുവിൽ എപ്പോഴും നിലനിന്നിരുന്നതായി നോവലിൽ ആദ്യവസാനം കാണാം. ആരുടേയും ഔദാര്യത്തിനു കാത്തു നിൽക്കാതെ ആരിൽ നിന്നും ഒന്നും കടംപറ്റാതെ ആരുടേയും നന്ദി പ്രതീക്ഷിക്കാതെ പപ്പു എല്ലാവർക്കും വേണ്ടി പ്രവർത്തിക്കുന്നു. സാമൂഹികമായ സമ്പ്രദായത്തിനുനേരെയുള്ള കനത്ത എതിർപ്പുമായി പുറപ്പെട്ട പപ്പു, പാവപ്പെട്ട പെൺകുട്ടിയുടെ ഉത്കർഷത്തിനുവേണ്ടി പ്രവർത്തിക്കുകയാണ്.[12]

അധികാരത്തിന്റെ ഇച്ഛകൾക്കനുസരിച്ച് പ്രവർത്തിക്കാൻ സൃഷ്ടിക്കപ്പെട്ട ഒരു കഥാപാത്രമല്ല പപ്പു. തന്റെ ഉത്തരവാദിത്തം എന്തൊക്കെയാണെന്നുള്ള ബോധ്യത്തിൽ നിന്നുകൊണ്ട് അധികാരം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നു എന്നു മാത്രം. പപ്പുവിന്റെ ത്യാഗനിർഭരമായ ജീവിതത്തിൽ നിന്നും വെള്ളവും വളവും വലിച്ചെടുത്ത് കല്ല്യാണിയുടേയും ലക്ഷ്മിയുടേയും ജീവിതം തഴച്ചപ്പോൾ പപ്പു അവർക്കൊരു ബാധ്യതയായി: പിന്നീട് കല്ല്യാണിയിൽക്കണ്ട നിസ്സംഗമനോഭാവം പപ്പുവിന്റെ അധികാരഭാവത്തോടുള്ള വിയോജിപ്പായി മാറുന്നു.

അധികാരശക്തിയ്ക്ക് വിധേയരാകുവാൻ വ്യക്തിയെ ശീലിപ്പിക്കുമ്പോൾ രണ്ടുതരം അധികാരപ്രയോഗങ്ങളാണ് സംഭവിക്കുന്നതെന്ന് ഫൂക്കോ വ്യക്തമാക്കുന്നു.[13] ശരീരത്തിനുമേൽ വർത്തിക്കുന്ന അധികാരവും ശരീരത്തിന്റെ അധികാരവും ശരീരത്തിനുമേൽ വർത്തിക്കുന്ന ശക്തി ശരീരത്തെ ശിക്ഷണവിധേയമാക്കുന്നു. ഇത് ജൈവാധികാരം എന്ന ഭാഗത്ത് വിശദമായി സൂചിപ്പിച്ചതാണ്. വില്പനക്കാരൻ എന്ന നോവലിലെ തങ്കമ്മയും 'സുഖിക്കാൻവേണ്ടി'യിലെ മാധവിയും ബാഹ്യമായ അധികാരശക്തിയുടെ പ്രയോഗത്തിനുമുന്നിൽ പരാജയപ്പെട്ടവരാണ്. ശരീരത്തിനുമേൽ ആധിപത്യം

പുലർത്താൻ അധികാരശക്തി ശ്രമിച്ചപ്പോൾ ശരീരത്തിന്റെ അധികാരം വിധേയത്വത്തോടെ നിൽക്കുകയായിരുന്നു.

വില്പനക്കാരൻ എന്ന നോവലിലെ തങ്കമ്മ പ്രണയനൈരാശ്യത്താൽ കഴിയുമ്പോൾ ശങ്കരൻ മുതലാളിയുടെ വെപ്പാട്ടിയാകാൻ വിധിക്കപ്പെടുന്നു. തന്റെ പ്രേമവും തന്നെത്തന്നെയും കുമാരന് നൽകാൻ ആഗ്രഹിച്ചുവെങ്കിലും അച്ഛൻ അതു സമ്മതിച്ചില്ല. പാട്ടുകാരൻ കുമാരൻ ഗതിയില്ലാത്തവനാണ്. വേലായുധന്റെ എതിർപ്പിനെത്തുടർന്നാണ് കുമാരൻ ആത്മഹത്യ ചെയ്യുന്നത്. അതേത്തുടർന്ന് ജീവിതം മടുത്ത്, ആത്മഹത്യചെയ്യുന്നതിൽ പരാജയപ്പെട്ട തങ്കമ്മ സ്വന്തം ശരീരം വിൽക്കാൻ തയ്യാറാകുന്നു. വീട്ടുകാരുടെ നിർബന്ധംകൊണ്ട് അവൾക്ക് പലരേയും സ്വീകരിക്കേണ്ടിവരുന്നു. ശരീരത്തിനുമേൽ സമൂഹം നടത്തുന്ന അധികാരപ്രയോഗമാണ് തങ്കമ്മയെ സ്വന്തം ഇഷ്ടപ്രകാരമല്ലാതെ ജീവിക്കുവാൻ പ്രേരിപ്പിക്കുന്നത്. ശരീരത്തിനുമേൽ പ്രവർത്തിക്കുന്ന അധികാരം ശരീരത്തിന്റെ ശക്തിയെ ഒതുക്കിനിർത്തുന്നു. ഫൂക്കോ പറയുന്നത് ശരീരത്തിന്റെ ശക്തി ഇച്ഛാശക്തിയിലും തൃഷ്ണയിലുമാണ് കുടികൊള്ളുന്നതെന്നാണ്.[14]

ഫൂക്കോയുടെ ഈ സിദ്ധാന്തം തങ്കമ്മ പ്രാവർത്തികമാക്കുന്നത് പിന്നീട് കാണാൻ കഴിയുന്നു. ശരീരത്തിന്റെ ശക്തി സ്വന്തം ആഗ്രഹത്തിനനുസരിച്ച് പ്രവർത്തിക്കുന്നു. കുമാരന്റെ ഓർമ്മകൾ മനസ്സിൽ നിന്നു മാഞ്ഞുപോയശേഷം പലരും ആ ജീവിതത്തിലൂടെ കടന്നുപോയി. പക്ഷെ ആ മനസ്സിന്റെ ആഗ്രഹം ചെന്നുനിന്നത് രാമകൃഷ്ണനിലാണ്. നിസ്വനായിരുന്ന അയാളിൽ പ്രതീക്ഷയില്ലാത്ത തങ്കമ്മയുടെ മാതാപിതാക്കൾ വിലപ്പെട്ട നിമിഷങ്ങൾ നഷ്ടപ്പെടുത്തുന്നതിൽ കോപിക്കുന്നു. പക്ഷെ പണം കായ്ക്കുന്ന മരമായതിനാൽ വെറുപ്പിക്കാനും കഴിയുന്നില്ല. പണം മാത്രം പോരാ തന്റെ മനസ്സിനെ തൃപ്തിപ്പെടുത്താൻ സ്നേഹിക്കുന്ന ഒരു പുരുഷന്റെ സാമീപ്യം കൂടിവേണമെന്ന് തങ്കമ്മ ആഗ്രഹിച്ചു. പലരാത്രികളും അവൾ ഇത് ആവർത്തിക്കുന്നു. വേലായുധൻ കോപാന്ധനായി അവളെ മർദ്ദിക്കാൻ ഭാവിക്കുമ്പോൾ

ഭാര്യ തടയുകയും ഉപദേശിക്കുകയും ചെയ്തു. വേലായുധന്റെ നിയന്ത്രണ ത്തിൽ നിന്നും നിത്യമായ രക്ഷ തേടി തങ്കമ്മ ആത്മഹത്യ ചെയ്യുന്നു. മക ളുടെ മരണം ഒരു വ്യക്തിയുടെ അഭാവമായല്ല അയാൾക്ക് തോന്നിയത്. ശരീരത്തിനുമപ്പുറത്ത് യഥാർത്ഥസ്നേഹം തേടിയപ്പോഴൊക്കെ അത് തങ്കമ്മയ്ക്ക് നിഷേധിക്കപ്പെട്ടു. അതിനാലാണ് രണ്ടാം പ്രാവശ്യവും അവൾ ആത്മഹത്യയ്ക്ക് ശ്രമിച്ചത്. തന്റെ മനസ്സറിയാതെ. ശരീരത്തിനുമാത്രം വില പറഞ്ഞ് നിർദ്ദയം പെരുമാറിയവരോടുള്ള പ്രതികാരം അവൾ മരണത്തി ലൂടെ തീർക്കുന്നു. മകളെന്നനിലയിൽ അവളുടെ മേൽ അധികാരം പ്രയോ ഗിക്കുന്ന വേലായുധൻ അവളുടെ മനസ്സ് അറിയാതെ പോയി. ശരീര ത്തിനുമേലുള്ള അധികാരം മനസ്സിന്റെ ആഗ്രഹങ്ങളെ വിലമതിക്കുന്നില്ല. തങ്കമ്മയുടെ ശരീരത്തിനുമേൽ അവൾക്കുള്ള അധികാരം വേലായുധന്റെ പണത്തോടുള്ള ആർത്തിയ്ക്കുമുന്നിൽ കീഴടങ്ങുകയാണ്. മറ്റു മനുഷ്യരുടെ സ്വഭാവത്തെ സ്വന്തം ലക്ഷ്യങ്ങൾക്കനുസൃതമായി സ്വാധീനിച്ചെടുക്കാനുള്ള പ്രാവീണ്യമാണ് അധികാരമെന്ന എഡ്വേഡ് ഷിൽസിന്റെ നിർവ്വചനം ഇവിടെ അന്വർത്ഥമാകുന്നു.[15]

അധികാരശക്തിയ്ക്ക് കീഴ്പ്പെട്ട് ജീവിതം നഷ്ടപ്പെടുത്തിയ മാധവി യുടെ കഥയാണ് 'സുഖിക്കാൻവേണ്ടി'യെന്ന നോവൽ. ജീവിതത്തിന്റെ എല്ലാ ഭാവങ്ങളേയും അതിസൂക്ഷ്മമായി, അഗാധമായി അവലോകനം ചെയ്യുന്നു ഇതിൽ. രണ്ടാംലോകമഹായുദ്ധകാലത്ത് തീരദേശത്തുണ്ടായ ക്ഷാമമാണ് സ്തോഭജനകമായ കഥയുടെ പശ്ചാത്തലം. കഥാനായികയുടെ പിതാവ് വ്യവസായരംഗത്തേക്ക് കടന്ന് ധനികനായെങ്കിലും ഭാര്യയുടെ ചികിത്സയ്ക്കു വേണ്ടി പണം ചിലവഴിച്ച് പാപ്പരായിത്തീർന്നു. ഒരു നേരത്തെ ആഹാരത്തി നുവഴിയില്ലാതെ ദിവസങ്ങളോളം പട്ടിണിയിലായിരുന്നു അച്ഛനും രണ്ടു പെൺമക്കളും. വിശപ്പടക്കാൻ വയ്യാതെ അയൽപക്കത്തെ വീട്ടിൽ നിന്ന് മോഷ്ടിച്ചെടുത്ത ഒരു ചട്ടിക്കഞ്ഞിയുമായി നടക്കുന്നതിനിടയിൽ അയാൾ തെരുവുനായയുടെ ആക്രമണത്തിൽ മരിച്ചു.

അച്ഛൻ മരിച്ചശേഷം മാധവിയും അനിയത്തിയും അനാഥരായി. പത്ര പ്രവർത്തകനായ രാമനാഥൻ എറണാകുളത്ത് തന്റെ താമസസ്ഥലത്തേക്ക് അവരെ കൂട്ടിക്കൊണ്ടുപോയി. അവിടെ പാൽക്കച്ചവടം നടത്തുന്ന വൃദ്ധ യുടെ വീട്ടിൽ താമസിപ്പിച്ചു. കഴിക്കാൻ നല്ല ആഹാരവും പുതിയ വസ്ത്രവും ലഭിച്ചപ്പോൾ അവൾ കൂടുതൽ സുന്ദരിയായി. പാൽ കൊടുക്കാൻ പോയ പ്പോൾ പരിചയപ്പെട്ട മുഹമ്മദുകുട്ടിയ്ക്കൊപ്പം അവൾ വീടുവിട്ടിറങ്ങി. മദ്രാ സിലെത്തിയ അവർ ഒരു ഹോട്ടലിൽ താമസിച്ചു. ജീവിതത്തെക്കുറിച്ച് ഒന്നും മനസ്സിലാക്കാത്ത പൊട്ടിപ്പെണ്ണായ അവൾ അയാളുടെ മാധുര്യം നിറഞ്ഞ വാക്കുകളിൽ വിശ്വസിച്ചു. കിഴവി കുറച്ചുദിവസം മുമ്പ് ഉപദേശിച്ചതൊന്നും അവൾ ചെവിക്കൊണ്ടില്ല. കല്ല്യാണത്തിന് പലരേയും ക്ഷണിക്കാനുള്ളതി നാൽ വരാൻ വൈകും എന്ന് അറിയിച്ച് അയാൾ പോയി. അവളുടെ കാത്തി രിപ്പ് വൃഥാവിലായി. അയാൾ തിരിച്ചു വന്നില്ല. മാധവി രാമനാഥനെ പരിച യപ്പെട്ടു. സ്ത്രീശരീരത്തെ ഉപഭോഗവസ്തുവായി ഉപയോഗിച്ച ശേഷം ഒഴി വാക്കുന്നതായിരുന്നു രാമനാഥന്റെ രീതി. മാധവി അയാൾക്ക് ഒരു ബാധ്യത യായി. പുതിയ ഇരയെക്കൊണ്ടുവന്ന് പണമുണ്ടാക്കാൻ അയാൾ ആഗ്രഹിച്ചു. മാധവി പലപ്പോഴും മദ്യലഹരിയിലാണ്. അല്ലാത്ത അവസരത്തിലെല്ലാം അത്യധികം ദുഃഖത്തിലായിരിക്കും. രാമനാഥനെക്കാണുമ്പോൾ അവളുടെ മുഖത്ത് അവജ്ഞയും കോപവും നിറയും. അതുകാണുമ്പോൾ അയാൾ അവൾക്ക് വീണ്ടും മദ്യം നൽകും. ബോധമില്ലാതാകുമ്പോൾ അയാൾ പുറ ത്തുപോകും. അസമയങ്ങളിൽ പല ആളുകൾ കടന്നുവരും. ഇങ്ങനെ മാസ ങ്ങൾ കഴിഞ്ഞു.

ജീവിതത്തിന്റെ ഒരു ഘട്ടത്തിൽവച്ച് മാധവിയ്ക്ക് വീണ്ടുവിചാരമു ണ്ടായി. ഒരു ചോദ്യം മാത്രം മനസ്സിലുണ്ട്. എന്തിനു ജീവിക്കുന്നു. ഉത്തരം അവൾ തന്നെ പറഞ്ഞു. സുഖിക്കാനാണ് ജീവിക്കുന്നത്. സുഖിച്ചു എന്നു പറയാൻ സാധിക്കുമോ. ദാരിദ്ര്യത്തിൽ കഴിഞ്ഞ അനേകം നാളുകൾ. ഭക്ഷണം മോഷ്ടിച്ചുകൊണ്ടുവരുന്നവഴി മരണത്തിനിരയായ അച്ഛൻ.

ക്ഷീണിതയായ സഹോദരി. എല്ലാം അവൾ ഓർത്തു: എന്താണ് ജീവിത സുഖം. നല്ല ആഹാരം, വസ്ത്രം, പണം, ഇതൊക്കെയാണെങ്കിൽ, കുറച്ചു കാലമായി അതെല്ലാം ഉണ്ടായിരുന്നു. പക്ഷെ മനഃസുഖം എന്നൊന്ന് ഇല്ലാതായിരിക്കുന്നു. സുഖത്തെത്തേടി വന്നവൾക്ക് സുഖത്തോട് വെറുപ്പുണ്ടായിരിക്കുന്നു. നാട്ടിൽപ്പോകണമെന്ന ആഗ്രഹമുണ്ടായി. രാമനാഥൻ പുതിയ കച്ചവടക്കാരനെയും കൊണ്ട് എത്തി. അവൾ സമ്മതിക്കാതെ അയാളെ പുറത്താക്കി. കൈയ്യിൽക്കിട്ടിയ പണവുമായി അവൾ നാട്ടിലെത്തി. വസൂരിരോഗം വന്ന് അനേകനാൾ കിടപ്പിലായി. അനിയത്തിയെക്കണ്ട് അവൾ തിരിച്ചു പോകുന്നു.

സാമ്പത്തികപരാധീനതയിൽപ്പെട്ട് തകർന്നടിഞ്ഞ അച്ഛന്റെ അവസ്ഥ കണ്ടാവാം മാധവി പണമുണ്ടാക്കണം എന്ന് ചിന്തിച്ചത്. സ്ത്രീയെ പുരുഷന്റെ ഭോഗോപകരണമായി പരിഗണിക്കുകയും അവൾക്ക് വ്യക്തിസ്വാതന്ത്ര്യവും ചിന്താസ്വാതന്ത്ര്യവും നിഷേധിക്കുകയും ചെയ്യുന്ന സമൂഹത്തോടുള്ള പ്രതികരണമാണ് മാധവിയിലുള്ളത്. യഥാർത്ഥജീവിതത്തിൽ സാമ്പത്തിക പരാധീനതകൾ സ്ത്രീയെ സ്വാർത്ഥമതിയോ ത്യാഗിനിയോ അതുമല്ലെങ്കിൽ കർത്തവ്യബോധമുള്ളവളോ ആക്കിത്തീർക്കുമെന്നാണ് കേശവദേവിന്റെ ദർശനം.[16] എന്നാൽ ഇതിൽ നിന്നു ഭിന്നമാണ് മാധവിയുടെ സ്വഭാവം. അവൾ സ്വന്തം ശരീരത്തെയാണ് ധനസമ്പാദനമാർഗ്ഗമായിക്കാണുന്നത്. ശരീരത്തിനുമേലുള്ള അധികാരം ഫലപ്രദമായി ഉപയോഗിക്കുകയാണവൾ. ഇതിനെ പ്രായത്തിന്റെ ചാപല്യമായിക്കരുതി തള്ളിക്കളയാനാകില്ല. മുഹമ്മദ്കുട്ടിയോടുള്ള ഇഷ്ടം അവളുടെ ശരീരത്തിൻ മേൽ അധികാരം പ്രയോഗിക്കാനുള്ള അവസരമായിമാറുമ്പോൾ അവൾ പരാജയപ്പെടുന്നു. കുറച്ചുദിവസം കഴിഞ്ഞപ്പോൾ അവൻ മടുത്ത് പിൻമാറുകയും പുതിയ ഇരകളെ അന്വേഷിക്കുകയും ചെയ്യുന്നു. അവൻ നടത്തുന്ന ലൈംഗികചൂഷണത്തിനെതിരെ–അത് ചൂഷണമാണെന്നവൾ മനസ്സിലാക്കിയിരുന്നില്ല– അവൾ പ്രതികരിക്കുന്നില്ല. ജീവിതം ആഘോഷമാക്കാനുള്ള ശ്രമത്തിലായിരുന്നു. തന്റെ

ജീവിതത്തിനു മേൽ തീരുമാനമെടുക്കാനുള്ള അധികാരം അവൾ അവനു നൽകുന്നു. അതുകൊണ്ടാണ് പഴയതുപോലെ ഉടമ്പടി പ്രകാരം രാമനാഥന് മാധവിയെ കൈമാറുന്നത്. അവൻ നൽകിയിട്ടുപോയ പ്രലോഭനങ്ങൾ വിശ്വസിച്ചു കാത്തിരിക്കുന്ന ഒരു സാധാരണ പെണ്ണായി അവൾ മാറുന്നു. എന്നാൽ രാമനാഥനാകട്ടെ മദ്യത്തിന്റെ പിൻബലമില്ലാതെ അവളെ കീഴ്പ്പെടുത്താനാകുന്നില്ല. ബോധാവസ്ഥയെ ഇല്ലാതാക്കാൻ അയാൾ അവൾക്ക് തുടർച്ചയായി മദ്യം നൽകുന്നു. അവളിൽ അധികാരം പ്രയോഗിച്ച് കീഴ്പ്പെടുത്തിക്കൊണ്ടുപോകാൻ ദിവസവും മദ്യം ഉപയോഗിക്കേണ്ടിവരുന്നു. ഇവിടെ അധികാരം സവിശേഷമായ ഒരു തലത്തിലെത്തുന്നു. അധികാരവിനിയോഗത്തിന് ഒരു പ്രവർത്തകന്റേയോ കർത്താവിന്റെയോ മറ്റു ചില വ്യക്തികളുടേയോ സാന്നിധ്യം അനിവാര്യമാണ്.[17]

ദിവസവും ഇത് ആവർത്തിക്കുന്നു. ബോധാവസ്ഥയിലെത്തുമ്പോഴാണ് തന്റെ സ്ത്രീത്വം വില്പനച്ചരക്കായി മാറി എന്നവൾ മനസ്സിലാക്കുന്നത്. അപ്പോഴുണ്ടാകുന്ന നഷ്ടബോധവും വേദനയും അവളുടെ സമനില തെറ്റിക്കുന്നു. രാമനാഥന്റെ കീഴിൽ ലൈംഗികാടിമത്തത്തിൽ കഴിയുമ്പോൾ അവൻ നടത്തുന്ന ചൂഷണത്തിനെതിരേ അവൾ സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്നു. ആ സ്വാതന്ത്ര്യചിന്തയാണ് സഹോദരിയുടെ അടുത്തുപോകുവാൻ അവളെ പ്രേരിപ്പിക്കുന്നത്. ആശ്രയം അവിടെയുണ്ടാകുമെന്ന് അവൾ കരുതുന്നു.

അധികാരപ്രയോഗത്തിലൂടെ വ്യക്തിയെ വസ്തുവത്ക്കരിക്കാനും വിധേയപ്പെടുത്താനുമുള്ള ശ്രമം നടക്കുന്നു [18] എന്ന ഫൂക്കോയുടെ സിദ്ധാന്തം അയൽക്കാരിലെ രണ്ടു കഥാപാത്രങ്ങളിൽ വെളിവാകുന്നു. പത്മനാഭപിള്ള ക്കാരണവർ ജയിലിലാകുമ്പോൾ സഹോദരി സുമതിയമ്മ മകന് ഫീസടയ്ക്കാൻ പണമില്ലാതെ ഞെരുങ്ങുന്നു. കള്ളനെന്നു പേരുനേടി നാട്ടിൽ നിന്നും ഓടിപ്പോയി വർഷങ്ങൾക്കുശേഷം തിരിച്ചുവന്നിരിക്കുകയാണ് കുട്ടപ്പണിക്കർ. തന്റെ കൈയ്യിലുള്ള പണം മറ്റുള്ളവർക്ക് ആവശ്യമാണെന്നറിയുന്ന അയാൾ

അതുവച്ച് അവരുടെയൊക്കെ പരിഗണന നേടാൻ ശ്രമിക്കുന്നു. പ്രത്യേകിച്ചും അവിവാഹിതകളോ വിധവകളോ ആയ സ്ത്രീകളുടെ. പലരോടും അയാൾ വിവാഹാഭ്യർത്ഥന നടത്തി പലതവണ സുമതിയമ്മയെ അയാൾ വശീകരിക്കാൻ ശ്രമിച്ചതാണ്. പണംവച്ചുള്ള പ്രലോഭനത്തിൽ ഉൾപ്പെടാനോ അയാളുടെ ഇംഗിതത്തിന് വശംവദയാകാനോ അവർ നിന്നു കൊടുത്തില്ല. ഇതിനിടയിലാണ് നാട്ടിൽ ഉഷ്ണപ്പുണ്ണ് പിടിച്ചിരിക്കുന്നു എന്ന വാർത്ത പരന്നത്. വിദേശത്തുനിന്നും ആയിടെ നാട്ടിലെത്തിയത് കുട്ടപ്പണിക്കരായതിനാൽ സ്വാഭാവികമായും നാട്ടുകാരുടെ സംശയമെല്ലാം അയാളിലായിരുന്നു. എന്നാൽ ഇതറിഞ്ഞിട്ടും ഒടുവിൽ അയാളുടെ വരുതിയിലായി സുമതിയമ്മ. മകൻ രാമചന്ദ്രന്റെ തുടർപഠനത്തിന് പണമില്ലാതെ ബുദ്ധിമുട്ടിയപ്പോൾ മുന്നിൽക്കണ്ട മാർഗ്ഗം കുട്ടപ്പണിക്കരുടെ ഇംഗിതത്തിനു വഴങ്ങുക എന്നതായിരുന്നു. മകന്റെ പഠിക്കാനുള്ള കഴിവും ആഗ്രഹവും അവരെ അത്തരം ഒരു തീരുമാനത്തിലെത്തിച്ചു. തന്റെ ശാരീരികാവശ്യം നടത്തുക എന്നതിനേക്കാൾ പണമായിരുന്നു അവരുടെ ലക്ഷ്യം. ആത്മത്യാഗത്തിലൂടെ സാമ്പത്തികാവശ്യങ്ങൾ നിർവ്വഹിക്കുകയായിരുന്നു സുമതിയമ്മ.[19]

മകനുവേണ്ടി അറിഞ്ഞുകൊണ്ട് രോഗം ഏറ്റുവാങ്ങി ദുരിതജീവിതം അനുഭവിച്ചു തീർക്കുകയാണ് അവർ. പണം സുമതിയമ്മയിൽ അധികാരം പ്രയോഗിക്കാൻ കുട്ടപ്പണിക്കർക്ക് അനുവാദം നൽകുന്നു. നാട്ടിലുള്ള പല സ്ത്രീകളിലും അധികാരം പ്രയോഗിക്കാൻ അയാൾ പണം ഉപയോഗിക്കുന്നു. കുട്ടപ്പണിക്കർ അങ്ങനെ അധികാരത്തിന്റെ വാഹകനായിത്തീരുന്നു. അധികാരത്തിന്റെ മനുഷ്യത്വരഹിതമായ യാന്ത്രികസ്വഭാവത്തിന് ഇരയായിത്തീരുന്നു സുമതിയമ്മ. സാമൂഹ്യജീവിതയഥാർത്ഥ്യങ്ങൾ ആവിഷ്ക്കരിക്കാൻ നിയതസ്വഭാവികളായ മനുഷ്യരുടെ കഥകൾ അവതരിപ്പിക്കുകയാണിവിടെ കേശവദേവ്. രക്ഷപ്പെടുക എന്നും നിലനിൽക്കുക എന്നുമുള്ള ആവശ്യങ്ങളാണ് അധികാരത്തിൽ നിന്ന് വിട്ടുമാറാതെ നിൽക്കാൻ മനുഷ്യനെ

പ്രേരിപ്പിക്കുന്നത്.[20] മകന്റെ ഭാവിയുടെ കാര്യം ചിന്തിക്കുമ്പോൾ സുമതിയമ്മ നിവൃത്തിയില്ലാതെ അഹിതം പ്രവർത്തിക്കുകയാണ്.

പണംകൊണ്ട് നേടിയ കുട്ടപ്പണിക്കരുടെ അധികാരം അയാളിൽനിന്ന് സമൂഹത്തിന്റെ വിവിധകേന്ദ്രങ്ങളിലേക്ക് വ്യാപിക്കുന്നതാണ് കാണാൻ സാധിക്കുന്നത്. ഓരോ ഇടത്തും അയാൾ പ്രവർത്തിക്കുമ്പോൾ അധികാരത്തിന്റെ പിന്നിൽ ഒളിഞ്ഞിരിക്കുന്ന ലൈംഗികസാന്നിധ്യമാണ് വെളിപ്പെടുന്നത്. അധികാരം സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കാനുള്ളതാണെന്നുകരുതിത്തന്നെ അയാൾ ഓരോ സ്ത്രീയേയും സമീപിക്കുന്നു. ഭീഷണിയുടെ സഹായമില്ലാതെ ആഗ്രഹിക്കുന്ന സ്ത്രീകളെ സ്വന്തം അധീനതയിൽ കൊണ്ടുവരാൻ വേണ്ടുന്ന അധികാരം പ്രവർത്തിക്കാൻ അയാൾക്കാകുന്നു. കുട്ടപ്പണിക്കരോടൊപ്പം നാട്ടിലെത്തിയ സിഫിലിസ് അയാൾക്കൊപ്പം കഴിയുന്ന സ്ത്രീകളിലൂടെ നാട്ടിലെങ്ങും വ്യാപിക്കുന്നു. അതുതന്നെ സുമതിയമ്മയേയും പിടികൂടുന്നു. സാമൂഹ്യശരീരത്തിനു പുറത്തുനിന്നുകൊണ്ട് പ്രവർത്തിക്കാതെ സമൂഹത്തിന്റെ എല്ലായിടങ്ങളിലും കടന്നുകയറി പ്രവർത്തിക്കാൻ പണം കുട്ടപ്പണിക്കർക്ക് അധികാരം നൽകുന്നു. കുറച്ചുകാലത്തേക്കെങ്കിലും അനുസരിപ്പിക്കുന്നവനായി ജീവിക്കാൻ ഈ അധികാരപ്രയോഗംകൊണ്ട് സാധിക്കുന്നു. അധികാരം പ്രയോഗിച്ചു തുടങ്ങുമ്പോൾ വിവിധവഴികളിലൂടെ ഇരകളിലേക്ക് അത് താഴ്ന്നിറങ്ങുന്നു. അത്തരത്തിലിറങ്ങുന്ന അധികാരപ്രയോഗം ഏറെനാൾ ഇരകളിൽ നിലനിൽക്കുകയും ചെയ്യുന്നു. അധികാരം പ്രയോഗിച്ച ആൾ പിൻമാറുമ്പോൾ ഇരകൾ സ്വതന്ത്രരാകുന്നു. അധികാരത്തിന്റെ ഈ സവിശേഷതയാണ് അനേകം ഇരകളെ അയാൾക്ക് നേടിക്കൊടുക്കുന്നത്. ഉത്പാദനശക്തികളുടെ പ്രത്യേക മുന്നേറ്റക്രമം സാധ്യമാക്കിക്കൊണ്ട് ഒരേ സമയം ഉത്പാദനവും വർഗ്ഗവാഴ്ചയും തമ്മിലുള്ള സംസർഗ്ഗം നിലനിർത്തുന്നത് അധികാരത്തിന്റെ പങ്കിലൂടെയാണെന്ന് ഇത് വ്യക്തമാക്കുന്നു.[21]

### ഗാർഹികാധികാരം

ഒരു വ്യക്തിയുടെ സ്വഭാവരൂപീകരണംനടക്കുന്നത് കുടുംബത്തിലാണ്. എല്ലാ സാമൂഹ്യസ്ഥാപനങ്ങളുടേയും അടിസ്ഥാനഘടന എന്ന നിലയിൽ കുടുംബത്തിന് വളരെ പ്രാധാന്യമുണ്ട്. സമൂഹത്തിന്റെ വികാസത്തിന്റേയും പരിണാമത്തിന്റേയും വ്യത്യസ്തഘട്ടങ്ങളിൽ കുടുംബം വ്യത്യസ്തധർമ്മങ്ങൾ നിർവ്വഹിക്കുന്നു. അവയിലേറ്റവും പ്രധാനം അംഗങ്ങളെ സാമൂഹ്യസംസ്കാരത്തിനനുസൃതമായി പരിശീലിപ്പിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നു എന്നതാണ്. അങ്ങനെ കുടുംബത്തിലെ അംഗങ്ങളെ സാമൂഹ്യവത്കരിക്കുന്നതിനോടൊപ്പം കുടുംബത്തിലെ സംസ്കാരം കാത്തുസൂക്ഷിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു.[22]

പ്രാചീനസമൂഹത്തിൽ സ്ത്രീയും അവളുടെ കുട്ടികളും അടങ്ങുന്നതായിരുന്നുവത്രേ കുടുംബം. അധികാരം കുടുംബത്തിൽ സ്ത്രീകൾക്കായിരുന്നു. പൊതുകാര്യങ്ങളിലെല്ലാം സ്ത്രീകൾക്കായിരുന്നു പ്രാധാന്യം. സ്ത്രീയായിരുന്നു കുടുംബം വളർത്തിക്കൊണ്ടുപോയിരുന്നത്. ഭർത്താവായി പുരുഷനെ കുടുംബത്തിലേക്ക് സ്വീകരിച്ചപ്പോഴും അവൾ ജീവിതം കെട്ടിപ്പടുത്തു. പക്ഷെ കാലംകഴിഞ്ഞപ്പോൾ കുടുംബത്തിന്റെ അധികാരം അവളിൽ നിന്ന് പുരുഷൻ പിടിച്ചെടുത്തു. സ്ത്രീകൾക്ക് അതോടെ സ്വാതന്ത്ര്യം നഷ്ടമായി. കുടുംബത്തിനകത്തും പുറത്തും അവൾ പുരുഷന്റെ തണലിലായി. മാതൃദായക്രമം പിതൃദായക്രമമായി മാറി. പിതാവിന്റെ സ്വത്തിനുള്ള അവകാശം സ്ത്രീയ്ക്ക് വിവാഹത്തോടെ അവസാനിക്കുന്ന അവസ്ഥവന്നതോടെ പിതൃദായക്രമം കൂടുതൽ ശക്തമായി. വിവാഹംവരെ പിതാവും യൗവ്വനത്തിൽ ഭർത്താവും വാർദ്ധക്യത്തിൽ പുത്രനും സംരക്ഷണമേറ്റെടുക്കുന്നതിനാൽ അവൾ സ്വതന്ത്ര്യമർഹിക്കുന്നില്ല[23] എന്നു വരുന്നു.

വിവാഹം, കുടുംബം തുടങ്ങിയ സാമൂഹ്യസ്ഥാപനങ്ങൾ ശക്തിപ്പെട്ടതോടെ ഒരു പുരുഷന് ഒരു ഭാര്യ എന്ന അവസ്ഥവന്നു. സ്ത്രീയ്ക്ക് കുടുംബ

ത്തിൽ അർഹിക്കുന്നസ്ഥാനം വരാൻ ഏകഭർത്തൃത്വം സഹായിച്ചു. സ്ത്രീകൾക്ക് വിദ്യാഭ്യാസം ലഭിച്ചതോടെ വൈജ്ഞാനികമേഖലകളിലും തത്വചിന്താമേഖലകളിലും അവൾക്ക് പ്രാവീണ്യം നേടാൻ സാധിച്ചു. പുരുഷന്റെ മനസ്സിൽ നിന്ന് യജമാനഭാവവും സ്ത്രീയുടെ മനസ്സിൽനിന്ന് അടിമത്തബോധവും മാറിയതോടെ സ്ത്രീകൾക്ക് കുടുംബത്തിൽ കൂടുതൽ അധികാരം ലഭിച്ചു. ആധുനികകാലത്ത് വിദ്യാഭ്യാസസമ്പന്നയും, തൊഴിൽമേഖലകളിൽ ഉയർന്നപദവികൾ അലങ്കരിക്കുന്നവളുമായി സ്ത്രീ മാറി. കുടുംബത്തിനകത്തും സാമൂഹ്യമേഖലകളിലും അധികാരം പങ്കുവയ്ക്കുന്ന അവസ്ഥ സംജാതമായി. സാമ്പത്തികതലങ്ങളിൽ പുരുഷനോടൊപ്പം പ്രവർത്തിച്ച് കുടുംബത്തിന്റെ അന്തസ് ഉയർത്തിപ്പിടിക്കാൻ സ്ത്രീകൾക്ക് കഴിയുന്നു. സ്വന്തം വ്യക്തിത്വത്തെക്കുറിച്ച് ചിന്തിക്കുന്നതിന് അത് സഹായമായി. തന്നിൽ സമൂഹം അടിച്ചേൽപ്പിച്ചിരിക്കുന്ന നിയന്ത്രണങ്ങളെക്കുറിച്ച് അവൾ ബോധവതിയായി. സ്ത്രീയും പുരുഷനും ദീർഘകരാറിന്റെ അടിസ്ഥാനത്തിൽ ഒരുമിച്ച് ജീവിക്കുന്ന അവസ്ഥ വന്നു. മനുഷ്യനെ ധർമ്മമാർഗ്ഗത്തിൽ നിന്നും വ്യതിചലിച്ചുപോകാതെ കാത്തുസൂക്ഷിക്കുന്നതും സാമൂഹികവും സാംസ്കാരികവുമായ സംരക്ഷണവലയത്തിൽ നിലനിർത്തുന്നതുമായ ഒരു ബന്ധമാണ്.[24] ഇവിടെ സ്ത്രീയ്ക്ക് തനിക്കുള്ള അധികാരം വിനിയോഗിക്കാനും തന്റെ സ്ഥാനം നഷ്ടപ്പെടാതെ സൂക്ഷിക്കാനും ഒരളവോളമെങ്കിലും കഴിയുന്നു.

കുടുംബത്തിൽ സ്ത്രീകൾക്കുള്ള അധികാരം മറ്റ് നവോത്ഥാനകാല നോവലിസ്റ്റുകളെപ്പോലെ ദേവും അംഗീകരിച്ചിട്ടുണ്ട്. കൂട്ടുകുടുംബവും, മരുമക്കത്തായ വ്യവസ്ഥിതിയുമാണ് ആദ്യകാലത്ത് കേരളത്തിലെ പല സമുദായങ്ങളിലും നിലനിന്നിരുന്നത്. അതിന്റെ പ്രതിഫലനം കേശവദേവിന്റെ നോവലുകളിലുണ്ട്. അധികാരം പങ്കുവയ്ക്കുന്ന കുടുംബബന്ധങ്ങൾ ചിത്രീകരിക്കുന്ന നോവലുകൾ അക്കാലത്ത് ഇല്ലായിരുന്നു. കുടുംബബന്ധത്തെക്കുറിച്ച് ദേവിന്റെ സങ്കല്പം വ്യക്തമാക്കുന്ന നോവലുകൾ താരതമ്യേന

കുറവാണ്. ചിലനോവലുകളിലെങ്കിലും പുരുഷമേധാവിത്വം പ്രകടമാണ്. സ്ത്രീകളെ നിസ്സാരീകരിക്കുന്ന സന്ദർഭങ്ങളും കാണാൻ കഴിയും. കുടുംബത്തിലും സമൂഹത്തിലും മാനസികവും ഭൗതികവുമായ അസമത്വം സ്ത്രീകൾ അനുഭവിച്ചിരുന്നു. എന്നാൽ ചില നോവലുകളിൽ അധികാര സ്ഥാനത്തുതന്നെ സ്ത്രീ കഥാപാത്രങ്ങളെ പ്രതിഷ്ഠിച്ചിട്ടുള്ളതും കാണാം. പുരുഷന്റെ നിഴലായി അവന്റെ തണലിൽ നിൽക്കാതെ സ്വതന്ത്രയായി, അഭിമാനം പണയപ്പെടുത്താതെ ജീവിച്ച സ്ത്രീകഥാപാത്രങ്ങളുമുണ്ട്.

സ്വാഭാവികമായ മാർഗ്ഗത്തിലൂടെ ഭർത്താവിനെ ധനസമ്പാദനത്തിനു സഹായിക്കുന്ന രണ്ടു സ്ത്രീകഥാപാത്രങ്ങളാണ് 'സ്വപ്ന'മെന്ന നോവലിലെ നാണിയും 'അയൽക്കാരി'ലെ സാറായും. ഒരു സാധാരണ വീട്ടമ്മയെന്ന നിലയിൽ ഭർത്താവിന്റെ പിന്നിൽ കഴിഞ്ഞിരുന്ന അവർ വൈലോപ്പിള്ളിയുടെ 'പടയാളികൾ' എന്ന കവിതയിൽ പറയും പോലെ

"കാന്തന്റെ തേരിൽ കടിഞ്ഞാൺ പിടിയ്ക്കുന്നു
താൻതന്നെ തേവിക്കൊടുക്കുമിപ്പെൺകൊടി"[25]

ഭർത്താവിന്റെ പ്രവർത്തനങ്ങളിൽ ഗൃഹനാഥ എന്ന അധികാരപദവി ഉപയോഗിച്ച് അവർ നല്ലൊരു ജീവിതാവസ്ഥയുണ്ടാക്കാൻ പരിശ്രമിച്ചു. ഇല്ലായ്മയിൽ നിന്നും ഉയർന്നുവരാൻ ഏറെ പരിശ്രമിക്കണമായിരുന്നു. ജീവിത സുഖങ്ങളെല്ലാം ഉപേക്ഷിച്ച് 'ഉറുമ്പ് അരിമണി സൂക്ഷിക്കുന്നതുപോലെ' കിട്ടുന്ന കാശ് സൂക്ഷിച്ചുവച്ച് ജീവിച്ചു. വിധേയത്വത്തിന്റെ പ്രതീകങ്ങളായ അവരിരുവരും ഭർത്താക്കൻമാരുടെ ആഗ്രഹം വളർത്തിയെടുക്കാൻ കൂടെ നിന്നു പരിശ്രമിച്ചു. ആദർശപരമായ ജീവിതം നയിക്കുന്നതിനിടയിൽ വ്യക്തി സ്വാതന്ത്ര്യത്തെക്കുറിച്ചോ ജീവിതസുഖത്തെക്കുറിച്ചോ ചിന്തിക്കുന്നില്ല. അധികാരമല്ല അനുസരണശീലമാണ് ഇവരെ നിർണ്ണയിക്കുന്നത്.

കുഞ്ഞുവറീതും കുഞ്ഞനും കൂടി കുടിൽകെട്ടുമ്പോൾ സാറായും മക്കളും മംഗലശ്ശേരിയിൽ ആയിരുന്നു. കുറ്റിക്കാടും കള്ളിമുള്ളും നിറഞ്ഞ, പാമ്പും പ്രേതബാധയുമുള്ള സ്ഥലത്ത് ആ കുടുംബം താമസമാക്കി. സാറാ

മംഗലശ്ശേരിയിൽ ഓലമെടഞ്ഞുകൊടുത്തു. എല്ലാവർക്കും ആഹാരവും കിട്ടി. പിറ്റേന്നു പകൽ മുതൽ കുഞ്ഞുവറീത് പുരയിടത്തിൽ അധ്വാനിക്കാൻ തുടങ്ങി. സാറായും നാലുമക്കളും മംഗലശ്ശേരിയിൽ സഹായിക്കാൻ പോകും. അവിടെ കണ്ണിൽകണ്ട ജോലിയെല്ലാം ചെയ്യും. രാവിലെ പഴങ്കഞ്ഞിയും ഉച്ചയ്ക്ക് ചോറും അവിടെനിന്നു കിട്ടും. ഉണങ്ങി വീഴുന്ന ഓലയും പശുക്കളുടെ ചാണകവും അടുപ്പിൽ നിന്നു വാരുന്ന ചാമ്പലും വൈകുന്നേരം കൊണ്ടുപോരും. പറമ്പിൽ നട്ട മരിച്ചീനിയ്ക്കു വളമായി ഇടാനാണ് ചാണകവും ചാമ്പലും. നെല്ലുകുത്തിക്കൊടുത്ത് ഉമിയും തവിടും നുറുക്കരിയും സാറ എടുക്കും. അത്താഴത്തിനുള്ള അരി സാറാ മംഗലശ്ശേരിയിൽ നിന്ന് ഉണ്ടാക്കിക്കൊള്ളും. ഓരോ ദിവസവും രാത്രി ഭർത്താവിന്റെ കാശുകുടുക്കയിൽ നിക്ഷേപിക്കാൻ എന്തെങ്കിലും ഉണ്ടാക്കിക്കൊടുത്തിരിക്കും.

പണം സൂക്ഷിച്ചുവയ്ക്കുന്നതിനൊപ്പം സാറാ ഒരു ചിട്ടിയിൽ ചേർന്നു. ചിട്ടികിട്ടിയ മുപ്പതുരൂപാ അവൾ കാശുകുടുക്കയിൽ നിക്ഷേപിച്ചു. പണം കൂട്ടിവച്ചിരുന്നത് മംഗലശ്ശേരിയിൽ ഏൽപ്പിച്ചു. അതിൽ നിന്നും ഈടുവാങ്ങിച്ച് കുഞ്ഞുവറീത് നിലങ്ങളും പുരയിടങ്ങളും സ്വന്തമാക്കി. പണം കൂടുന്നതിന്റെ അഹങ്കാരമൊന്നും സാറായെ ബാധിച്ചില്ല. മുഷിഞ്ഞുകീറിയ മുണ്ടും ചട്ടയും ധരിച്ചുകൊണ്ട് സാറാ മംഗലശ്ശേരിയിൽ പോകും. മുറ്റമടിക്കുകയും നെല്ലുകുത്തിക്കൊടുക്കുകയും ചെയ്യും. അവളും മക്കളും രാവിലെയും ഉച്ചയ്ക്കും അവിടുന്നുതന്നെ ആഹാരം കഴിക്കും. രാത്രിമാത്രമേ അടുപ്പിൽ തീ പുകയ്ക്കുകയുള്ളു. അതും ചെറിയ രീതിയിൽ ഉള്ള ഭക്ഷണംമാത്രം.

സാറാ മംഗലശ്ശേരിയിൽ ജോലി ചെയ്യുന്നതിനൊപ്പം അവൾ കോഴിയും ആടും വളർത്തി. മുട്ടയും ആട്ടിൻപാലും വിൽക്കുന്നതിനാൽ ദിവസവും മൂന്നുരൂപ കിട്ടും. മംഗലശ്ശേരിയിലെ കാരണവർക്ക് പണത്തിന് ആവശ്യം വന്നപ്പോൾ സാറായുടെ സ്വകാര്യസാമ്പാദ്യത്തിൽ നിന്നാണ്

കൊടുത്തത്. ഇരുനൂറുരൂപയോളം കുഞ്ഞുവറീത് കാണാതെ വച്ചിട്ടു ണ്ടായിരുന്നു. ഇതിനിടയിൽ സാറ ഒരു കുഞ്ഞിനുകൂടി ജന്മം നൽകി. ജോലി കൂടിയതിനാൽ മംഗലശ്ശേരിയിൽ സഹായിക്കാൻ പോകാറില്ല. രാവിലെ ഉണർന്നാൽ പാതിരാക്കോഴി കൂവുമ്പൊഴെ കിടക്കാൻ കഴിയൂ. ജോലിഭാരം ഓരോ ദിവസവും കൂടിക്കൂടിവന്നു. മംഗലശ്ശേരിയിൽ അനർത്ഥങ്ങൾ ഓരോന്നായി വന്നപ്പോഴും സാറായ്ക്ക് അവിടെപ്പോകാൻ സാധിച്ചില്ല. ഓരോ ദിവസവും പോകണമെന്നു കരുതിയെങ്കിലും നടക്കാത്തതിനാൽ പഴി തീർക്കാൻ കുഞ്ഞുവറീത് തനിയെ ഒന്നു കേറി തിരിച്ചുപോന്നു.

തന്റെ അധ്വാനശേഷികൂടി വിനിയോഗിച്ച് സമൂഹത്തിൽ ഉയർന്ന നിലയിലെത്താൻ സാറാ കുഞ്ഞുവറീതിനൊപ്പം നിന്നു. ജീവിതത്തിന്റെ രസകരമായ നിമിഷങ്ങളൊക്കെ അവർക്ക് അന്യമായിരുന്നു. അധ്വാനിക്കുക, ഓരോനിമിഷവും കഠിനമായി അധ്വാനിക്കുക എന്നതായിരുന്നു അവളുടെ സിദ്ധാന്തം. കഠിനമായ വേലകളിലൂടെ നിത്യം കടന്നുപോയിട്ടും അവൾ തളർന്നില്ല. ഭർത്താവിനൊപ്പം നിന്ന് ജീവിതവിജയം നേടി. അധികാരം ശക്തിയോ നിയമാധികാരനിയുക്തമായ പ്രവർത്തനശേഷിയോ അല്ല. എന്നാൽ ഇതു രണ്ടിനേയും സാധ്യമാക്കിത്തീർക്കാൻ അധികാരത്തിനു കഴിയും.[26]

കുഞ്ചുമേസ്തിരിയുടെ ഭാര്യയായ നാണി ഭർത്താവിന് എല്ലാ പിന്തു ണയും കൊടുത്ത് ഒപ്പം നിന്നു. ഒരു മോട്ടോർ വർക്ക്ഷോപ്പിലെ തൊഴിലാ ളിയായിരിക്കുമ്പോഴാണ് നാണിയെ മേസ്തിരി കല്ല്യാണം കഴിക്കുന്നത്. കുഞ്ചുമേസ്തിരി ഒരു മോട്ടോർ വർക്ക്ഷോപ്പിൽ പണിക്കാരനായി കയറി യതാണ്. മോട്ടോർ മെക്കാനിസം പഠിച്ച് അതിവിഗദ്ധനായ മെക്കാനിക്കായി. ഉടമസ്ഥനുമായി തെറ്റിപ്പിരിഞ്ഞ കുഞ്ചുമേസ്തിരിയെ നാണി ആശ്വസിപ്പിച്ചു. രണ്ടുപേരുംകൂടി ആലോചിച്ച് പുതിയൊരു വർക്ക്ഷോപ്പ് തുടങ്ങാമെന്ന് തീരു മാനിച്ചു. ഭർത്താവിന്റെ കഴിവുകളെക്കുറിച്ച് നാണിയ്ക്ക് മതിപ്പുണ്ടായിരുന്നു. വീടും പറമ്പും സ്വർണ്ണാഭരണങ്ങളും വിറ്റ് റോഡരുകിൽ സ്ഥലം വാടക

യ്ക്കെടുത്തു. അത്യാവശ്യമുള്ള പണിയായുധങ്ങളും വാങ്ങി വർക്ക്ഷോപ്പ് തുടങ്ങി. അതിനടുത്ത് കൊച്ചുവീട് വാടകയ്ക്കെടുത്തു താമസമാരംഭിച്ചു.

വർക്ക്ഷോപ്പിന്റെ അഭിവൃദ്ധി അത്ഭുതകരമായിരുന്നു. ആദ്യം കുഞ്ചു മേസ്തിരി മാത്രമായിരുന്നു ജോലിക്കാരൻ. വർഷങ്ങൾകഴിഞ്ഞപ്പോൾ ജോലിക്കാരുടെ എണ്ണം കൂടി. നാണി ഇതിനിടയിൽ രണ്ടുകുട്ടികളുടെ അമ്മയായി. ഭർത്താവിനെ ഒരു കാര്യത്തിലും ബുദ്ധിമുട്ടിക്കാതെ വീട്ടിലെ കാര്യങ്ങൾ ക്രമപ്പെടുത്തി. വർക്ക്ഷോപ്പ് ഇട്ടിരുന്ന പറമ്പും താമസിച്ചിരുന്ന വീടും പറമ്പും വിലയ്ക്കുവാങ്ങി. പുതിയകെട്ടിടവും വീടും പണിയിപ്പിച്ചു. നാണിയായിരുന്നു മേസ്തിരിയുടെ മാനേജരും ക്യാഷ്യറും. സാങ്കേതികജ്ഞാനംകൊണ്ടുള്ള മുഴുവൻ പ്രയത്നവും മേസ്തിരിയുടേതായിരുന്നുവെങ്കിലും ഒരു തൊഴിലാളിയെപ്പോലെയായിരുന്നു വർക്ക്ഷോപ്പിൽ കഴിഞ്ഞിരുന്നത്. ഭർത്താവിന്റെ പ്രയത്നം കൊണ്ടുണ്ടാവുന്ന പണം സമ്പാദിച്ചുവയ്ക്കേണ്ടതു തന്റെ കടമയാണെന്നു നാണി കരുതി. വർക്ക്ഷോപ്പിലെയും വീട്ടിലെയും സർവ്വാധിപതിയായിരുന്നു നാണി. ഭാര്യ ഇഷ്ടംപോലെ ചെയ്തോട്ടെ എന്ന മനോഭാവമായിരുന്നു മേസ്തിരിയുടേത്. കൈയ്യിൽ വരുന്ന പണമെല്ലാം ഭാര്യയെ ഏൽപ്പിച്ചാൽ മേസ്തിരിയുടെ ചുമതല കഴിഞ്ഞു. ഭാര്യയിൽ അമിതമായ വിശ്വാസം അയാൾക്കുണ്ടായിരുന്നു.

കുടുംബത്തിലെ കാര്യങ്ങൾ നോക്കുന്നതിനും ഭർത്താവിനെ നന്നായി പരിചരിക്കാനും നാണി ശ്രദ്ധിച്ചു. അയാൾക്കിഷ്ടമുള്ള ഭക്ഷണം നാണി തന്നെ ഉണ്ടാക്കിക്കൊടുക്കും. മേസ്തിരി കഴിക്കുമ്പോൾ നാണികൂടെയിരിക്കും. ഭർത്താവിനുള്ള ഭക്ഷണം തയ്യാറാക്കി എന്നും വർക്ക്ഷോപ്പിൽ കൊണ്ടുകൊടുക്കും. ഭർത്താവിന്റെ അപ്രതീക്ഷിതമരണം നാണിയെ തളർത്തി. ചിരിക്കാതെ, സംസാരിക്കാതെ ഓരേ ഇരിപ്പിരിക്കുന്ന നാണി. ഭർത്താവ് മരിച്ച ശേഷം പണത്തെക്കുറിച്ചോ സമ്പാദ്യത്തെക്കുറിച്ചോ അന്വേഷിച്ചില്ല. ഭർത്താവിന്റെ തണൽ നിത്യമായി നഷ്ടപ്പെട്ടപ്പോൾ ആ അധികാരസ്ഥാനം തനിക്കേറ്റവും പ്രിയപ്പെട്ടതാണെന്ന് നാണി തിരിച്ചറിഞ്ഞു. മേസ്തിരി എല്ലാ

അധികാരവും ഭാര്യയ്ക്കു നൽകിയെങ്കിലും നാണി അതൊന്നും ഉൾക്കൊണ്ട് അനുഭവിക്കുവാൻ ഇഷ്ടപ്പെട്ടില്ല.

ഭാര്യയുടെ പ്രോത്സാഹനവും സഹായവും സഹകരണവുംകൊണ്ട് ഉയർന്നവരാണ് കുഞ്ഞുവറീതും കുഞ്ചുമേസ്തിരിയും. സാറായെപ്പോലെ നാണിയും ഭർത്താവിന്റെ അധികാരരീതികളോട് പൊരുത്തപ്പെട്ടു ജീവിച്ചു. ഭാര്യയുടെ കഴിവിൽ വിശ്വാസവും അഭിമാനവുമുള്ള ഭർത്താക്കൻമാരായിരുന്നു അവർ. ഭാര്യയുമായി അധികാരം പങ്കിട്ടു പ്രവർത്തിക്കുമ്പോൾ അത് ഉയർച്ചയ്ക്ക് കാരണമാകുമെന്നവർ കരുതി. ഭർത്താവിനെ ദൈവത്തേപ്പോലെ സ്നേഹിച്ച നാണി പരസ്പരവിശ്വാസത്തോടെ എല്ലാം ചെയ്തു. സാറായാകട്ടെ ഭർത്താവിന്റെ ഇഷ്ടങ്ങളറിഞ്ഞ് മനസ്സുകൊടുത്തു പ്രവർത്തിക്കുകയാണ്. ഇല്ലായ്മയിൽ 'മുണ്ടുമുറുക്കിയുടുത്ത്' ജീവിച്ചു. സാറാ കുഞ്ഞുവറീതിനെ സഹായിച്ചു. ഗാർഹികാന്തരീക്ഷത്തിൽ ഒതുങ്ങിനിൽക്കാതെ ഭർത്താവിനൊപ്പം നിന്നു പ്രവർത്തിച്ചവരാണ് നാണിയും സാറായും. അധികാര പ്രാപ്തികൊണ്ട് അർത്ഥമാക്കുന്നത് വ്യക്തികളുടേയോ സാഹചര്യങ്ങളുടേയോ പെരുമാറ്റരീതിയെ നേരെയാക്കാനും ലക്ഷ്യസ്ഥാനത്തേക്ക് നയിക്കാനുമുള്ള കഴിവാണ്.[27] മാക്ലെവർ അധികാരത്തെ വിശേഷിപ്പിക്കുന്നത് ഇപ്രകാരമാണ്. സാറായുടേയും നാണിയുടേയും സന്ദർഭോചിതമായ പെരുമാറ്റ രീതി കുടുംബത്തിന്റെ സാമ്പത്തികാടിസ്ഥാനം ഉയർത്തി ലക്ഷ്യസ്ഥാനത്തെത്താൻ സഹായകമാകുന്നു.

ഗാർഹികാന്തരീക്ഷത്തിൽ കഴിയുന്ന സാധാരണക്കാരായ വീട്ടമ്മമാർക്ക് ലഭിച്ച അധികാരസ്ഥാനത്തെ തങ്ങളുടെ പ്രാപ്തിയ്ക്കനുസരിച്ച് ക്രമീകരിക്കാൻ കഴിയുന്നു. അവർ ആഗ്രഹിക്കുന്ന രീതിയിൽ മറ്റുള്ളവരുടെ പ്രവർത്തനത്തെ നിയന്ത്രിച്ച് കൊണ്ടുപോകാനും അധികാര പ്രയോഗം കൊണ്ട് സാധിക്കുന്നു. ഭർത്താക്കന്മാരുടെ നിശ്ശബ്ദപിന്തുണ ഇരുവർക്കും ലഭിക്കുന്നുണ്ട്. മാനസികമായും ശാരീരികമായും അധികാരപ്രയോഗത്തിന്

അവർ പ്രാപ്തരായിരുന്നു. മറ്റുള്ളവരെ തങ്ങളുടെ അധികാരകേന്ദ്രത്തിനു കീഴിലാക്കാതെ, അവരുടെ രീതിയ്ക്കനുസരിച്ച് അധികാരം പ്രയോഗിക്കുക യായിരുന്നു സാറായും നാണിയും. അധികാരത്തിന്റെ നിയന്ത്രണത്തിൽ മറ്റു ള്ളവരുടെ ജീവിതം ദുസ്സഹമാക്കാതെയാണ് അവർ അധികാരപ്രയോഗം നട ത്തിയത്.

കേരളത്തിലെ കമ്മ്യൂണിസത്തിന്റെ വളർച്ചയുടെ പശ്ചാത്തലത്തിൽ രചിച്ച 'സഖാവ് കാരോട്ട് കാരണവരി'ൽ കുടിലബുദ്ധിക്കാരനായ ഒരു കാര ണവരുടെ കഥ പറയുന്നു.[28] രാഷ്ട്രീയപാർട്ടികളുടെ വഞ്ചനയേയും തട്ടിപ്പു കളേയും പരിഹാസപൂർവ്വം വിമർശിക്കുന്ന ഈ നോവലിലെ പ്രധാന സ്ത്രീക ഥാപാത്രം കാരണവരുടെ മകൾ സുശീലയാണ്. സ്വയം ചിന്തിക്കാതെ കാര ണവരുടെ കുടിലതന്ത്രങ്ങൾക്ക് അറിയാതെ വശപ്പെടുകയാണ് അവൾ. വിവാ ഹപ്രായമെത്തിയ മകളെ മുൻനിർത്തിയാണ് ഒരു ഘട്ടത്തിൽ അയാൾ ശത്രു ക്കളെ വെട്ടിനിരത്തുന്നത്. കാരണവരുടെ രീതിയെ പ്രാരംഭത്തിൽ എതിർത്ത വരാണ് വിശ്വവന്ദ്യനും സഖാവ് വെള്ളൂരും. തന്റെ പ്രവർത്തനങ്ങളെയെല്ലാം എതിർക്കുന്നതിൽ മുന്നിൽ നിൽക്കുന്നത് വെള്ളൂരാണെന്ന് മനസ്സിലാക്കിയ കാരണവർ തന്ത്രപൂർവ്വം പെരുമാറുന്നു. മകളെ പൊതു പ്രവർത്തനത്തി നായി രാഷ്ട്രീയ പ്രവർത്തകർക്കൊപ്പം വിടുന്നു. അച്ഛന്റെ തണലിൽ മാത്രം കഴിഞ്ഞിരുന്ന സുശീലയാകട്ടെ മറ്റൊന്നും ചിന്തിക്കാതെ എല്ലാക്കാര്യങ്ങളും അനുസരിക്കുന്നു. കാരണവരുടെ അധികാരപദവി വിശാലമാകുമ്പോൾ അവൾ അതിലുൾപ്പെട്ട് സ.വെള്ളൂരിന്റെ പ്രവർത്തനങ്ങളിൽ ആത്മാർത്ഥ മായി പങ്കെടുക്കുന്നു. അധികാരത്തിന്റെ ഒരു സവിശേഷഭാവമാണിവിടെ വെളിപ്പെടുന്നത്. അധികാരശക്തിക്ക് വിധേയരാകുവാൻ വ്യക്തിയെ അനു ശീലിപ്പിക്കുമ്പോൾ വ്യക്തി അതിനനുസരിച്ച് പെരുമാറുന്നു. തൻമൂലം സുശീല കാരണവരുടെ തീരുമാനങ്ങൾക്കൊത്ത് പ്രവർത്തിക്കുന്നു. കാരണ വരാകട്ടെ സ്വന്തം വസ്തുവിൽ നിന്ന് ആൾക്കാരെ ഒഴിപ്പിച്ചശേഷം രാഷ്ട്രീയ പ്രവർത്തനത്തിൽനിന്ന് വിട്ടുനിൽക്കുന്നു. സഖാവ് വെള്ളൂരും വിശ്വവന്ദ്യനും

അവളെ വിവാഹം കഴിക്കാൻ ആഗ്രഹിച്ചു. ഇരുവരും തങ്ങളോടാണ് അവൾക്ക് പ്രേമമെന്ന് വിശ്വസിക്കുകയും ചെയ്യുന്നു. ഒരു ഘട്ടത്തിൽ സുശീലയോട് ഇതേക്കുറിച്ച് ചോദിക്കുമ്പോൾ അവൾ ഒഴിഞ്ഞുമാറുകയാണ് ചെയ്യുന്നത്. വിവാഹം കഴിക്കുകയാണെങ്കിൽ അത് അച്ഛൻ പറയുന്ന ആളിനെ ആയി രിക്കും എന്നവൾ മറുപടി കൊടുക്കുന്നു. ഗാർഹികാന്തരീക്ഷത്തിൽ ഒട്ടും തന്നെ സ്വാതന്ത്ര്യമില്ലാത്ത ഒരു സാധാരണ പെൺകുട്ടിയുടെ പ്രതിനിധി യായി മാറുകയാണ് സുശീല. ഒടുവിൽ സഖാവ് ഗോപാലൻ നായർക്ക് വിവാഹം കഴിച്ചുകൊടുക്കാൻ കാരണവർ തീരുമാനിക്കുമ്പോൾ അവൾ അതിനു സമ്മതം അറിയിക്കുന്നു.

അധികാരത്തിന്റെ സമഗ്രമായ കാവലിലും പരീക്ഷകളിലും കൂടി വ്യക്തിയെ അനുസരണയുള്ളവനാക്കിത്തീർക്കാം.[29] സമൂഹശരീരത്തിൽ പ്രവർത്തിക്കുന്ന അധികാരശക്തി ആവശ്യപ്പെടുന്ന രീതിയിൽ പ്രതികരി ക്കാൻ വ്യക്തിയെ പരിശീലിപ്പിക്കുന്നു. അധികാരത്തിന്റെ നിരീക്ഷണത്തിലും കാവലിലുമാണ് കഴിയുന്നതെന്ന തോന്നൽ സൃഷ്ടിക്കുകവഴി അധികാരശ ക്തിയുടെ പൂർണ്ണനിയന്ത്രണത്തിൽ കഴിയാൻ സുശീല തയ്യാറാകുന്നു. കാര ണവരുടെ അധികാരശക്തിയുടെ പിന്നിൽ വിധേയത്വത്തോടെ കഴിഞ്ഞ വളാണ് സുശീല. ജീവിതത്തിന്റെ പല സുപ്രധാനഘട്ടങ്ങളിലും സ്വന്തമായ തീരുമാനം എടുക്കുന്നില്ല. കാരണവരുടെ നിയന്ത്രണത്തിൽ മെച്ചപ്പെട്ട ജീവി തമാണ് അവൾ നയിക്കുന്നത്. അടിമത്താവസ്ഥ അവിടെക്കാണാൻ കഴിയു ന്നില്ല. എന്നാൽ വ്യക്തിയെ വിധേയനാക്കാൻ അദൃശ്യമായ അധികാരപ്ര യോഗത്തിലൂടെ സാധിക്കുമെന്ന് സുശീല എന്ന കഥാപാത്രം മനസ്സിലാക്കി ത്തരുന്നു. അവളുടെ ഇഷ്ടവും ഇഷ്ടക്കേടുമൊക്കെ തീരുമാനിക്കുന്നത് കാര ണവരുടെ അധികാരത്തിന്റെ താത്പര്യങ്ങളാണ്.

'അയൽക്കാരി'ൽ ഗാർഹികാധികാരം പിന്തുടരുന്നത് ദേവകിയ മ്മയാണ്. മംഗലശ്ശേരിയിൽ നിന്ന് പച്ചാഴിയിലെ കാരണവൻമാർക്ക്

സംബന്ധം ചെയ്യാൻ കഴിയാത്തതിലുള്ള ഏറെ പഴക്കം ചെന്ന വാശി സ്വന്തം ജീവിതംകൊണ്ട് തീർക്കുകയായിരുന്നു ദേവകിയമ്മ. കുഞ്ഞന്റെ എതിർപ്പിനെ വകവയ്ക്കാതെ കാരണവർ ദേവകിയമ്മയെ സംബന്ധം ചെയ്തു. കാരണവരുടെ ഭാര്യയായി മംഗലശ്ശേരിയിലെത്തി അവർ ഭരണം തുടങ്ങി. മുൻകാരണവത്തിമാർ പൂമുഖത്തു ചെന്നിരുന്നു ഭരണം നടത്തിയിട്ടില്ല. പക്ഷെ അവർ എപ്പോഴും പൂമുഖത്തുതന്നെ ആയിരിക്കും. കാരണവർക്ക് അതൊന്നും ഇഷ്ടമല്ലെങ്കിലും ഭാര്യയെ നിയന്ത്രിക്കാനുള്ള ധൈര്യമുണ്ടായില്ല. മംഗലശ്ശേരിയിലെ നിലങ്ങളുടേയും പുരയിടങ്ങളുടെയും പൂർണ്ണവിവരങ്ങൾ മനസ്സിലാക്കി ചെലവിനങ്ങളിൽ കർശനനിയന്ത്രണങ്ങൾ നിർദ്ദേശിച്ചു. കുഞ്ഞന്റെ മേൽ പ്രത്യേക നിയന്ത്രണം ഏർപ്പെടുത്തി. ഭർത്താവിന്റെ സഹോദരിമാർക്ക് എന്തൊക്കെ ആവശ്യമുണ്ടെന്നും ആവശ്യമില്ലെന്നും തീരുമാനിക്കാനുള്ള അവകാശം അവർ ഏറ്റെടുത്തു. അതൊക്കെ കുഞ്ഞൻ അറിയാതിരിക്കാനും അവൾ ശ്രദ്ധിച്ചു.

ഇതിനിടയിൽ ദേവകിയമ്മയുടെ ദുർന്നടപ്പുകാരായ സഹോദരങ്ങളെക്കൊണ്ട് കാരണവരുടെ സഹോദരിമാരെ വിവാഹം ചെയ്യിക്കാനുള്ള ശ്രമവും തുടങ്ങി. അതിനുവേണ്ടി അവർ പല ന്യായങ്ങളും നിരത്തി. വല്ലയിടത്തുനിന്നും വന്നവരെക്കൊണ്ടൊക്കെ സംബന്ധം ചെയ്യിച്ചാൽ അവരൊക്കെ കേറി ഭരണം നടത്തി തറവാട് മുടിക്കും. രാപ്പകലില്ലാതെ തർക്കിക്കുകയും ഉപദേശിക്കുകയും ചെയ്ത് ഒടുവിൽ കാരണവർക്ക് തീരുമാനിക്കേണ്ടിവന്നു. കുഞ്ഞന് അനിഷ്ടമുണ്ടായതിനാൽ കാരണവരോട് അതേപ്പറ്റി ചോദിക്കുകയും ചെയ്തു. ദേവകിയ്ക്ക് വാക്കുകൊടുത്തുപോയി എന്നു പറഞ്ഞ് കാരണവർ ഒഴിഞ്ഞുമാറി. കുഞ്ഞൻ കാരണവരുടെ സഹോദരിമാരോട് സംസാരിച്ചു. 'ചേട്ടൻ വാക്കുകൊടുത്താൽ തെറ്റിക്കണ്ടാ, ചേട്ടന് കുറച്ചിലാ. അത് നടക്കണം'. എന്നാൽ സുമതിയമ്മ മാത്രം അതിൽനിന്നു വിട്ടുനിന്നു. വിവാഹം നടന്നതോടെ ദേവകിയമ്മയ്ക്ക് മംഗലശ്ശേരിയിൽ കൂടുതൽ അധികാരം ലഭിച്ചു.

മംഗലശ്ശേരിക്കാരുമായുള്ള സംബന്ധത്തിനു ശേഷം കുറെനാൾ ദേവകിയമ്മയുടെ സഹോദരങ്ങൾ മര്യാദക്കാരായി കഴിഞ്ഞു. കിടപ്പും ഭക്ഷണവുമെല്ലാം മംഗലശ്ശേരിയിലായി. പഴതുപോലെ മദ്യപാനത്തിനു പണംകണ്ടെത്താൻ ശ്രമം തുടങ്ങി. പച്ചാഴിയിലെ പുരയിടങ്ങളും നിലങ്ങളും ശൂന്യമായി. പണം ലഭിക്കാതെ വന്നപ്പോൾ അവർ ഭാര്യമാരുടെ സ്വകാര്യ സമ്പാദ്യങ്ങളും ആഭരണങ്ങളും വാങ്ങി. ഇതറിഞ്ഞ കാരണവർ സഹോദരീ ഭർത്താക്കന്മാരെ തറവാട്ടിൽ നിന്ന് ഇറക്കിവിട്ടു. സഹോദരങ്ങളുടെ അഭാവം ദേവകിയമ്മയുടെ ഭരണത്തിന് മാറ്റമുണ്ടാക്കിയില്ല. അവർ കാരണവരുമായി വഴക്കിട്ട് മകനേയുംകൊണ്ട് സ്വന്തം തറവാട്ടിലേക്ക് മടങ്ങി. മംഗലശ്ശേരിയിൽ നിന്നുള്ള മടക്കം അവരുടെ നാശത്തിന്റെ ആരംഭമായി. മംഗലശ്ശേരിയെ തകർക്കാൻ അവർ ശ്രമിച്ചു. എന്നാൽ കൂടുതൽ നാശം ബാധിച്ചത് പച്ചാഴിക്കാരെയാണ്. മംഗലശ്ശേരി തകർന്നാലും പച്ചാഴിയുടെ കൊടി കൂടുതലുയർന്നു നിൽക്കണമെന്ന വാശിയാണ് അവരുടെ നാശത്തിന് കാരണം.

പച്ചാഴിയിലെത്തിയിട്ടും ദേവകിയമ്മയുടെ ധാർഷ്ട്യത്തിനു കുറവുണ്ടായില്ല. കാരണവർ തന്നെ തിരിച്ചുവിളിക്കുമെന്ന് വിശ്വസിച്ചിരുന്ന അവർ കുറേനാൾ നിശബ്ദയായി. പിന്നീട് രഹസ്യമായും പരസ്യമായും നീക്കങ്ങൾ നടത്തി. പക്ഷെ പത്മനാഭപിള്ള ദാക്ഷായണിയമ്മയെ വിവാഹം കഴിച്ചതോടെ അവരുടെ പ്രതീക്ഷ അസ്തമിച്ചു. അതുകൊണ്ട് അവർ കാരണവരുടെ സഹോദരിമാരെക്കുറിച്ച് അപഖ്യാതി പറഞ്ഞുണ്ടാക്കി. ‘അവർ കുഞ്ഞന്റെ ചോത്തിമാരാണ്’ അതുകൊണ്ടാണ് തന്റെ ആങ്ങളമാരെ മംഗലശ്ശേരിയിൽ നിന്നും ഒഴിവാക്കിയത്. സഹോദരിമാരെക്കുറിച്ചു കേട്ട അപവാദം കാരണവരെ ഏറെ വേദനിപ്പിച്ചു. തകർച്ച നേരിടുന്ന പച്ചാഴിത്തറവാടിനെ സംരക്ഷിക്കാനെത്തിയ കുട്ടപ്പണിക്കരിൽ ദേവകിയമ്മ ആശ്രയം വയ്ക്കുന്നു. ഏറെ സന്തോഷത്തോടെയാണ് അവർ അയാളെ സ്വീകരിച്ച് സത്കരിക്കുന്നത്. പച്ചാഴിയിൽ കുടുംബകലഹവും അടിപിടിയും മുറയ്ക്ക് നടന്നപ്പോൾ ഭാഗംവയ്പു നടന്നു.

തറവാട് പൊളിച്ചു. ദേവകിയമ്മ ഒറ്റയ്ക്കായി. തറവാട് നിന്നിരുന്ന സ്ഥലത്ത് അവർ കൊട്ടിലുണ്ടാക്കി. ഓഹരി കിട്ടിയ ഉത്തരവും കഴുക്കോലുമൊക്കെ കൊട്ടിലിൽ അടുക്കിവച്ച് അവർ അതിന്റെ മൂലയിൽ താമസമായി. ദേവകിയമ്മയെ പറങ്കിപ്പുണ്ണ് ബാധിച്ചു.

ഇതിനിടയിൽ അമ്മയുടെ പ്രവൃത്തിയിൽ മനംനൊന്ത മകൻ രവീന്ദ്രൻ വഴക്കിട്ട് വീടുവിട്ടുപോയി. അച്ഛന്റെ വഴിയേ പോയി നശിക്കാൻ അവനെ അവർ പ്രാകി വിട്ടു. ഇത്രയുമായിട്ടും അവർക്ക് വീണ്ടുവിചാരമുണ്ടായില്ല. പച്ചാഴിയിൽ പറങ്കിപ്പുണ്ണ് താമസമായി എന്ന് നാട്ടിൽ പാട്ടായി. ദേവകിയമ്മയുടെ അസുഖം വർദ്ധിച്ചു. ഓഹരി കിട്ടിയ വസ്തുവകകളെല്ലാം വിറ്റു ചികിത്സിച്ചു. രോഗശമനമുണ്ടായില്ല. സ്ഥലം വാങ്ങിയവർ അവരെ ഇറക്കിവിടാൻ നോക്കിയിട്ട് നടന്നില്ല. ആരും ആശ്രയമില്ലാതെ അവർ അവിടെക്കിടന്ന് ചത്തു. അഹങ്കാരിയും തന്റേടിയുമായ ദേവകിയമ്മയുടെ നാശം ആരിലും സഹതാപമുണർത്താത്തത് അവർ ചെയ്തുകൂട്ടിയ ദുഷ്പ്രവൃത്തികൾകൊണ്ടാണ്.

നിലനിന്നിരുന്ന അധികാരകേന്ദ്രത്തോട് നിരന്തരം കലഹിക്കുന്ന ഒരു വ്യക്തിത്വമാണ് ദേവകിയമ്മയുടേത്. നോവലിൽ പറഞ്ഞിട്ടുള്ളതുപോലെ മനസ്സിൽ ചിലത് കണക്കുകൂട്ടിവച്ചിട്ടാണ് അവർ മംഗലശ്ശേരിയിലെത്തുന്നത്. അവിടെ അധികാരസ്ഥാനത്തിരിക്കുന്ന കാരണവർ; ആ സ്നേഹത്തിന് കീഴിൽ സ്വന്തം ഇഷ്ടങ്ങൾ ത്യജിക്കുന്ന സഹോദരിമാർ. ഇതൊക്കെ കണ്ട് ശീലമില്ലാത്ത ദേവകിയമ്മ നിരന്തരം കലഹിക്കുന്നു. അതുവരെ നിലനിന്നിരുന്ന സ്വസ്ഥതയും സമാധാനവും ഇല്ലാതാക്കുകയും കാരണവർ സഹോദരിമാർക്കു നൽകിയ സ്വാതന്ത്ര്യം അപഹരിക്കുകയും ചെയ്തുകൊണ്ടാണ് അവർ അധികാരം പ്രകടിപ്പിക്കുന്നത്. ഒരധികാരത്തെമാറ്റി മറ്റൊരധികാരം സൃഷ്ടിക്കാനാണ് അവർ ശ്രമിക്കുന്നത്. അറിഞ്ഞോ അറിയാതെയോ കാരണവർ നിലനിർത്തിപ്പോന്ന അധികാരത്തോടാണ് അവരുടെ ഒറ്റയാൾ സമരം. ഇതിനെതിരെ നിൽക്കുന്ന എല്ലാറ്റിനേയും അവർ തന്ത്രങ്ങളിലൂടെ ഒഴിവാക്കുന്നു. അതിൽ മുഖ്യകഥാപാത്രം കുഞ്ഞനാണ്. അതുകൊണ്ടുതന്നെ

കുഞ്ഞനെ തെറ്റുകാരനാക്കിയും നിശ്ശബ്ദനാക്കിയും കാരണവത്തി എന്ന അധികാരസ്ഥാനം അവരവിടെ പ്രയോഗിക്കുന്നു. തന്റെ അധികാരസ്ഥാനത്തിന് ഉറപ്പുകിട്ടാനാണ് സഹോദരൻമാരെക്കൂടി മംഗലശ്ശേരിയിലെ ബന്ധുക്കളാക്കാൻ നോക്കുന്നത്. ദേവകിയമ്മയുടെ അധികാരപ്രയോഗത്തോടൊപ്പം സഹോദരൻമാരുടെ അധികാരദുർമ്മേദസുകൂടി കാരണവർക്കും സഹോദരിമാർക്കും അനുഭവിക്കേണ്ടി വരുന്നു. "അധികാരം വ്യക്തിയെ ദുഷിപ്പിക്കുകയും മനുഷ്യത്വരഹിതനാക്കുകയും ചെയ്യുന്നു. അധികാരയന്ത്രത്തിന്റെ ഭാഗമായ അധികാരവാഞ്ഛ വ്യക്തിയെ ദുരന്തത്തിലേക്ക് നയിക്കുന്നു.[30] സ്വയം തകർന്നുകൊണ്ടാണ് അവർ നിലനിന്ന അധികാരമേഖലയെ തകർക്കാൻ ശ്രമിച്ചത്. അതുകൊണ്ടുതന്നെ അത് വിജയിക്കാതെ പോകുന്നു.

'അധികാര'മെന്ന നോവലിലെ പ്രധാന സ്ത്രീകഥാപാത്രമാണ് സരസ്വതി. അധികാരത്തിന്റെ ഉയർന്ന തലത്തിൽ ഭർത്താവ് എത്തിയപ്പോൾ അതിനനുസരിച്ച് അവൾ മാറുന്നു. അധികാരപ്രയോഗരീതികൾ മനസ്സിലാക്കി അതു പ്രാവർത്തികമാക്കാനുള്ള ശ്രമവും നടത്തുന്നു. അധികാരത്തിന്റെ പിന്നാമ്പുറത്തായിരിക്കുകയും പിന്നീട് അധികാരം പ്രയോഗിക്കാൻ അവസരം ലഭിക്കുമ്പോൾ അതിനനുസരിച്ച് മാറാൻ കഴിയുകയും ചെയ്യുന്ന സ്ത്രീസമൂഹത്തിന്റെ പ്രതിനിധിയാണ് സരസ്വതി. അധികാരമെന്ന പേര് അന്വർത്ഥമാക്കുന്ന നോവലിൽ വിവിധതരത്തിലുള്ള അധികാരപ്രയോഗങ്ങളാണ് ചർച്ചചെയ്യുന്നത്. സാമ്പത്തികാസമത്വത്തിന്റെ പ്രലോഭനം പ്രദർശിപ്പിച്ച് സമഗ്രാധിപത്യത്തിന്റെ കശാപ്പുശാലയിലേക്ക് ആവാഹിക്കുന്ന രാഷ്ട്രീയപ്രത്യയശാസ്ത്രത്തെ ശസ്ത്രക്രിയ ചെയ്യുന്ന നോവലാണിത്.[31]

ഗാന്ധിയാശ്രമം നടത്തുന്ന ശിവരാമൻപിള്ളയുടെ മകളാണ് സരസ്വതി. ഞൊണ്ടിഗാന്ധി എന്നു വിളിക്കുന്ന ശിവരാമൻപിള്ള മകളെ ഗോപാലൻനായരെക്കൊണ്ട് വിവാഹം കഴിപ്പിച്ചു. തെരഞ്ഞെടുപ്പിന് മത്സരിക്കാൻ തീരുമാനിച്ച ഗോപാലൻനായരെത്തേടി പലരും വന്നു. അവരെയൊക്കെ വേണ്ടരീതിയിൽ കാണുകയും ആനുകൂല്യങ്ങൾ കൈപ്പറ്റുകയും

ചെയ്യുന്നത് സരസ്വതിയാണ്. ബാങ്കർ തോമസും ഗോവിന്ദപ്പിള്ളയും ചെലവിനായി പണം ഏൽപ്പിച്ചു. തെരഞ്ഞെടുപ്പു പ്രചരണം ആരംഭിച്ചപ്പോഴേ അയാളെ പാട്ടിലാക്കാൻ പണക്കാരെത്തി. ടൗണിലെ വീട് ഗോവിന്ദപ്പിള്ള അവർക്കായി വിട്ടുകൊടുത്തു. ലഭിച്ച പണം ഗോപാലൻ നായർ തെരഞ്ഞെടുപ്പുകമ്മിറ്റിയെ ഏൽപ്പിക്കാൻ ശ്രമിച്ചപ്പോൾ സരസ്വതി പ്രതികരിക്കുന്നു. "എനിക്കും കുഞ്ഞുങ്ങൾക്കും ജീവിക്കണം. ത്യാഗവും സമരവുമൊക്കെ തീർന്നില്ലെ. ഇനിയെങ്കിലും നമുക്കൊന്നു ജീവിക്കേണ്ടേ? നമ്മുടെ മക്കൾക്ക് ജീവിക്കണ്ടേ?. അവർക്ക് നല്ല ആഹാരം നൽകേണ്ടേ. അവരെ പഠിപ്പിക്കണ്ടേ. ഭർത്താവും അച്ഛനും ത്യാഗികളായാൽ പിന്നെ ഞാൻ എന്തു ചെയ്യും". അടിത്തട്ടുകളിൽ അടിച്ചമർത്തപ്പെടുകയും അരികുകളിലേക്ക് തള്ളപ്പെടുകയും ചെയ്ത ജനവിഭാഗങ്ങൾ ദേവിന്റെ കഥകളിൽ വർദ്ധിതവീര്യത്തോടെ ജീവിക്കാനുള്ള അവകാശം പ്രഖ്യാപിക്കുന്നു.[32] ഒരു പെണ്ണിന്റെ അടിച്ചമർത്തപ്പെട്ട ജീവിതാഭിലാഷങ്ങൾ അവസരം വന്നപ്പോൾ ഉണർന്നെഴുന്നേൽക്കുന്നതാണ് സരസ്വതിയുടെ പ്രവൃത്തിയിൽ കാണുന്നത്.

ഗാന്ധിയാശ്രമം സന്ദർശിക്കാനെത്തിയ സരസ്വതിയോട് അച്ഛൻ അവളുടെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് അന്വേഷിക്കുന്നു. ഖദർ ധാരിയായിരുന്ന സരസ്വതി മന്ത്രിഭാര്യയായപ്പോൾ പട്ടുസാരി ധരിച്ചിരിക്കുന്നു. ശിവരാമൻപിള്ളയുടെ ചോദ്യങ്ങൾക്ക് യാതൊരു കുറ്റബോധവുമില്ലാതെ അവൾ മറുപടികൊടുത്തു. ഉടുത്തിരിക്കുന്ന പട്ടു സാരി മാത്രമല്ല ആഭരണങ്ങളും ഓരോരുത്തർ സമ്മാനമായി നൽകിയതാണ്. അച്ഛൻ മകളെ ഉപദേശിച്ചു. 'മോളേ ത്യാഗമാണ് നേട്ടം. താഴ്മയാണ് ഉയർച്ച'. അപ്പോൾ അവളുടെ പ്രതികരണം 'എന്നുമിങ്ങനെ കഷ്ടപ്പെടാൻ വയ്യാ' എന്നായിരുന്നു. അധികാരമുള്ളപ്പോൾ അതിനനുസരിച്ച് ജീവിക്കാൻ അവൾ പരിശ്രമിക്കുന്നു.

മന്ത്രിയായപ്പോൾ പലരും ഓരോ ആവശ്യത്തിനായി സമീപിച്ച് പണം കൊടുത്ത് അയാളെ വശത്താക്കാൻ ശ്രമിച്ചു. സരസ്വതി അതിനൊക്കെ കൂട്ടുനിൽക്കുകയാണ്. ഗോവിന്ദപ്പിള്ള കാര്യസാധ്യത്തിനായി സരസ്വതിയെ

യാണ് കണ്ടത്. പൊതുകാര്യവും രാജ്യകാര്യവും മാത്രം നോക്കിയാൽപ്പോരാ, സ്വന്തംകാര്യംകൂടി നോക്കണമെന്നയാൾ ഉപദേശിച്ചു. താമസിക്കാൻ ഒരു വീടില്ലാത്ത പ്രശ്നം അവൾ അറിയിച്ചു. ഗാന്ധിയാശ്രമത്തിന്റെ തൊട്ടടുത്തു കിടക്കുന്ന സ്ഥലം ഗോവിന്ദപ്പിള്ള സരസ്വതിയുടെ പേരിൽ എഴുതിക്കൊടുത്തു. കൂടാതെ വീടുവയ്ക്കാനുള്ള പണവും. മരുമകനെ ഐ.ജി.യാക്കാനും ഒരു കോളേജ് അനുവദിച്ചു കിട്ടാനും വേണ്ടിയാണ് അയാൾ അത്തരത്തിൽ പ്രവർത്തിക്കുന്നത്. കൂടാതെ അമ്പതുപറ നിലംകൂടി വാങ്ങാൻ അയാൾ ആവശ്യപ്പെട്ടു. മന്ത്രിസ്ഥാനം നഷ്ടപ്പെട്ടാലും സുഖമായി ജീവിക്കണം. സ്ഥാനം പോകും മുമ്പ് എല്ലാം നേടിയെടുക്കാൻ സരസ്വതിക്ക് വേണ്ട ഉപദേശവും നൽകുന്നു. ഓരോരുത്തരിൽ നിന്നും കൈക്കൂലി വാങ്ങുമ്പോൾ ഗോപാലൻ നായർ ദേഷ്യപ്പെടുന്നു. "നീയെന്നെ ഞെരുക്കരുത്" – 'മക്കൾ കഷ്ടപ്പെടുമ്പോൾ അവർ അച്ഛന്റെ ശത്രുക്കളാകും. ആ ശത്രുത കാണേണ്ടിവരുമെന്നതുകൊണ്ടാണ് ഞാനിപ്പോൾ ഞെരുക്കുന്നത്' എന്ന് സരസ്വതി മറുപടി കൊടുക്കുന്നു. അച്ഛൻ മകളെ വീണ്ടും വഴക്കു പറഞ്ഞു. "അധികാരം കൈക്കൂലി വാങ്ങാനുള്ള അവസരമായിക്കാണരുത്. തിരയെണ്ണാനുള്ള അധികാരം നേടിയവന്റെ കഥ മറക്കരുത്. ഇങ്ങനെയുള്ള കാര്യങ്ങളെല്ലാം അവസാനിപ്പിക്കാനാണ് ഗാന്ധിജി സമരം നടത്തിയത്". ഇതൊന്നും കേട്ടിട്ടും സരസ്വതിക്ക് യാതൊരു കൂസലും ഇല്ലായിരുന്നു. കായബലമോ മാനസിക ശക്തിയോ എന്തുതന്നെയായാലു, എന്തെങ്കിലും കരുത്തോടെ സഫലീകരിക്കാനോ ചെയ്തുകൊടുക്കാനോ കഴിയുന്ന നൈപുണ്യമായി അധികാരം മാറുന്നു.[33]

മന്ത്രിസ്ഥാനം നഷ്ടപ്പെട്ടതിനുശേഷം അച്ഛനെ കാണാൻ ചെന്നപ്പോഴും സരസ്വതി അസന്തുഷ്ടയായിരുന്നു. ഒരു സാധാരണക്കാരിയായി ജീവിക്കാൻ അവൾ തയ്യാറല്ലായിരുന്നു. അധികാരം പ്രയോഗിക്കാൻ കിട്ടിയ അവസരങ്ങളെല്ലാം അവൾ വിനിയോഗിച്ചു. മന്ത്രിപത്നി എന്നുള്ള പദവി

അധികനാൾ തുടരാൻ സാധിക്കാത്തതിന്റെ ദുഃഖത്തിലായിരുന്നു അവൾ. അടുത്ത തെരഞ്ഞെടുപ്പിന് ഗോപാലൻനായർ മത്സരിച്ചു. പക്ഷെ പഴയതു പോലെയായിരുന്നില്ല കാര്യങ്ങൾ. കമ്മ്യൂണിസ്റ്റുപാർട്ടി ശക്തിപ്രാപിച്ചിരുന്നു. ഗോപാലൻനായരെ സഹായിക്കാൻ ആരുമുണ്ടായില്ല. പണക്കാരൊക്കെ കോൺഗ്രസ് വീണ്ടും അധികാരത്തിൽ വരില്ലെന്നറിഞ്ഞ് കമ്മ്യൂണിസ്റ്റ് പാർട്ടി സ്ഥാനാർത്ഥികളെ വിലയ്ക്കെടുത്തു. തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ ഗോപാലൻനായർക്ക് പണച്ചിലവ് വന്നു. പണംകൊണ്ട് ജയിക്കാമെന്നു വിചാരിച്ച്, വാങ്ങിയ നിലവും പുരയിടവുമെല്ലാം വിറ്റു. ഇനി വിൽക്കാൻ വീടും പറമ്പും മാത്രം ബാക്കിയുണ്ട്. കുട്ടികളുടെ ഭാവി ഓർത്ത് അതുവിൽക്കാൻ സരസ്വതി സമ്മതിക്കുന്നില്ല. ജയിച്ചാൽ നഷ്ടപ്പെട്ടതെല്ലാം നേടാമെന്ന് അയാൾ ഉറപ്പു നൽകി. അധികാരം ലഭിച്ചാൽ പഴതുപോലെ കൈക്കൂലി വാങ്ങാമെന്ന ചിന്ത അധികാരം നേടാൻ അയാളെ പ്രേരിപ്പിക്കുന്നു. വീടു നഷ്ടപ്പെട്ടാൽ പഴയതുപോലെ അച്ഛന്റെ ഗാന്ധിയാശ്രമത്തിൽ താമസിക്കേണ്ടിവരുമെന്ന ചിന്ത അവളെ തളർത്തി. എന്നാൽ പിന്മാറാൻ കഴിയുകയുമില്ല: വീടും പറമ്പും ഗോവിന്ദപ്പിള്ളയ്ക്കുതന്നെ നൽകി. വീണ്ടും ഗാന്ധിയാശ്രമത്തിൽ തന്നെ കഴിയേണ്ടിവന്നു.

അധികാരം സൃഷ്ടിക്കുന്നത് ഒരു സമൂഹത്തിനുള്ളിൽ ഭിന്നവും ബാഹ്യവുമായ ഭാവവ്യത്യാസങ്ങൾ ഉൾക്കൊള്ളിക്കുന്നതിലൂടെയാണ്. ഈ അധികാരത്തിൽ സമൂഹത്തിലെ മറ്റംഗങ്ങൾക്കും വിശ്വാസമുണ്ടാകുമ്പോൾ അത് ബാഹ്യലോകത്തിനെതിരായി സമൂഹത്തിന്റെ ആന്തരികദൃഢീകരണത്തിന് സഹായകമാകും. അധികാരത്തിനു കീഴിൽ മറ്റുള്ളവർക്ക് ജീവിക്കാൻ കഴിയാതെ വരുമ്പോൾ അവർ പ്രതികരിക്കും. അതുകൊണ്ടുതന്നെയാണ് ഗോപാലൻ നായർക്ക് മന്ത്രിസ്ഥാനം നഷ്ടപ്പെടുന്നത്. എന്നാൽ ഭർത്താവിന്റെ തണലിൽ കഴിയേണ്ടിവന്ന സരസ്വതി ആ അധികാരമേഖലയിൽ കൈകടത്തുമ്പോൾ അവിടെ ഗോപാലൻനായരുടെ വിശ്വാസങ്ങളും തീരുമാനങ്ങളും മാറ്റേണ്ടിവരുന്നു.

അധികാരം നേടുന്നതിനും നേടിയത് നിലനിർത്തുന്നതിനും ഗോപാലൻനായർക്ക് പലരേയും ആശ്രയിക്കേണ്ടിവന്നു. സരസ്വതി ഭർത്താവിന്റെ തീരുമാനങ്ങളെ എതിർത്തുകൊണ്ടാണ് അധികാരത്തോട് കലഹിക്കുന്നത്. പണക്കാരിൽ നിന്ന് കൈക്കൂലി വാങ്ങിക്കൊണ്ടുള്ള അധികാരപ്രയോഗം പലപ്പോഴും മന്ത്രിയെ ഒരു സാക്ഷിയാക്കി മാറ്റുന്നു. അപ്രതീക്ഷിതസൗഭാഗ്യം വന്നപ്പോൾ എല്ലാം വെട്ടിപ്പിടിക്കാനുള്ള ശ്രമം നടത്തുന്നു. അതിനായി സ്വന്തം അച്ഛനോടും എതിർത്ത് സംസാരിക്കേണ്ടിവരുന്നു. പണത്തിന്റെ അധികാരമാണ് സരസ്വതിയെ കീഴ്പ്പെടുത്തുന്നത്. പണം വന്നുചേർന്നപ്പോൾ അവരുടെ സ്വഭാവത്തിനും മാറ്റമുണ്ടാകുന്നു. പഴയ അവസ്ഥകളും ബന്ധങ്ങളും മറക്കുന്നു. പണംകൊണ്ട് നേടിയ അധികാരം പണം ഇല്ലാതാകുന്നതോടെ നഷ്ടപ്പെടുന്നു. വീണ്ടും പണം കൊണ്ട് അധികാരം നേടാൻ ശ്രമിക്കുമ്പോൾ ലഭ്യമാകാതെ പണം നഷ്ടപ്പെടുകയും ചെയ്യുന്നു. അധികാരത്തിന്റെയും സമ്പത്തിന്റെയും ഓരോ കേന്ദ്രവും ഭീകരമായ പെരുമ്പാമ്പ്പോലെയാണ്.[34]

## അധികാരത്തിന്റെ രഹസ്യാത്മകത

സമൂഹശരീരത്തിന്റെ വിവിധതട്ടുകളിൽ വ്യാപിച്ചുകിടക്കുന്ന സ്ഥാപനങ്ങൾവഴിയുള്ള സൂക്ഷ്മപ്രയോഗത്തിലൂടെ ആധിപത്യത്തിന്റെ ഗൂഢതന്ത്രങ്ങളിലേക്ക് ആധുനിക അധികാരം വികസിക്കുന്നു. ഈ അധികാരപ്രയോഗം ഒരേ സമയം ഉത്പാദനപരവും സങ്കീർണ്ണവുമാണ്. അധികാരത്തിന്റെ സ്ഥൂലവും സൂക്ഷ്മവുമായ പ്രയോഗങ്ങളെല്ലാം സമൂഹത്തിൽ വ്യാപരിക്കുന്നു. സമൂഹത്തിന്റെ സൂക്ഷ്മതലങ്ങളിലേക്ക് അധികാരം അനായാസം കടന്നുകയറുന്നു. അധികാരത്തിന്റെ വിവിധതലങ്ങൾ പരിശോധിക്കുമ്പോൾ മുകളിൽ നിന്ന് താഴേക്കുമാത്രം എന്ന രീതിയിലുള്ള സാമ്പ്രദായികമായ അധികാരവ്യവസ്ഥയാണ് പ്രയോഗിക്കപ്പെടുന്നതെന്ന് അഭിപ്രായപ്പെട്ടത് ഫൂക്കോയാണ്.[35] അധികാരത്തിന്റെ മേൽത്തട്ടിൽ നിൽക്കണമെങ്കിൽ

താഴെയുള്ളവരുടെ സഹായം ആവശ്യമായിവരും. അടുക്കടുക്കായുള്ള അധികാരഘടനയിൽ ഓരോ വിഭാഗത്തിനും അതിന്റേതായ പ്രാധാന്യമുണ്ട്. ഉയരങ്ങളിൽ സ്ഥിതിചെയ്യുന്ന അധികാരഘടനയെ നിയന്ത്രിക്കുന്നതും നിലനിർത്തുന്നതും കീഴ്ത്തട്ടിലുള്ളവരായിരിക്കും.

അധികാരത്തിന് ഏതു രഹസ്യവും സൂക്ഷിക്കാനാകും. ഓരോ അധികാരകേന്ദ്രവും അതിനനുസരിച്ചുള്ള രഹസ്യങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. ചിലപ്പോൾ ചില രഹസ്യങ്ങളുടെ പിൻബലത്താൽ നിലനിന്നുപോരുന്ന അധികാരകേന്ദ്രങ്ങളുണ്ടാകാം. അധികാരം നഷ്ടപ്പെടുമെന്ന ചിന്ത (ഭയം) യുള്ളതിനാൽ രഹസ്യങ്ങൾ സൂക്ഷിക്കുന്നതിൽ അമിത ശ്രദ്ധ കൊടുക്കുന്നു. അധികാരവും ബലവും തമ്മിൽ താരതമ്യപ്പെടുത്തുമ്പോൾ അധികാരത്തെക്കുറിച്ചു പറയുക അത് ലീനമാണ് എന്നാണ്. ബലം പ്രത്യക്ഷവുമാണ്. അധികാരത്തിന്റെ രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കുന്നത് മേലെത്തട്ടിലുള്ളവരായിരിക്കും. അധികാരകേന്ദ്രത്തിന്റെ ശിക്ഷ ഭയന്ന് വിധേയപ്പെട്ടു ജീവിക്കുന്നവർ രഹസ്യം സൂക്ഷിക്കാറുണ്ട്. ഭരണതലത്തിൽ പ്രവർത്തിക്കുന്നവരും അവരുടെ ആശ്രിതരായിക്കഴിയുന്നവരും അധികാരസ്ഥാനത്തിന്റെ നിലനിൽപ്പിനുവേണ്ടി പലപ്പോഴും നിശബ്ദരാകാറുണ്ട്. അധികാരത്തിന് പരിതസ്ഥിതിയുടെ മേൽ തുടർച്ചയായി, ചിട്ടയില്ലാത്ത അനന്തരഫലങ്ങൾ ഉണ്ടാക്കാമെന്നല്ലാതെ അതിലധികമായി ഉദ്ദിഷ്ടവും നിശിതവുമായ ലക്ഷ്യമില്ലാതെ വിജയകരമായും ഫലപ്രദമായും യാതൊന്നും നിർവ്വഹിക്കാനാവില്ല.[36] അധികാരത്തിന്റെ ഒരു സവിശേഷതയാണിത്.

അധികാരവും അതിന്റെ പ്രായോഗരീതികളും തമ്മിലുള്ള സ്വത്വപ്രതിസന്ധിചർച്ച ചെയ്യുന്ന ലഘുനോവലാണ് എങ്ങോട്ട്. മനുഷ്യൻ പല വസ്തുക്കൾ നിർമ്മിക്കാൻ ആഗ്രഹിക്കുന്നു. അവൻ പുതിയവ കണ്ടുപിടിക്കുന്നു. അങ്ങനെ സൃഷ്ടിയുടെ അടിമയായിത്തീരും. ആ അടിമത്തത്തെ അവൻതന്നെ എതിർക്കും, പരാജയപ്പെടും. ഉയിർത്തെഴുന്നേൽക്കും.

പ്രവർത്തനത്തിനിടയിൽ അവൻ മറ്റുള്ളവരെ കാണും. അവരെ ഉൾപ്പെടുത്തും. നിയന്ത്രിക്കുകയും വിധേയത്വത്തോടെ ജീവിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യും. സ്വന്തം ആഗ്രഹം അവരുടെമേൽ അടിച്ചേൽപ്പിക്കും. മനുഷ്യൻ ഒരു ലക്ഷ്യം വച്ചുകൊണ്ട് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ആ ലക്ഷ്യത്തിൽ എത്തിക്കഴിഞ്ഞാൽ വീണ്ടും അന്വേഷണം തുടരുകയായി, എങ്ങോട്ട്? കേശവദേവിന്റെ മറ്റുനോവലുകളിൽ നിന്നും വ്യത്യസ്തമായ അവതരണമാണ് ഇതിൽ കാണാൻ കഴിയുക. പുതിയ സൃഷ്ടി, അതു സൃഷ്ടിക്കുന്ന അടിമത്തം, അതിനെതിരായുള്ള അവന്റെ ഉയിർത്തെഴുന്നേൽപ്പ്-ഇങ്ങനെ നീണ്ടുനീണ്ടു പോകുന്നു ഈ ജീവിതം.[37] പ്രതീകാത്മകസ്വഭാവമുള്ള നോവൽ അധികാരത്തിനെതിരേയുള്ള പ്രതിബോധത്തിന്റെ പ്രമാണരേഖയാണെന്നു കാണാം.

വനമധ്യത്തിലൂടെ അവിരാമം ഓടിക്കൊണ്ടിരിക്കുന്ന മേൽമൂടിയില്ലാത്ത കുതിരവണ്ടി. അതിൽ ഒരു യോഗിമാത്രമേ യാത്രക്കാരനായുള്ളു. കുതിരയുടെ അടുത്ത് കടിഞ്ഞാൺ കിടപ്പുണ്ടെങ്കിലും ഒരിക്കലും യോഗി കുതിരയെ നിയന്ത്രിക്കുന്നില്ല. പലരും വണ്ടിയിൽ ചാടിക്കയറുന്നു. മരിച്ചു വീഴുന്നു. വിവിധ ജീവിതലക്ഷ്യങ്ങളുമായി വണ്ടിയിൽ ചാടിക്കയറുന്നവരാണ് യാത്രക്കാർ. കുതിരവണ്ടി അനിരോധ്യമായ കാലത്തിന്റെ പ്രവാഹമാണ്. അനാദ്യന്തമായ പ്രപഞ്ചചരിത്രത്തിലൂടെയുള്ള യാത്ര. ചക്രവാളം ലക്ഷ്യമാക്കി കുതിക്കുന്ന കുതിര, ചക്രവാളം അകന്നു പോകുമ്പോഴും ക്ഷീണിക്കുന്നില്ല. ഓട്ടം നിർത്തുന്നുമില്ല. യോഗി പറയുന്നു "ചലനമാണ് ജീവിതം നിശ്ചലത മരണവും". അധികാരത്തിന്റെ നിരന്തരമായ പ്രയോഗസാധ്യതയാണ് ഈ അവിരാമമായ ചലനത്തിന്റെ അടിസ്ഥാനം.

കുറ്റിക്കാടുകളെയും പർണ്ണശാലകളേയും പിന്നിട്ട് കുതിര ഒരു മൈതാനത്തിനൂടെ അതിവേഗം ഓടുകയാണ്. ഒരു വില്ലാളി വണ്ടിയുടെ പിന്നാലെ ഓടിക്കൊണ്ട് അതുനിർത്തുവാൻ ആജ്ഞാപിച്ചു. ഇത് നിർത്തുന്ന വണ്ടിയല്ല; വേണമെങ്കിൽ ചാടിക്കയറാൻ യോഗി പറഞ്ഞു. വില്ലാളി വണ്ടിയിലേക്ക് കുതിച്ചു ചാടി. യോഗിയുടെ അരികിലിരുന്ന് കാര്യങ്ങൾ അന്വേഷിച്ചു. എല്ലാം

അറിഞ്ഞ അയാൾ പേടിച്ച് വണ്ടിയിൽ തളർന്നു വീണു. യോഗി അയാളുടെ ശരീരം വണ്ടിയുടെ പുറകിലേക്ക് തള്ളിയിട്ടു. അധികാരപ്രയോഗത്തിന് മുന്നിൽ പിടിച്ചു നിൽക്കാൻ കഴിയാത്തവർ മൃത്യു വരിക്കുകയാണ്. സ്വന്തം നിലനിൽപ്പിനുവേണ്ടി കൊല്ലാനും കൊല്ലിക്കാനും കല്പിക്കുന്നവരാണ് അധികാരം കൈയാളുന്നവർ.[38]

ഓടിക്കൊണ്ടിരിക്കുന്ന വാഹനത്തിലേക്ക് കയറുന്നവരെല്ലാം മരിക്കുകയാണ്. ഇതിനിടെ ചെങ്കോലും കിരീടവും ധരിച്ച ഒരാൾ വണ്ടിയിൽ ചാടിക്കയറി. അധികാരത്തിന്റെ ചിഹ്നങ്ങളാണ്. കിരീടവും ചെങ്കോലും വാളുമെല്ലാം. അയാൾക്ക് പൊൻകൊട്ടാരത്തിലെ കനകസിംഹാസനത്തിലേക്ക് പോകണം. അവിടമാണ് അധികാരത്തിന്റെ ആസ്ഥാനമണ്ഡപം. കനകസിംഹാസനവും അധികാരത്തിന്റെ ചിഹ്നങ്ങളും ആത്യന്തികമായി അധികാരമണ്ഡലത്തിന്റെ പ്രയോഗരീതികളാണ്. കൊട്ടാരത്തിനടുത്തെത്തിയപ്പോൾ അതിനപ്പുറത്തൊന്നുമില്ലാത്തതിനാൽ അവിടെ നിർത്താൻ അയാൾ ആജ്ഞാപിച്ചു. കൊട്ടാരത്തിനടുത്ത് മണ്ണിന്റെ നിറം മാറുകയും മാംസം ചീഞ്ഞദുർഗന്ധം അനുഭവപ്പെടുകയും ചെയ്തു. വണ്ടിച്ചക്രത്തിന്റെ അടിയിൽ തലയോടുകൾ ഞെരിഞ്ഞമരുന്നു. കിരീടധാരിയുടെ അപ്രിയം സമ്പാദിച്ചവരുടെ തലയോടുകളാണ്. ഒരേസമയം നിഷേധത്തിന്റേയും അനുസരണക്കേടിന്റെയും സമ്മിളിതഭാവമായി നിലനിന്നവർ അധികാരസ്വരൂപത്തിന്റെ വിരോധത്തിന് പാത്രമായി. തൽഫലമായി അധികാരസ്ഥാനം അവരെയൊക്കെ ഇല്ലായ്മ ചെയ്തു.

വഴിയിൽ കാകനും കഴുകനും വട്ടമിട്ടു പറന്ന് അസ്ഥിപഞ്ജരങ്ങളെ കൊത്തിവലിക്കുന്നു. ചോരക്കളത്തിലൂടെ കുതിരയുടെ ചക്രങ്ങൾ ഉരുണ്ടു നീങ്ങി. ചീഞ്ഞ ചോര പ്രഭുവിന്റെ മേൽ തെറിച്ചു. അധികാരത്തിന്റെ ഇടനാഴി ചോരക്കളമാണ്. ഭരണവർഗ്ഗത്തിന്റെ അപ്രിയം സമ്പാദിച്ചവർ ഇരകളായി പിടഞ്ഞുവീഴും. കനകസിംഹാസനത്തിലേക്ക് ചോരക്കളത്തിലൂടെയാണോ പോകേണ്ടത് എന്ന് പ്രഭു അന്വേഷിച്ചു.

എല്ലാ കൊട്ടാരവും സിംഹാസനങ്ങളും ചോരക്കളത്തിൽ കെട്ടിപ്പടുത്തിരിക്കുന്നു. വന്യമായ അധികാരപ്രവർത്തനമാണ് ഇവിടെ നടക്കുക. പ്രഭുവിന്റെ സംശയങ്ങൾക്ക് കാലങ്ങളായി നിലനിൽക്കുന്ന അധികാര വ്യവസ്ഥ ചൂണ്ടിക്കാട്ടിയാണ് യോഗി മറുപടി നൽകുന്നത്. അധികാരവത്കൃതമായ രാജ്യസ്വരൂപത്തിൽ ഇതൊക്കെയാണ് നടക്കുന്നതെന്ന് ചരിത്രം പറയുന്നു.

വണ്ടിയിൽ ചാടിക്കയറിയ ഭീമാകാരനോട് യോഗി മുന്നിൽക്കണ്ട യന്ത്രത്തെക്കുറിച്ചു പറഞ്ഞു. മനുഷ്യന്റെ ചിന്തയും ഭാവനയും രൂപം കൊടുത്ത ആ സത്വത്തിന് ചിന്തയും ഭാവനയും ഹൃദയവും ഉണ്ട്. മനുഷ്യൻ അതിനെ സൃഷ്ടിച്ചത് അവൻ ചുമക്കേണ്ട ഭാരം ചുമക്കാനാണ്. എന്നാൽ യന്ത്രം മനുഷ്യനെ വീർപ്പുമുട്ടിക്കുകയും ഞെരുക്കുകയും ചെയ്യുന്നു. അപ്പുറത്ത് കേൾക്കുന്ന ശബ്ദം യന്ത്രങ്ങൾ മനുഷ്യാത്മാക്കളെ ഞെരിക്കുന്നതാണ്. എന്നിട്ടും മനുഷ്യൻ യന്ത്രങ്ങളെ നിർമ്മിച്ചുകൊണ്ടിരിക്കുന്നു. ഏറ്റവും പുതിയത് കണ്ടുപിടിക്കുന്നു. അവൻ സൃഷ്ടിയുടെ അടിമയായിത്തീരും. അധികാരത്തിന് കീഴ്പ്പെടുന്ന പ്രവർത്തനമാണ് സൃഷ്ടികർമ്മത്തിലൂടെ നടക്കുന്നത്. സ്രഷ്ടാവിന്റെ ശരീരത്തിലേക്ക് കേന്ദ്രീകരിക്കുന്ന അധികാരം അവനെ അടിമയാക്കുന്നു. ആ അടിമത്തത്തെ അവൻതന്നെ എതിർക്കും.

കുതിരവണ്ടിയിൽ ഒരു മാന്യൻ ചാടിക്കയറി. അയാൾ ഭീമാകാരനെ വെടിവച്ചുകൊന്നു. മൃതശരീരം വണ്ടിയുടെ പുറകിലേക്ക് തള്ളിയിട്ടു. പുറത്ത് ചുമ കേട്ട് അയാൾ സംശയം പ്രകടിപ്പിച്ചു. യോഗി അയാളോട് പറഞ്ഞു. യന്ത്രങ്ങൾ മനുഷ്യാത്മാക്കളെ ഞെരിക്കുകയാണ്. അധികാരത്തിന്റെ യാന്ത്രികതയാണ് ഹീനമായ കൃത്യത്തിന് അടിസ്ഥാനം. മാന്യൻ കൈ ഉയർത്തി അധികാര സ്വരത്തിൽ യോഗിയോട് പറഞ്ഞു. “ഈ ലോകം മുഴുവൻ എന്റെ വകയാണ്. എന്റെ ചെറുവിരൽ ചലിക്കുമ്പോൾ അധികാരവും ചലിക്കും. ഞാൻ വിചാരിച്ചാൽ എല്ലാം ഉണ്ടാകും ഞാൻ വിചാരിച്ചാൽ എല്ലാം നശിക്കും”. മാന്യൻ തന്റെ സഞ്ചി കാണിച്ചു. മൂന്നറകളുള്ളതിൽ ഒന്നാമത്തേതിൽ പ്രമാണങ്ങൾ. അടുത്തതിൽ കറൻസി നോട്ടുകൾ. മൂന്നാമ

ത്തെതിൽ കൈത്തോക്ക്. അധികാരത്തെ സംരക്ഷിക്കാൻ കൊണ്ടുനടക്കുന്നതാണിതെല്ലാം. അധികാരത്തിന്റെ സംരക്ഷകനായി ഭാവിക്കുന്ന മാന്യന് ആയുധത്തിന്റേയും പണത്തിന്റേയും പ്രമാണിത്തത്തിന്റേയും പിൻബലമുണ്ട്. അന്റോണിയോ ഗിഡൻസ് അഭിപ്രായപ്പെടുന്നത് ഇതുമായി ബന്ധപ്പെട്ട അധികാരപ്രയോഗരീതിയാണ്. അധികാരത്തിൽ തുടരുന്നവർ ഭരണം നിലനിർത്താൻ പ്രധാനമായും ആശ്രയിക്കുന്നത് പ്രത്യയശാസ്ത്രത്തിന്റെ സ്വാധീനമാണ്. എങ്കിലും സാധാരണയായി, ആവശ്യമെങ്കിൽ ബലപ്രയോഗത്തിന് കഴിവുള്ളവരാണ്.[39]

കുതിരവണ്ടി മുന്നോട്ടു നീങ്ങി. ഒരു താടിക്കാരൻ ചാടിക്കയറി കൈത്തോക്കുവാങ്ങി മാന്യനെ വെടിവച്ചുകൊന്നു. വാഹനത്തിൽ ഒരു ഇരുമ്പുമനുഷ്യനും പട്ടാളമേധാവിയും കയറി. അവർ ഓരോരുത്തരും പിന്നാലെ വന്നവരെ നിഗ്രഹിച്ചു. ഒരു മാംസപിണ്ഡം കയറിവന്ന് അത് സമുദായവും രാഷ്ട്രവുമാണെന്ന് അറിയിച്ചു. വ്യക്തിനേതൃത്വം അവസാനിക്കുകയും സമുദായനേതൃത്വം സ്ഥാപിതമാവുകയും ചെയ്യുന്നതിന്റെ ആഹ്ലാദധ്വനി കേട്ടു. ഏകാധിപത്യപരമായ അധികാരരീതി അവസാനിക്കുകയും വർഗ്ഗീയത വളർത്തുന്ന സമുദായനേതൃത്വം രൂപം കൊള്ളുകയും ചെയ്യുന്നു. അധികാരത്തിന്റെ കാപട്യം നിറഞ്ഞ അവസ്ഥയാണ് സംജാതമാകുക. വണ്ടിയിൽ നിന്ന് അത് താഴെവീണു. അവിരാമം തുടരുന്ന അധികാരപ്രയോഗത്തിന്റെ ഫലമായി ഇരകൾ ഓരോരുത്തരായി മരിച്ചു വീഴുന്നു. യാത്രികരായി വരുന്നവർ തങ്ങൾക്കുമുമ്പേ കയറിയവരെ നിഗ്രഹിച്ച് ഇരിപ്പിടം (സ്ഥാനം) സ്വന്തമാക്കുന്നു. വ്യത്യസ്തങ്ങളായ അധികാരരൂപങ്ങളുടെ പരസ്പരപൂരകത്വത്തിലൂടെ മുന്നോട്ടു നീങ്ങുന്ന യാത്രികർ. തുല്യരായ വ്യക്തികൾ അധികാരം തുല്യമായി പ്രയോഗിക്കുന്ന തരം സമത്വം അപ്രാപ്യമാണ്.[40]

യാത്രയ്ക്കിടയിൽ കയറിയ പ്രഭു പോകാൻ ആഗ്രഹിച്ചത് പൊൻകാട്ടാരത്തിലെ കൂറ്റൻ സിംഹാസനത്തിലേക്കാണ്. അധികാരത്തിന്റെ ആസ്ഥാനമണ്ഡപം അതാണെന്ന് അയാൾ തീരുമാനിക്കുന്നു. അധികാര

സ്ഥാനത്തിരിക്കാനാണ് അയാൾ വന്നിരിക്കുന്നത്. അധികാരത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് നല്ല ധാരണ അയാൾക്കുണ്ട്. ചോരക്കളത്തിലൂടെയാണോ കനകസിംഹാസത്തിലേക്ക് പോകേണ്ടത് എന്ന് ആരായുന്നു. പടവെട്ടിയും ചോരപ്പുഴ ഒഴുക്കിയുമാണ് സിംഹാസനങ്ങൾ പലതും പടുത്തുയർത്തിയിരിക്കുന്നത്. യോഗിയുടെ വാക്കുകൾ ആ അഭിപ്രായത്തെ ഒന്നു കൂടി ഉറപ്പിക്കുന്നു. കൊട്ടാരവും സിംഹാസനങ്ങളും ചോരക്കളത്തിലാണ് കെട്ടിപ്പടുത്തിരിക്കുന്നത്. സമൂഹശരീരത്തിന്റെ വിവിധതട്ടുകളിൽ വ്യാപിച്ചു കിടക്കുന്ന സ്ഥാപനങ്ങൾ വഴിയുള്ള സൂക്ഷ്മപ്രയോഗങ്ങളിലൂടെ (Micro practice) ആധിപത്യത്തിന്റെ സ്ഥൂലതന്ത്രങ്ങളിലേക്ക് (Macro Strategies) അധികാരം വികസിതമാകുന്നു.[41]

കുതിരവണ്ടിയിൽ ചാടിക്കയറിയ കിരീടധാരി അധികാരത്തിന്റെ ചിഹ്നമായ ചെങ്കോൽകൊണ്ട് പ്രഭുവിനെ അടിച്ചു കൊല്ലുന്നു. അല്പം കഴിഞ്ഞ് കിരീടധാരി അമ്പേറ്റ് മരിക്കുന്നു. വാളെടുത്തവൻ വാളാൽ എന്നത് അന്വർത്ഥമായി. അധികാരത്തിന്റെ ചിഹ്നങ്ങളായ ആയുധങ്ങൾ ശത്രുനിഗ്രഹത്തിനായി പലപ്പോഴായി ഉപയോഗിക്കുന്നു. അധികാരത്തിന്റേയും ആയുധപ്രയോഗത്തിന്റേയും രീതികൾ ആഴത്തിൽ വിശകലനം ചെയ്തും വ്യാഖ്യാനിച്ചും കേശവദേവ് അധികാരപ്രയോഗത്തിന്റെ നിരർത്ഥകതയെക്കുറിച്ച് ഉത്കണ്ഠപ്പെടുന്നു. വേഗത്തിൽ പായുന്ന വാഹനത്തിലേക്കു കയറുന്നവർ അധികാരം പ്രകടിപ്പിക്കുന്നുണ്ടെങ്കിലും മരിച്ചു വീഴുന്നതോടെ അവരിൽ നിലനിൽക്കുന്ന അധികാരവും മൃതമാകുന്നു.

ആചാര്യൻ കനകസിംഹാസനത്തിനു മുന്നിൽ വണ്ടിനിർത്താൻ ആവശ്യപ്പെടുന്നത് അതിനപ്പുറം ഒന്നുമില്ലെന്ന് അറിയിച്ചുകൊണ്ടാണ്. അധികാരം രാജാവിൽ അവസാനിക്കുന്നു എന്ന പുരാതനചിന്തയാണ് അയാളെക്കൊണ്ട് ഇതു പറയിക്കുന്നത്. അധികാരസ്ഥാനത്തിന്റെ അവസാനം രാജാവാണ് എന്ന ധ്വനി അതിലുണ്ട്. എന്നാൽ നിൽക്കാത്ത കുതിരയുടെ വേഗതയിൽ അധികാരസ്ഥാനത്തിന്റെ അടയാളങ്ങളായ കനകസിംഹാസനവും ചിതറി

പ്പോയി. അധികാരത്തിന്റെ ആസ്ഥാനമായ കൊട്ടാരവും കോട്ടയും തകർന്നു. പോയി. പിന്നാലെ വന്ന ഭീമാകാരനും ആയുധധാരിയാണ്. അധികാരത്തിന്റെ സംരക്ഷണം ആയുധംകൊണ്ട് അയാൾ സ്വയം ഏറ്റെടുക്കുന്നെങ്കിലും അതേ ആയുധംകൊണ്ട് അയാൾ വധിക്കപ്പെടുന്നു. സംരക്ഷണത്തിനായുള്ള ആയുധം മരണത്തിന് കാരണമായിത്തീരുന്നു. സ്വന്തം ജീവനെ സംരക്ഷിക്കാൻ അയാൾക്കായില്ല. തുടർന്നുവന്ന മാന്യനും അധികാരത്തിന്റെ സ്വരത്തിലാണ് കാര്യങ്ങൾ വിശദമാക്കുന്നത്. അധികാരസ്ഥാനത്തിരിക്കേണ്ടവർ ആസ്ഥാനത്തില്ലാതെ വരുമ്പോൾ സർവ്വരും അധികാരത്തിന്റെ സംരക്ഷകരായി മാറുന്നു. അധികാരം ജീർണ്ണിക്കപ്പെടുന്നു. സമ്പത്തിന്റെയും അധികാരത്തിന്റെയും ഏകപക്ഷീയമായ ചൂഷണവും ബലപ്രയോഗവും മൂലം ചരിത്രം എപ്പോഴും ശക്തന്റെ സ്തുതിഗാഥയാകും.[42]

വ്യത്യസ്തതലങ്ങളിലുള്ള അധികാരപ്രയോഗരീതികളാണ് നോവലിൽ കാണാൻ സാധിക്കുന്നത്. രാജഭരണത്തിന്റെ അധികാരം, അതിന്റെ വ്യവസ്ഥകൾ, അധികാരവാഹകരുടെ പെരുമാറ്റരീതികൾ എന്നിവ വ്യക്തമാക്കുന്നു. അധികാരം വഹിക്കുന്നവർ ഭീക്ഷണിയുടെ സ്വരം മുഴക്കി മറ്റുള്ളവരുടെ പ്രവൃത്തികളെ നിയന്ത്രിക്കുന്നു. സ്വയം അധികാരം ഏറ്റെടുക്കുന്നവർ അധികാരവാഹകരാണ്. ആയുധത്താൽ സംരക്ഷിക്കപ്പെടുന്ന അധികാരവും നോവലിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്. ആയുധം കൈയ്യിലുണ്ടെന്ന ഉറപ്പിൽ സ്വയം അധികാരസ്വരൂപമാകുന്നു. പക്ഷെ ഏവരുടേയും അധികാരത്തെ അവഗണിക്കുന്ന കാലത്തിന്റെ തടസ്സമില്ലാത്ത പ്രവാഹത്തിന്റെ ലക്ഷണമായി യോഗിയും കുതിരയും മുന്നോട്ട് പായുകയാണ്. കാലപ്രവാഹത്തിൽ അധികാരസ്ഥാനങ്ങളെല്ലാം തകർന്നടിയുമെന്ന സൂചനയും ദേവ് നൽകുന്നു. അധികാരത്തിന്റെ അന്തഃസത്ത അതിന്റെ രഹസ്യസ്വഭാവത്തിലാണ് അടങ്ങിയിരിക്കുന്നത്.[43] യാത്രികരായ ഓരോരുത്തരുടേയും അധികാരവാഞ്ഛയിൽ അടങ്ങിയിരിക്കുന്ന രഹസ്യസ്വഭാവം തുടർച്ചയാകുന്നു. പക്ഷെ പ്രവർത്തനത്തെ തടയാൻ ആർക്കും കഴിയുന്നില്ല.

മനുഷ്യബന്ധങ്ങളുടെ അഗാധതലങ്ങളെ സ്പർശിച്ച് കേശവദേവ് രചിച്ച ഭാവോജ്ജ്വലമായ നോവലാണ് 'രണ്ടമ്മയും ഒരു മകനും'.[44] സോമന്റേയും ഭാരതിയുടേയും മകൻ ജയചന്ദ്രൻ ജീവിതത്തിന്റെ നിർണ്ണായഘട്ടത്തിൽ അറിഞ്ഞു അവന്റെ മാതാപിതാക്കൾ അവരല്ലെന്ന്. അയാൾ, ജന്മം നൽകിയ അച്ഛനേയും സ്വന്തം അമ്മയേയും അന്വേഷിച്ച് ഇറങ്ങി. ഒടുവിൽ അന്വേഷണം പിച്ചക്കാരുടെ ഇടയിൽ കഴിയുന്ന ലക്ഷ്മിയിൽ ചെന്നെത്തുന്നു. അവന്റെ അച്ഛൻ തന്നെയാണ് വീട്ടിലുള്ളതെന്നു പറഞ്ഞ് അവൾ അവനെ ആശ്വസിപ്പിക്കുന്നു. എന്നാൽ അമ്മയ്ക്കെതിരെ തോക്കു ചൂണ്ടിയ ആളിനോട് ക്ഷമിക്കാനാവില്ലെന്ന് അവൻ പറഞ്ഞപ്പോൾ ലക്ഷ്മി ഞെട്ടിപ്പോയി. പണത്തിന്റെയും പുരുഷാധിപത്യത്തിന്റെയും കടന്നുകയറ്റമാണ് ലക്ഷ്മിയുടെ ജീവിതം മാറ്റിമറിച്ചത്. എങ്കിലും തന്റെ ജീവിതം നരകതുല്യമാക്കിയ സോമനോട് അവൾ ക്ഷമിച്ചിരുന്നു. അതുകൊണ്ട് മകനെ അവൾ ആശ്വസിപ്പിച്ചു. അവന്റെ കോപമടക്കി തിരിച്ചയയ്ക്കുന്നതിൽ അവളിലെ മാതൃത്വം വിജയിക്കുന്നു. അച്ഛനിൽ നിലനിൽക്കുന്ന അധികാരാവസ്ഥയെ അവൻ അംഗീകരിക്കുന്നു. അതിനെ പ്രതിരോധിക്കാൻ ശ്രമിക്കുന്നില്ല.

സാഹചര്യത്തിന്റെ സമ്മർദ്ദംകൊണ്ട് ലക്ഷ്മിക്ക് ഈ രഹസ്യം അനേകം നാൾ ഒളിപ്പിക്കേണ്ടിവന്നു. മകനെ കാണാൻ സോമന്റെ വീടിനുമുന്നിൽ കാത്തുനിന്നപ്പോൾ അയാൾ ഭീഷണിപ്പെടുത്തി വിട്ടു. ജയചന്ദ്രൻ സ്കൂളിൽ നിന്നു വരുംവഴി കാത്തുനിന്നു. പലതവണയായപ്പോൾ സോമനറിഞ്ഞു. വീണ്ടും അയാൾ രാത്രി ലക്ഷ്മിയെത്തേടി പിച്ചക്കാരുടെ കൂട്ടത്തിലെത്തി. നാട്ടിൽ നിന്നു പോയില്ലെങ്കിൽ കൊല്ലുമെന്നു പറഞ്ഞ് തോക്കു ചൂണ്ടി. കേശവദേവിന്റെ നോവലുകളിലേയും കഥകളിലേയും നായകൻമാർ ദുർബലരും ദൂരക്കാഴ്ചയില്ലാത്തവരും വികാരാവേശംകൊണ്ട് പലപ്പോഴും കണ്ണുകാണാൻ കഴിയാത്തവരുമാണ്.[45] സോമന്റെ പെട്ടെന്നുള്ള പെരുമാറ്റം ഇതു ശരിവയ്ക്കുന്നു. എന്നാൽ അധികാരസ്ഥാനത്തുനിൽക്കുന്ന സോമനിൽ നിന്നും സ്വന്തം മകൻ അകലാതിരിക്കണമെന്നവൾ ആഗ്രഹിച്ചു. മകനെ

അവസാനമായി ഒന്നു കണ്ട് അവൾ ആ നാട്ടിൽ നിന്ന് യാത്രയായി. പോകും മുമ്പ് വൃദ്ധയായ പിച്ചക്കാരിയോട് സത്യമെല്ലാം അറിയിച്ചു. രാത്രി യാത്ര യ്ക്കിടയിൽ ലക്ഷ്മിക്ക് പലരുടേയും ഉപദ്രവത്തിൽ നിന്ന് രക്ഷപെടേണ്ടി വന്നു. സോമന്റെ കുടുംബം രക്ഷിക്കുന്നതിനിടയിൽ ലക്ഷ്മിയുടെ ജീവിതം തകരുന്നു.

ലക്ഷ്മിയെ കണ്ടതുമുതൽ സോമൻ അസ്വസ്ഥനായിരുന്നു. അവൾ മകന്റെ പേരിൽ അവകാശംസ്ഥാപിച്ചു വരുമോ എന്ന് അയാൾ ഭയപ്പെട്ടു. പഴയ സംഭവങ്ങളെല്ലാം അയാളുടെ മനസ്സിലൂടെ കടന്നുപോയി. അണക്കെ ട്ടിന്റെ പണിക്കായി മലയോരപ്രദേശത്തുപോയപ്പോഴാണ് ലക്ഷ്മിയെ പരിച യപ്പെട്ടത്. അവിടെ ഹോട്ടൽ നടത്തുന്ന രാമുചട്ടമ്പിയുടെ മകളായിരുന്നു ലക്ഷ്മി. അച്ഛനുമമ്മയും മകളുടെ കാര്യത്തിൽ അതീവജാഗ്രത പുലർത്തി യിരുന്നു. എങ്കിലും സോമന്റെ സ്നേഹത്തിനു മുമ്പിൽ അവൾക്ക് എല്ലാം സമർപ്പിക്കേണ്ടിവന്നു. അണക്കെട്ടിന്റെ പണികഴിഞ്ഞ് പോകുംമുമ്പ് സോമനെ അന്വേഷിച്ചെത്തിയ ലക്ഷ്മി ഗർഭിണിയായ തന്നെ സ്വീകരിക്കണമെന്നറിയിച്ചു. അവൾക്കുവേണ്ടി കുടുംബവും ജോലിയും ഉപേക്ഷിക്കുവാൻ അയാൾക്കായില്ല. എല്ലാവർക്കും വേണ്ടി അവൾ സോമനെ ഉപേക്ഷിച്ചു. അധി കാരാതീതമായ ചിന്താഗതിയായി ലക്ഷ്മിയുടെ സഹനം മാറി. അധികാര ത്തിന് എല്ലാം നേടാൻ മാത്രമേ കഴിയൂ എന്നത് ശരിയല്ല. സഹനത്തിലൂടെ അധികാരം നേടാം എന്ന തിരിച്ചറിവാണ് ലക്ഷ്മി നൽകുന്നത്. ഭൂതകാല അധികാരഘടനയുമായുള്ള ബന്ധം വിച്ഛേദിക്കാനാവില്ല എന്നവൾ ആദ്യം കരുതി. എന്നാൽ അതിന് സാധിച്ചതുകൊണ്ട് ജീവിതത്തിന് വലിയ പതനം സംഭവിക്കുന്നില്ല. ഒരു വ്യക്തിയുടേയോ സമൂഹത്തിന്റേയോ താൽപര്യ ങ്ങളോ പ്രയാസങ്ങളോ മറ്റുള്ളവരുടെ എതിർപ്പുകൾക്കു മുന്നിൽത്തന്നെ എന്തെങ്കിലും ഭാവി പദ്ധതിയിൽ അനുബന്ധിപ്പിച്ച് നിവൃത്തിച്ചെടുക്കാനുള്ള ശേഷിയാകുന്നു അധികാരം.[46]

വീട്ടിൽ നിന്നു പുറത്താക്കപ്പെട്ട ലക്ഷ്മി പിച്ചക്കാരുടെ ഒപ്പം കഴിഞ്ഞു. സോമന്റെ വീട്ടുപടിക്കൽ കുഞ്ഞിനെ ഉപേക്ഷിച്ച് തിരിച്ചുപോന്നു. വിവാഹം കഴിഞ്ഞ് ഏറെ നാളുകളായി കുട്ടികളില്ലാതിരുന്ന സോമനും ഭാരതിയും അവനെ മകനായി ഏറ്റെടുത്തു. ലക്ഷ്മിയുടെ ജീവിതത്തിന് വഴിത്തിരിവു ണ്ടായത് ഒരു രാത്രിയാത്രയിലായിരുന്നു. അപകടപ്പെട്ടുകിടന്ന കാറിനു ള്ളിൽനിന്ന് ഒരു ലക്ഷം രൂപ അവൾക്കു കിട്ടി. തൊട്ടടുത്ത ചായക്കടയിലെ വൃദ്ധ അവൾക്ക് അഭയം കൊടുത്തു. ലക്ഷ്മി വൃദ്ധയുടെ മകൻ രാജപ്പ നോട് തന്റെ കൈവശമിരിക്കുന്ന പണത്തിന്റെ കാര്യം സൂചിപ്പിച്ചു. അതിൽ നിന്ന് കുറച്ചെടുത്ത് കടംവീട്ടിയിട്ട് നാടുവിട്ടു പോകാമെന്ന് തീരുമാനിച്ചു. നല്ല വസ്ത്രങ്ങൾ ധരിച്ച് പണക്കാരെപ്പോലെ ഒരുങ്ങി ആ രാത്രിതന്നെ യാത്രയായി. എറണാകുളത്തെത്തി അവിടെ ഹോട്ടൽ തുടങ്ങി.

ലക്ഷ്മിയാകട്ടെ പഴയതൊക്കെ ആലോചിച്ച് എപ്പോഴും ദുഃഖിതയായി കാണപ്പെട്ടു. പിച്ചക്കാർ വന്നാൽ അകത്തെ മുറിയിൽ നിന്ന് വന്ന് അവരോട് ഏറെ നേരം സംസാരിക്കും. നല്ല രീതിയിൽ കഴിയുമ്പോൾ ഇങ്ങനെയൊക്കെ ചെയ്യുന്നത് കുറച്ചിലാണെന്ന് രാജപ്പന്റെ അമ്മ പറഞ്ഞു. ലക്ഷ്മി മറ്റൊരു വീടുവാങ്ങി പിച്ചക്കാരെ മാത്രം താമസിപ്പിച്ചു. അവർക്കുവേണ്ടതെല്ലാം കൊടുത്ത് സന്തോഷത്തോടെ കഴിഞ്ഞു. ആ വീട് യാചകമന്ദിരമാക്കാൻ അവൾ തീരുമാനിച്ചു.

നിസ്സീമമായ സ്നേഹത്തിന്റെ ഉടമയാണ് ലക്ഷ്മി. അവൾക്ക് സ്നേഹി ക്കാൻ മാത്രമേ കഴിയൂ. സോമനെ പൂർണ്ണമായി വിശ്വസിച്ച അവൾ വഞ്ചി ക്കപ്പെട്ടു എന്നറിഞ്ഞിട്ടും അയാളെ ശപിച്ചില്ല. സാമ്പത്തികമായി സ്വന്തം കാലിൽ നിൽക്കാൻ ത്രാണിയില്ലാത്തവർ എല്ലാ സ്ഥാപനങ്ങളിലും അധഃസ്ഥിതരായി തീരും. അവർ അധികാരസ്ഥാപനങ്ങളുടെ കളിപ്പാട്ടങ്ങളോ ഉപകരണങ്ങളോ മാത്രമാകും.[47] സാമ്പത്തികമായി പിന്നോക്കം നിന്നതു കൊണ്ടാണ് ലക്ഷ്മിയ്ക്ക് അധികാരസ്ഥാനങ്ങളിൽ നിന്ന് അർഹിക്കുന്ന പരിഗണന ലഭിക്കാതിരുന്നത്. ഒടുവിൽ ഇഷ്ടംപോലെ പണം കിട്ടിയിട്ടും

അതിലൊന്നും താൽപര്യമില്ലാതെ എല്ലാം രാജപ്പനെ ഏൽപ്പിച്ചു. തന്നെ പ്പോലെ തെരുവിൽ അലഞ്ഞവരെ സംരക്ഷിക്കാൻ ഒരു സ്ഥാപനം തുടങ്ങി. അന്വേഷിച്ചു വന്ന മകനെ ആശ്വസിപ്പിച്ച് മടക്കി അയച്ചു. വേണമെങ്കിൽ പിതാവിനോടുള്ള മകന്റെ ദേഷ്യത്തിന് ആക്കം കൂട്ടുന്ന രീതിയിൽ സംസാ രിക്കാമായിരുന്നു. അച്ഛനെയും മകനെയും ഒന്നിപ്പിക്കാൻ വേണ്ട ഉപദേശങ്ങൾ നല്കിയാണ് അവനെ തിരിച്ചു വിട്ടത്. ശേഷിച്ച കാലം യാചകമന്ദിരത്തിലെ അന്തേവാസികൾക്കൊപ്പം കഴിയാനാണ് അവൾ തീരുമാനിച്ചത്.

എല്ലാം നേടാനുള്ളതല്ല ജീവിതം. ചിലത് വിട്ടുകൊടുക്കുമ്പോഴാണ് ജീവിതത്തിന് അർത്ഥമുണ്ടാകുന്നത്. സോമന്റെ സ്നേഹത്തിനുമുന്നിൽ ലക്ഷ്മിതന്നെത്തന്നെ അടിയറവ് വച്ചു. ജീവിതം തനിക്കു നഷ്ടപ്പെടുന്നു എന്ന് മനസ്സിലാക്കിയിട്ടും സോമനെ അയാളുടെ വഴിക്കു വിട്ടു. അധികാര ത്തിന്റെ നയങ്ങൾ അവൾക്ക് മനസ്സിലാക്കാനായില്ല. ഗർഭിണിയാണെന്നറിഞ്ഞ് വീട്ടിൽനിന്ന് പുറത്താക്കപ്പെട്ടപ്പോൾ സ്വന്തം കുടുംബാംഗങ്ങളേയും നഷ്ടമായി. മകനുവേണ്ടി ജീവിക്കാമെന്നു കരുതാതെ കുറച്ചുകൂടി വിശാ ലമായി ചിന്തിച്ചു. തന്റെയൊപ്പം വളർന്നാൽ അവന് എന്തു സുരക്ഷിതത്വം ലഭിക്കും. അച്ഛനോടൊപ്പം സുഖസൗകര്യങ്ങളനുഭവിച്ച് അവൻ കഴിയട്ടെ. വേദനയോടെയാണ് മകനെ അവന്റെ അച്ഛന് നൽകിയത്. സോമനെതിരെ യുള്ള ലക്ഷ്മിയുടെ അധികാരപ്രയോഗത്തിന്റെ പ്രധാന ആയുധം സഹന മായിരുന്നു. ആദർശമാതൃത്വസങ്കല്പം അവളിൽ കാണാൻ കഴിയും. മക നൊപ്പം കിടന്ന് അവനു ചൂടുപകരേണ്ട കാലമെല്ലാം വഴിയോരത്ത് കടത്തിണ്ണ യിൽ കിടക്കുകയായിരുന്നു. ഇതൊക്കെ അവന്റെ ഭാവിയെ ഓർത്തായിരുന്നു. മകൻ എന്നെങ്കിലും ഒരിക്കൽ തന്നെത്തേടിവരുമെന്ന ചിന്തയായിരുന്നു ജീവിക്കാൻ പ്രേരിപ്പിച്ചത്. ലക്ഷ്മി സ്വാർത്ഥത കാണിച്ചില്ല. എല്ലാം സഹിച്ച് ത്യാഗിനിയുടെ അവസ്ഥ ഏറ്റെടുക്കുകയായിരുന്നു. സ്വേച്ഛാധിപത്യപരമായ അധികാരം ഭീതിദമായ നിഗൂഢതയായി ജീവിതത്തിൽ നിറഞ്ഞുനിൽക്കുന്നു.[48]

ലക്ഷ്മിയുടെ ജീവിതത്തിൽ നിറഞ്ഞുനിൽക്കുന്ന അധികാരാവസ്ഥ ഏകാധിപത്യരീതിയിലല്ലാത്തതിനാൽ രഹസ്യസ്വഭാവം നിലനിൽക്കുന്നതല്ല.

സ്വാർത്ഥതയുടെ കറപുരളാത്ത അധികാരഭാവം ലക്ഷ്മിയെ വിശുദ്ധമായ തലത്തിലേക്കെത്തിക്കുന്നു. സോമനിൽ ഊന്നിനിൽക്കുന്ന അധികാര മേൽക്കോയ്മയും ലക്ഷ്മിയിൽ രൂപപ്പെട്ടുവരുന്ന ആർദ്രമായ മനുഷ്യസ്നേഹവും തമ്മിൽ പലപ്പോഴും സംഘട്ടനത്തിലാണ്. ആദ്യം ലക്ഷ്മി പിൻമാറുന്നതും പിന്നീട് മകനെ കാണരുതെന്ന ഭീഷണിക്കുമുന്നിൽ അനുസരണയോടെ ആ നാട്ടിൽനിന്നു പോകുന്നതും സോമന്റെ അധികാര മേൽക്കോയ്മയ്ക്കുമുന്നിലുള്ള പരാജയം സമ്മതിക്കലായിരുന്നു. തനിക്ക് ലഭിച്ച പണംകൊണ്ട് അവൾ തുടങ്ങുന്ന സാമൂഹ്യപ്രവർത്തനം അനേകം പേരുടെ ജീവിതം നല്ലനിലയിൽ കൊണ്ടുപോകാൻ ഇടവരുത്തി. അതിനു നേരെവരുന്ന എതിർപ്പുകളെയൊന്നും വകവയ്ക്കാതെ അവൾ സ്വന്തം ഇഷ്ടം സാക്ഷാത്ക്കരിക്കാൻ ശ്രമിക്കുന്നു. അതിലൂടെ അധികാരത്തിന്റെ ശുദ്ധമായ മൂല്യപ്രയോഗമാണ് കാണാൻ കഴിയുന്നത്.

സ്വേച്ഛാധികാരത്തിന്റെ വ്യത്യസ്തഭാവങ്ങൾ അഥവാ മുഖങ്ങൾ 'സഖാവ് കാരോട്ട് കാരണവരി'ലും കാണാം. കാരണവരുടെ അധികാരപ്രയോഗത്തിന് വിധേയരാകുന്നവരാണ് ഗ്രാമവാസികൾ ഏറെയും. അയാളുടെ സ്വാർത്ഥമോഹത്തിന്റെ ഇരകളാണവർ. തനിക്ക് നോട്ടമുള്ള പ്രദേശങ്ങളും വസ്തുക്കളും കൈയ്ക്കലാക്കാൻ അയാൾ ശ്രമിക്കുന്നു. അതിനായി അയാൾ നടത്തുന്ന തന്ത്രങ്ങളിൽ പലരും അറിയാതെ ഉൾപ്പെട്ടുപോകുന്നു. കാരണവർ എന്ന സ്ഥാനം അയാൾക്ക് ചെറുപ്പത്തിൽ ലഭിച്ചതാണ്. കുടുംബത്തിലെ തന്റെ ഓഹരി വച്ചുകൊണ്ടാണ് സകലതും അയാൾ ഉണ്ടാക്കിയത്. കഠിനാധ്വാനിയായിരുന്നു കാരണവർ. സാമ്പത്തികമായി ഏറെ ഉയരങ്ങളിൽ എത്തണമെന്ന് അയാൾ ആഗ്രഹിച്ചിരുന്നു. ഇല്ലായ്മയിൽ നിന്ന് ഉയരങ്ങളിൽ എത്താനുള്ള വഴികളും പടവുകളും അയാൾ സ്വയം ഒരുക്കിയതാണ്. ആ യാത്രയിൽ എതിരാളികളും ശത്രുക്കളും ഉണ്ടായിരുന്നു. ബുദ്ധികൊണ്ടാണ്

അയാൾ ഇന്നത്തെ അധികാരസ്ഥാനം നേടിയത്. അധികാരപദവിയിൽ എത്തിയശേഷം അയാൾ മറ്റുള്ളവരെ തന്റെ ഇഷ്ടത്തിനു നടത്തുന്നു. തനിക്ക് വേണ്ടവരെ സമൂഹത്തിൽ നിന്ന് വലിച്ചെടുത്ത് ഉപയോഗിക്കുന്നു. ബാഹ്യ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടാത്ത സവിശേഷവും അനന്യദൃഷ്ട ങ്ങളുമായ വ്യക്തിഗതഭാവങ്ങളും പ്രവൃത്തികളുമാണ് കേശവദേവിന്റെ പല കഥാപാത്രങ്ങളിലും കാണുന്നത്.[49]

ബുദ്ധിപരമായ നീക്കങ്ങളിലൂടെയാണ് കാരണവർ മുന്നേറുന്നത്. പാരമ്പര്യമായി ലഭിച്ച സ്ഥലത്തെ കുടികിടപ്പുകാരെ ഒഴിവാക്കാൻ പരിശ്രമി ക്കുന്ന കാരണവർ അതിനുസാധിക്കില്ല എന്നു മനസ്സിലാക്കി നയം മാറ്റുന്നു. കുടികിടപ്പുകാർ ഒഴിഞ്ഞുപോകാൻ തയ്യാറാകാതെ വന്നപ്പോൾ ഉണ്ടായ സംഘർഷം കാരണവരുടെ കുടിലചിന്താഗതിയും ആൾക്കാരുടെ എതിർപ്പും മൂലമാണ് സംഭവിച്ചത്. അധികാരവ്യവഹാരങ്ങൾ പ്രവർത്തിക്കാൻ അനു കൂലമായ അവസ്ഥയുണ്ടാക്കിക്കൊടുക്കുന്നത് ഇത്തരം സംഘർഷങ്ങളാണ്. കുടികിടപ്പുകാർക്ക് ഉപദേശം നൽകുന്ന സഖാവ് സി.കെ. വെള്ളൂരിനെ ക്കുറിച്ച് അറിഞ്ഞ കാരണവർ അയാളെ വശത്താക്കാൻ ശ്രമിച്ചു. മാനുഷി കത കൈവിട്ട കാരണവരിലെ അധികാരഭാവം യാന്ത്രികത കൈവരിക്കാൻ തുടങ്ങി. സഖാവായി മാറിയ കാരണവർ കർഷകത്തൊഴിലാളി യൂണിയൻ യോഗത്തിൽ സംബന്ധിച്ച് സ്വയം 'ഡി' ക്ലാസ്സായി. ആദ്യം പ്രച്ഛന്നരൂപത്തി ലായിരുന്ന അധികാരഭാവം ബഹുമുഖമായി പ്രത്യക്ഷപ്പെടാൻ തുടങ്ങി. ആരു മായും കൂട്ടുചേരാതെ തനിച്ചുള്ള പോരാട്ടം ദേവിന്റെ കഥാപാത്രങ്ങളുടെ ശക്തിയും ദൗർബല്യവുമാണ്. സംഘടനയും കൂട്ടായ പ്രവർത്തനവും അവരുടെ മനോഘടനയ്ക്കു ചേരാത്തതാണ്.[50] എല്ലാവരോടും ഒപ്പം നിൽക്കു ന്നതായിത്തോന്നുമെങ്കിലും കാരണവർ തന്റെ പ്രവർത്തനങ്ങളിൽ ഏകനാണ്.

സമ്മേളനത്തിനായി കാരണവരുടെ പുരയിടം ഒരുക്കി. ഉദ്ഘാടന പ്രസംഗത്തിൽ അധ്വാനിക്കുന്ന ജനവിഭാഗത്തെ അഭിസംബോധനചെയ്തു കൊണ്ട് കാരണവർ സംസാരിച്ചു. “ഞാനും അധ്വാനിക്കുന്നവനാ. നല്ലതു

പോലെ അധ്വാനിച്ചാണ് വസ്തും വകേം സമ്പാദിച്ചത്. ഞാനീ സമ്പാദിച്ചു കൂട്ടുന്നത് നിന്റെയൊക്കെ ഗുണത്തിനാ. എത്രയെത്ര അധ്വാനിക്കുന്നവരാ എന്നെക്കൊണ്ട് കഴിയുന്നത്. പണം കടംകൊടുക്കുമ്പോൾ പലിശ വാങ്ങുന്നത് എനിക്ക് പണത്തോട് ആർത്തിയുള്ളതുകൊണ്ടല്ല. വെറുതേകൊടുത്താൽ എല്ലാവരും കടം വാങ്ങാൻ വരും. അധ്വാനിക്കുന്ന ജനവിഭാഗത്തെക്കുറിച്ച് മാത്രമേ എനിക്ക് എപ്പോഴും ഓർമ്മയുള്ളു" എന്നു പറഞ്ഞ് കാരണവർ പ്രസംഗം അവസാനിപ്പിച്ചു. സാധാരണക്കാരെ വീഴ്ത്താൻ കാരണവരുടെ പ്രസംഗത്തിനു സാധിച്ചു. സഖാവ് വെള്ളൂരിന്റെ പ്രഖ്യാപനംകൊണ്ട് കുടി കിടപ്പുകാർ ഒഴിഞ്ഞുപോയി. കാരണവരുടെ തീരുമാനങ്ങളുടെ വിജയവും നാട്ടുകാരുടെ അനുസരണാശീലവും വിധേയത്വവും അധികാരവ്യവഹാര ത്തിന്റെ ഉത്പന്നമായിവന്നപ്പോൾ കാരണവർ ലക്ഷ്യത്തിൽ എത്തി. അധി കാരത്തിന് അതിരുകളില്ല. അതിന് എന്തും അനുവദനീയമാണ്. ശക്തിയുടെ പ്രവർത്തനത്തേക്കാൾ ബുദ്ധിയുടെ വ്യാപാരമാണ് കാണാൻ കഴിയുന്നത്. ഒരാളുടെ അഭിലാഷം അതവന്റെ ഇച്ഛയ്ക്കു വിരുദ്ധമായി അവനിലൂടെതന്നെ നിവർത്തിച്ചെടുക്കാനുള്ള പ്രാപ്തിയാണ് അധികാരം.[51] കാരണവർ സ: വെള്ളൂ രിലൂടെയാണ് കുടികിടപ്പുകാരെ ഒഴിപ്പിക്കുക എന്ന ഉദ്യമം സാധിച്ചെടുത്തത്.

എന്നാൽ തനിക്കെതിരെ നിൽക്കുന്നവരേയും വിധേയത്വം പുലർത്താ ത്തവരേയും അവഗണിച്ച്, വഴി ആയാസരഹിതമാക്കാനും കാരണവർക്ക് അറിയാം. അതിനായി ഏത് കുറുക്കുവഴിയിലൂടെ പോകാനും അയാൾക്ക് മടിയില്ല. സ്ഥലത്തെ ചന്തയുടെ അടുത്ത് കിടക്കുന്ന ഒരേക്കർ പുരയിടം കണ്ട കാരണവർ അത് സ്വന്തമാക്കാൻ ആഗ്രഹിച്ചു. രാമകൃഷ്ണക്കുറുപ്പ് എന്നയാൾക്ക് കുടുംബവസ്തു ഓഹരിയായി കിട്ടിയതാണ്. പറമ്പിനു നടുക്ക് ഒരു കുളം ഉപയോഗശൂന്യമായി കിടന്നിരുന്നു. കാരണവർ കുറുപ്പിനോട് സ്ഥലം ചോദിച്ചപ്പോൾ അയാൾ വിൽക്കാൻ തയ്യാറല്ലെന്ന് അറിയിച്ചു. ഏതുവിധേനയും ആ പുരയിടം കൈവശപ്പെടുത്താൻ കാരണവർ നിശ്ചയിച്ചു. കുണ്ടും കുഴിയുമായി കിടന്ന പുരയിടം നിരപ്പാക്കി ചന്തയ്ക്ക് അഭിമുഖമായി

കെട്ടിടം പണിത് വാടകയ്ക്ക് കൊടുത്താൽ കച്ചവടക്കാർക്കും നാട്ടുകാർക്കും പ്രയോജനമാണ്. കുറുപ്പ് വീടുപണിക്കായി കാര്യങ്ങൾ ക്രമപ്പെടുത്തി വരുമ്പോൾ കാരണവർ അത് തടസ്സപ്പെടുത്താൻ വഴി തിരയുകയായിരുന്നു.

ഒളിവിലായിരുന്ന സഖാക്കൾക്ക് കാരണവർ ഈ സംഭവത്തെക്കുറിച്ച് അറിവു നൽകി. അധ്വാനിക്കുന്നവർക്കുവേണ്ടി വിപ്ലവമുണ്ടാക്കുവാൻ അവസരം വന്നിട്ടുണ്ടെന്നറിയിച്ചു. കുറുപ്പിന്റെ പുരയിടം നാട്ടുകാരുടെ പൊതുമുതലാണ്. അവിടെയുള്ള കുളത്തിൽ നിന്നും മീൻപിടിക്കുകയും കന്നുകാലികളെ കുളിപ്പിക്കുകയും ചെയ്തിരുന്നു. ആയതിനാൽ പൊതുമുതലിനെ സ്വകര്യസ്വത്താക്കാനും കുളം നികത്തി വീടുപണിയാനുമുള്ള സംരംഭത്തെ ചെറുത്തു തോൽപ്പിക്കണം. അത് അധ്വാനിക്കുന്ന വർഗ്ഗത്തിന്റെ ചരിത്രപരമായ കടമയാണ്. സ. വെള്ളൂർ അണികളെ അറിയിക്കുകയും വിപ്ലവം നടത്താൻ കമ്മറ്റി രൂപീകരിക്കുയും ചെയ്തു. വിപ്ലവത്തിന്റെ ചിലവ് കാരണവർ നൽകാമെന്ന് സമ്മതിച്ചു. കുറുപ്പ് പോലീസിൽ പരാതികൊടുത്തു. അന്വേഷണവുമായി കാരണവരെ സമീപിച്ചപ്പോൾ അയാൾ കൈയൊഴിഞ്ഞു. തനിക്ക് അന്യരുടെ മുതൽ തട്ടിപ്പറിക്കുന്നവരുമായി യാതൊരു ബന്ധവുമില്ല എന്നറിയിച്ചു. എന്നാൽ കുറുപ്പിന്റെ പുരയിടത്തിനുനടുവിൽ ആരോ ചെങ്കൊടി നാട്ടി. തുടർന്നുണ്ടായ ലഹളയിൽ ഇൻസ്പെക്ടർ കൊല്ലപ്പെട്ടു. സഖാക്കളെ ഒഴിവാക്കി കാരണവർ മുന്നേറിയെങ്കിലും അത് സാധിച്ചില്ല. കുരുട്ടുതന്ത്രത്തിന്റേയും ദുർബുദ്ധിയുടേയും ക്രൗര്യമാണ് കാരണവരുടെ കൊടിയടയാളം. അധികാരവും അതിന്റെ പ്രത്യയശാസ്ത്രവും ഒരുമിച്ചു ചേർന്നുള്ള നീക്കമാണ് കാരണവരുടെ പ്രവർത്തനത്തിൽ കാണാൻ കഴിയുന്നത്. അധികാരവും അഴിമതിയും ഉടപ്പിറപ്പുകളാകയാൽ, അധികാരത്തിനു കടിപിടികൂടുന്ന രാഷ്ട്രീയകക്ഷികൾക്കും അഴിമതി ബാധകമാകയാൽ സ്വതന്ത്രബുദ്ധിയായ യാതൊരാൾക്കും കക്ഷിരാഷ്ട്രീയം ഏറെനാൾ വച്ചു പൊറുപ്പിക്കാനാവില്ല.[52] കാരണവർ തന്റെ രാഷ്ട്രീയചിന്താഗതിയുമായി ഏകനായി മുന്നോട്ടുനീങ്ങി.

സഖാവ് കാരോട്ട് കാരണവർ ഒരു ലെനിനിസ്റ്റാണെന്ന് നോവലിൽ ഒരിടത്ത് പറയുന്നു. മാർക്സിസവും ലെനിനിസവും പഠിക്കാതെതന്നെ, അതിനെക്കുറിച്ചൊന്നും കേൾക്കാതെതന്നെ അയാൾ മാർക്സിസ്റ്റു ലെനിനിസ്റ്റാണ്. ലക്ഷ്യം മാർഗ്ഗത്തെ നീതീകരിക്കുന്നു എന്ന മാർക്സിസത്തിന്റെ അടിസ്ഥാനതത്വത്തിൽ അയാൾ വിശ്വസിക്കുന്നു. കാര്യം സാധിക്കാൻ എന്തും ചെയ്യാമെന്നാണ് അയാളുടെ അചഞ്ചലമായ വിശ്വാസം. ഏതു വഴിയിലൂടെ പോകുന്നു എന്നല്ല എത്തേണ്ടിടത്ത് എത്തുന്നുണ്ടോ എന്നാണ് നോക്കേണ്ടത്. നാട്ടിലെ ഏറ്റവും വലിയ പണക്കാരനാകുക എന്നതായിരുന്നു അയാളുടെ ലക്ഷ്യം. അതിന് അയാൾ തെരഞ്ഞെടുത്ത വഴികൾ മുള്ളുനിറഞ്ഞതായിരുന്നു. ലക്ഷ്യത്തിലേക്ക് പോകുക എന്നതായിരുന്നു ജീവിതമന്ത്രം. ആ യാത്രയ്ക്കിടയിൽ പലരും തകർന്നുപോയി. പലരും വീണുപോയി. ഒരു സമൂഹത്തെ മുഴുവനായി തന്ത്രത്തിലൂടെ ചൂഷണം ചെയ്ത് തന്റെ വരുതിയിൽ വരുത്തുന്ന അധികാരകേന്ദ്രമാണ് കാരണവർ.[53]

അടുത്തുവന്ന തെരഞ്ഞെടുപ്പിൽ കാരണവർ ഗോപാലൻകുട്ടിനായരെ സ്ഥാനാർത്ഥിയായി മത്സരിപ്പിച്ചു. തെരഞ്ഞെടുപ്പു ചിലവിലേക്കായി പണവും നല്കി. നായർ വൻ ഭൂരിപക്ഷത്തോടെ വിജയിച്ചു. അനുമോദനയോഗത്തിൽ മുൻപ് കാരണവരോടൊപ്പം നിന്നിരുന്ന സ.വെള്ളൂർ, വിശ്വവന്ദ്യൻ എന്നിവർ പങ്കെടുത്തില്ല. പിന്നീട് തെരഞ്ഞെടുപ്പ് കണക്കുകൾ പരിശോധിക്കുമ്പോൾ സ. വെള്ളൂരിന് കാരണവരുമായി മുഷിഞ്ഞു സംസാരിക്കേണ്ടിവന്നു. അധ്വാനിക്കുന്ന വർഗ്ഗത്തിനുവേണ്ടി തെരഞ്ഞെടുപ്പിൽ പണമിറക്കി സ്ഥാനാർത്ഥിയെ വിജയിപ്പിച്ചത് താനാണെന്ന് കാരണവർ വ്യക്തമാക്കി. വിപ്ലവമുന്നേറ്റങ്ങളെ പിറകോട്ടു വലിക്കുന്ന പിന്തിരിപ്പൻമാരോടൊപ്പം നിൽക്കാൻ തയ്യാറല്ലെന്നു പറഞ്ഞ് സ. വെള്ളൂർ വിശ്വവന്ദ്യനു പിന്നാലെ ഇറങ്ങിപ്പോയി. അവരിരുവരേയുംകൊണ്ട് തന്റെ ആവശ്യങ്ങളെല്ലാം സാധിച്ചതിനാൽ കാരണവർക്ക് സന്തോഷമായി. അധികം പ്രശ്നമുണ്ടാക്കാതെ അവർ സ്വയം പിരിഞ്ഞു പോയപ്പോൾ കാരണവരുടെ കുരുട്ടുബുദ്ധിയാണ് വിജയം കണ്ടത്. പിൻമാ

റിപ്പോയവരെയൊക്കെ അവഗണിച്ചു മുന്നേറിയതുകൊണ്ടാണ് അയാൾക്ക് വിജയിക്കാൻ കഴിഞ്ഞത്. "ഒന്നു ചീഞ്ഞാലേ മറ്റൊന്നിന് വളമാകൂ"- ഇപ്രകാരം പലരും നശിച്ചത് കാരണവർക്ക് വളമായി. അയാൾ നാട്ടിലെ വലിയ പണക്കാരനായി. സ്വന്തം നന്മയ്ക്കുവേണ്ടി തിന്മയ്ക്കെതിരെ പ്രവർത്തിക്കുന്നുവെന്ന് കാരണവരിലൂടെ അധികാരം വ്യാഖ്യാനിക്കപ്പെടുന്നു. എന്നാൽ നൻമ, തിന്മ എന്നിവ തീരുമാനിക്കുന്നത് അധികാരസ്ഥാപനത്തിന്റെ താത്പര്യങ്ങൾക്കനുസരിച്ചാണെന്നു മാത്രം.

അധികാരം അത് കൈയാളുന്നിടത്തു നിന്ന് സമൂഹത്തിലേക്ക് നീളുന്നതായി നോവലിൽ കാണാം. ചിട്ടിമുതലിപ്പും ആധാരമെഴുത്തും നടത്തി കാരണവർ തന്റെ സ്ഥാനം ഒന്നു കൂടി ഉറപ്പിച്ചു. ആന്തരികമായ ഹിംസാത്മകത മറച്ചുകൊണ്ട് ബാഹ്യമായി കരുണ പൊഴിക്കുകയാണ് കാരണവരിലെ അധികാരഭാവം. ആധാരമെഴുതി രണ്ടു മൂന്നു കേസിനു വകുപ്പ് അയാൾ അതിൽനിന്നു കണ്ടെത്തുന്നു. പാട്ടച്ചീട്ട് പണയാധാരമാക്കിയും പണയാധാരം ഒറ്റിയാക്കിയും തീറാധാരമാക്കിയും പലരേയും വഞ്ചിക്കുന്നു. ആർക്കെങ്കിലും കേസുകൊടുക്കാൻ താത്പര്യമുണ്ടെങ്കിൽ അയാൾ അതിനെ എതിർക്കുകയില്ല. പ്രശ്നങ്ങളുമായി വരുന്നവർക്ക് ആധാരമെഴുതി സഹായം ചെയ്യുകയും ഒടുവിൽ കേസുകൊടുക്കേണ്ട അവസ്ഥയുണ്ടാവുകയും ചെയ്യും. കാരണവർ തന്റെ അടുക്കൽ പരാതിയുമായി വരുന്ന ഇരുകൂട്ടർക്കും വേണ്ട ഉപദേശങ്ങൾ നൽകി. വാദിയുടേയും പ്രതിയുടേയും വസ്തുവകകൾ കൈക്കലാക്കുകയും ചെയ്യും. ചിട്ടിത്തലയാൾ എന്ന നിലയിലും അയാൾ പ്രസിദ്ധനാണ്. ആർക്കും ഒറ്റത്തവണകൊണ്ട് ചിട്ടിപിടിച്ച പണം ലഭിക്കുകയില്ല. ആ പണംകൊണ്ട് ആരും ഒരു കാര്യവും ചെയ്യരുത് എന്ന് അയാൾക്ക് നിർബന്ധമുണ്ട്. ചിട്ടിപ്പണത്തിന് നല്ല വിലയുള്ള വസ്തുക്കൾ ഈടുവാങ്ങും. പിന്നീട് തവണപ്പണം അവരിൽനിന്ന് വാങ്ങാതിരുന്ന് കുടിശ്ശിക വരുത്തും. അതേത്തുടർന്ന് കേസുകൊടുത്ത് ഈടുവച്ചിരിക്കുന്ന പുരയിടം സ്വന്തമാക്കും. "അമ്പുകൊള്ളാത്തവരില്ല കുരുക്കളിൽ" എന്നു പറഞ്ഞതുപോലെ കാരണ

വരുടെ ചിട്ടിയിൽ ചേർന്ന് ചതിപറ്റാത്തവർ ആരുംതന്നെ ആ നാട്ടിലില്ല. ചിലർ ഭാഗികമായും മറ്റു ചിലർ പൂർണ്ണമായും നശിച്ചു.

അധികാരം പീഡനോപാധിയായി മാറുന്നു. സാധാരണക്കാരെ അത് നിരന്തരം പീഡിപ്പിച്ചുകൊണ്ടിരിക്കുന്നു. കാരണവരിൽ കേന്ദ്രിതമായ അധികാരം ഹിംസാത്മകതയുടേയും അപമാനവീകരണത്തിന്റെതുമാണ്. വ്യത്യസ്തമായ അധികാരബന്ധങ്ങളാണ് സാമൂഹികജീവിതത്തിന്റെ സ്വഭാവമെന്നും അധികാരം ജനങ്ങളെ പീഡിപ്പിക്കുന്നതിന്റെ ചരിത്രമാണെന്നുമുള്ള അടിസ്ഥാനവീക്ഷണം കേശവദേവിന്റെ നോവലുകൾ ആവിഷ്ക്കരിക്കുന്നു. അത്ര വിസ്തൃതമല്ലാത്ത സാമൂഹികഭൂമികയിൽ ഒരു ഗ്രാമത്തിലെ കാരണവരുടെ കഥപറയുന്ന നോവൽ ഋജുവും ലളിതവുമായ ഭാഷാശൈലിയിൽ രചിക്കപ്പെട്ടതാണ്.

കാരണവരുടെ അധികാരത്തിന് വിടുപണിചെയ്യാത്തവർ ആ നാട്ടിൽ കുറവാണ്. അല്ലാത്തവർ ശിക്ഷാർഹരാകുന്നു. അധികാരത്തിന് മുഖമില്ല എന്നു പറയാറുണ്ട്. എന്നാൽ നോവലിൽ അധികാരത്തിന്റെ മുഖം കാരണവരുടേതാണ്. കുറുക്കുവഴികളിലൂടെയാണ് അയാൾ സ്ഥാനവും അധികാരവും നേടുന്നത്. കുറുക്കുവഴികളിലൂടെ അധികാരം കൈവശപ്പെടുത്തുന്നവന് ലോകത്തിൽ സ്വർഗ്ഗം സൃഷ്ടിക്കാൻ കഴിയില്ലെന്ന് മാത്രമല്ല, അവന് ഉത്തമമായ ഒരു വ്യവസ്ഥിതിയെ വിഭാവനം ചെയ്യാൻ തന്നെ കഴിയുകയില്ല.[54] കാരണവരുടെ അധികാരഭാവത്തിനും ഇതാണ് സംഭവിക്കുന്നത്. താത്കാലികമായ വിജയം നേടാൻ അയാൾക്ക് കഴിയുന്നുണ്ട്. തനിക്കൊപ്പം സഹകരിക്കുന്നവരോട് പലപ്പോഴും അധികാരത്തിന്റെ ധാർഷ്ട്യം പ്രകടിപ്പിക്കുകയും അവരോട് അധികാരത്തിന്റെ ഏറ്റവും ദുഷിച്ച മുഖം കാട്ടുകയും ചെയ്യുന്നു.

**നിഷേധത്തിന്റെ അധികാരം**

വിപരീതങ്ങളുടെ സംഘർഷമാണ് വളർച്ചയ്ക്ക് കാരണമാകുന്നത്. പരസ്പരം വിരുദ്ധമായി നിൽക്കുന്ന ശക്തികളിൽ ഒന്ന് വളരുകയും

അടുത്തത് തളരുകയും ചെയ്യുന്നു. തളരുന്നതിന്റെ ശക്തികൂടിക്കവർന്ന്, വളരുന്നത് കൂടുതൽ ബലമുള്ളതാകുന്നു. വൈരുധ്യം നിറഞ്ഞ ശക്തി കാലാന്തരത്തിൽ പഴയതാകുമ്പോൾ അതിനെ മാറ്റിക്കൊണ്ട് പുതിയത് കടന്നു വരുന്നു. ഇതാണ് നിഷേധത്തിന് അടിസ്ഥാനമായി വരുന്നത്. ഈ നിഷേധം പല തലങ്ങളിലും വരാം. സമൂഹത്തിന്റെ തീരുമാനങ്ങളെയും, ആശയങ്ങളെയും നിഷേധിക്കാം. സമൂഹത്തിലും സമുദായത്തിലും നടക്കുന്ന നിഷേധപ്രക്രിയയാൽ എല്ലാം നശിക്കുന്നില്ല. പഴയതിന്റെ ക്രിയാത്മകവും വിലപ്പെട്ടതുമായ ഗുണവിശേഷങ്ങൾ പുതിയതിൽ സംരക്ഷിക്കപ്പെടുന്നു. നിഷേധത്തിന്റെ ഫലമായി പുതിയത് കൊള്ളാവുന്ന അംശങ്ങളെയെല്ലാം നിലനിർത്തുന്നതിനോടൊപ്പം പുതിയത് ആർജ്ജിക്കുകയും ചെയ്യുന്നു[55]. വികാസത്തിന്റെ ഓരോ ഘട്ടവും പഴയതിനെ നിഷേധിക്കുന്നു. അതോടൊപ്പം പഴയതിനെ പുതിയ ഘട്ടത്തിലേക്ക് ഉയർത്തുകയും ചെയ്യുന്നു.

ആഭ്യന്തരവൈരുധ്യമുള്ളതുകൊണ്ട് ഓരോ വസ്തുവിലും അതിനെ നിഷേധിക്കുന്ന ശക്തിയും ഉണ്ടായിരിക്കും. ഫ്യൂഡൽ സമുദായത്തിൽ മുതലാളിത്ത ഉത്പാദനരീതി വളർന്നുവന്ന് ഒരു ഘട്ടത്തിലെത്തുമ്പോൾ ഫ്യൂഡൽവ്യവസ്ഥയെ നിഷേധിക്കുന്നു. മുതലാളിത്തവ്യവസ്ഥയും സ്ഥിരമായി നിലനിൽക്കുന്നില്ല. അതിനുള്ളിൽത്തന്നെ സോഷ്യലിസത്തിന്റെ അംശങ്ങൾ വളർന്നു വരുന്നു. അവയാണ് മുതലാളിത്തത്തിന്റെ നിഷേധം. സമൂഹഘടനയിൽ നടക്കുന്ന വിപ്ലവം ഗുണപരമായ സാമൂഹ്യമാറ്റമാണ് പ്രദാനം ചെയ്യുന്നത്. മുതലാളിത്തസമൂഹത്തിൽ നടക്കുന്ന വിപ്ലവം സോഷ്യലിസ്റ്റ് സമൂഹത്തിന് വഴിയൊരുക്കുന്നു.[56] ഓരോ പുതിയ ഘട്ടവും അതിനുമുമ്പുള്ള പഴയഘട്ടത്തെ നിഷേധിച്ചിട്ടാണ് ചരിത്രത്തിൽ പ്രത്യക്ഷപ്പെടുന്നത്. ഏതു രംഗത്തും പ്രതിഭാസങ്ങൾ ഉത്ഭവിക്കുന്നതും പുരോഗമനപരമായ മാറ്റങ്ങൾ വളർന്നുവരുന്നതും നിഷേധത്തിലൂടെയാണ്. എന്നാൽ തളർച്ചയുടെ ഉന്നതിയിലെത്തിയാൽ പിന്നെ ക്ഷയിച്ചു തുടങ്ങുകയോ മറ്റു ചില പ്രതിഭാസങ്ങളായി രൂപാന്തരപ്പെടുകയോ ചെയ്യും. ഘട്ടംഘട്ടമായാണിതു സംഭവിക്കുന്നത്.

നിഷേധപ്രവർത്തനം നടക്കുന്നതിനിടയിൽ നിശബ്ദമായോ അല്ലാതെയോ അധികാരപ്രയോഗവും നടക്കുന്നു. നിയന്ത്രിക്കുന്ന ശക്തി നിയന്ത്രണത്തിനു വിധേയമാകുന്ന ശക്തിക്കുമേൽ അധികാരം പ്രയോഗിക്കുന്നു. നിയന്ത്രിക്കുന്ന ശക്തി തനിക്കു വിധേയപ്പെട്ടതിനെയെല്ലാം നിയന്ത്രിക്കുന്നതോടൊപ്പം നിഷേധിക്കുകയും ചെയ്യുന്നു. അത് ചിലപ്പോൾ ആശയങ്ങളാവാം തീരുമാനങ്ങളാവാം. അധികാരത്തിന്റെ ഉയർന്ന തലത്തിൽ നിൽക്കുന്നവർ ആധിപത്യവും ബലപ്രയോഗവും സ്വാധീനവും ചെലുത്തുമ്പോൾ നിഷേധിക്കപ്പെടുന്നത് അതിനുകീഴ്പ്പെടുന്നവരുടെ സ്വാതന്ത്ര്യമാണ്. ചോദ്യം ചെയ്യാനും ശിക്ഷിക്കാനുമുള്ള അധികാരം അധികാരകേന്ദ്രത്തിൽ നിന്നുണ്ടാകുമ്പോൾ സ്വാതന്ത്ര്യം നഷ്ടമാകുന്നു. അധികാരത്തിന്റെ ഉപാധിയെന്നനിലയിൽ ചോദ്യംചെയ്യപ്പെടുമ്പോൾ അത് ഇരകളുടെ നേരെയുള്ള കടന്നുകയറ്റമായി മാറുന്നു. ഇതിനെതിരെയുള്ള പ്രതികരണമാണ് അധികാരകേന്ദ്രത്തിൽ നിന്നുള്ള നിയമങ്ങളുടെ നിഷേധമായിത്തീരുന്നത്. മറ്റുള്ളവരുടെ പെരുമാറ്റരീതിയെ അവരുടെ ഇച്ഛയ്ക്കു വിരുദ്ധമായി രൂപാന്തരപ്പെടുത്തി എടുക്കാനുള്ള പ്രേരകസമ്പർക്കശക്തിയെയാണ് അധികാരമെന്ന് പൊതുവേ വിവക്ഷിക്കുന്നത്.[57]

നിഷേധത്തിന്റെ അധികാരം 'റൗഡി' എന്ന നോവലിൽ പ്രകടമാകുന്നതെങ്ങനെയെന്നു നോക്കാം. ഗാർഹികാന്തരീക്ഷത്തിൽ ഒരു സാധാരണ വീട്ടമ്മയായിക്കഴിയേണ്ടിവന്ന ശങ്കരിയമ്മ ഭർത്താവിന്റെ നിരുത്തരവാദിത്തത്തിനെതിരേ പ്രതികരിക്കുന്നു. അത് കുടുംബത്തിന്റെ സമാധാനം നശിപ്പിക്കുന്ന അവസ്ഥയിലേക്ക് നീങ്ങി. ഭർത്താവിന്റെ തീരുമാനത്തിനെതിരായി അവർ പ്രവർത്തിക്കുമ്പോൾ ഉണ്ടാകുന്ന ഭവിഷ്യത്തു തടയാൻ അവർക്ക് കഴിയുന്നില്ല. 'റൗഡി' എന്ന നോവലിന്റെ ഗതി മാറ്റിയ തീരുമാനമായിരുന്നു ശങ്കരിയമ്മയുടേത്. റൗഡി പരമുവിന് പപ്പുനായരുടെ കുടുംബത്തിലേക്ക് പ്രവേശിക്കാനായത് ശങ്കരിയമ്മയുടെ എടുത്തു ചാട്ടം കൊണ്ടായിരുന്നു. അതൊരു തെറ്റായ തീരുമാനമായിരുന്നു എന്നവർക്ക് ബോധ്യപ്പെട്ടു.

പരമുവിനെ അടുപ്പിച്ചത് 'എലിയെപ്പേടിച്ച് പുലിയെ വളർത്തുന്നതിന് സമമായിപ്പോയി'[58]. ഇത് തിരിച്ചറിഞ്ഞപ്പോൾ അയാളെ പുറത്താക്കാൻ അവർക്ക് മടിയുമില്ലായിരുന്നു. പണത്തിനുവേണ്ടിയായിരുന്നില്ല സുരക്ഷിതത്വത്തിനു വേണ്ടിയായിരുന്നു അവർ റൗഡിയെ അടുപ്പിച്ചത്.

കുടുംബാചാരപ്രകാരം പെരിയസ്വാമിയെ വിവാഹം കഴിക്കേണ്ടിവന്നു ശങ്കരിയമ്മയ്ക്ക്. അയാളാകട്ടെ തുടർച്ചയായി ശബരിമലയ്ക്ക് പോകുന്ന ഒരു സ്വാമിഭക്തനും. ശങ്കരിയമ്മയ്ക്ക് എന്തുണ്ടാക്കിയാലും തികയില്ല. കലം നിറച്ചുവയ്ക്കണം, വയറു നിറച്ചു കഴിക്കണം. അതിനായി ഓഹരികിട്ടിയ നിലങ്ങളും പുരയിടങ്ങളും വിറ്റുതിന്നു. വീട്ടുചിലവിനു പണം കണ്ടെത്താൻ കഴിയാത്തതുകൊണ്ട് സ്വാമി രാവിലെ തന്നെ അയ്യപ്പചരിതം പറഞ്ഞും സ്ത്രോത്രം ചൊല്ലിയും നാടുതെണ്ടും. ഇതിനിടയിൽ കവലയിൽ ഒരു ഹോട്ടലുതുടങ്ങിയാൽ വിജയിക്കുമെന്നയാൾ മനസ്സിലാക്കി. വീടിരിക്കുന്ന സ്ഥലം ഒറ്റികൊടുത്ത് ഹോട്ടൽ തുടങ്ങി. ബന്ധുക്കൾ എതിർത്തപ്പോൾ ശങ്കരിയമ്മയാണ് മറുപടി കൊടുത്തത്. ഏറെ നാൾ പട്ടിണികിടന്നപ്പോൾ ബന്ധുക്കളെയൊന്നും കണ്ടില്ലല്ലോ എന്നു പറഞ്ഞ് ഭർത്താവിനെ ബലപ്പെടുത്തി. ആൾക്കാരെല്ലാം അറിഞ്ഞും കേട്ടും ഹോട്ടലിലെത്തി. ശ്രീഭൂതനാഥവിലാസം ഹോട്ടൽ പ്രസിദ്ധമായി. പെരിയസ്വാമിയുടെ കടയിൽ സ്ഥിരമായി കഴിക്കാൻ വരുന്ന തയ്യൽക്കാരനെയും മകൾ ദേവയാനിയെയും ചേർത്ത് ആൾക്കാർ അപഖ്യാതി പറഞ്ഞുണ്ടാക്കി. അപവാദപ്രചരണങ്ങൾ ദിനംപ്രതി കൂടിവന്നു. പെൺമക്കളെ ആരെങ്കിലും പിടിച്ചോണ്ടുപോയാലും അച്ഛനും മകനും പ്രതികരിക്കാതെ ന്യായം പറഞ്ഞിരിക്കുമെന്ന് അവർ പരാതിപ്പെട്ടു. വയസ്സായ പെരിയസ്വാമിക്ക് അവരോടൊക്കെ വഴക്കിനുപോകാൻ കഴിയില്ല. അയാൾ മൗനം ദീക്ഷിച്ചു. ശങ്കരിയമ്മ ഒരു ഉപാധിവച്ചു. കരുത്തുള്ളവനെവിളിക്കാം. പരമുച്ചട്ടമ്പിയെ വിളിച്ചാൽ മറ്റുള്ളവരുടെ അനാവശ്യ സംസാരം അവസാനിക്കും. പെരിയസ്വാമി പഴയനിലപാടിൽ തുടർന്നു. ശങ്കരിയമ്മ ഭർത്താവിനെ കുറ്റപ്പെടുത്തി. ആണായാൽ ചൊണവേണം. അല്ലെങ്കിൽ ചുണയു

ള്ളവന്റെ കൂട്ടുവേണം. പെരിയസ്വാമി തന്റെ നിലപാട് വ്യക്തമാക്കി. എലിയെപ്പേടിച്ച് പുലിയെ വിളിച്ചു വരുത്തുന്നത് ശരിയല്ല. നിയമങ്ങൾകൊണ്ടും ബലപ്രയോഗംകൊണ്ടും സമൂഹം സ്ത്രീപുരുഷബന്ധത്തിന് തടയിടുമ്പോൾ അവ സ്ഥാപനവത്ക്കരിക്കപ്പെടുന്നു. അധികാരത്തിന്റെ ഇത്തരം സ്ഥൂലരൂപങ്ങൾ കാണുന്നുണ്ടെങ്കിലും സൂക്ഷ്മസ്വഭാവങ്ങൾക്ക് മൗനാനുകൂല്യം നൽകുകയും ചെയ്യുന്നു.[59]

രാത്രികാലങ്ങളിൽ പുരപ്പുറത്ത് കല്ലേറുണ്ടായി. തൊട്ടടുത്തുള്ള ഉണ്ണിപ്പിള്ളയുടെ ഹോട്ടലിൽ നിന്ന് കൂക്കുവിളികൾ ഉയർന്നു. ശങ്കരിയമ്മ ദേഷ്യപ്പെട്ടു. ഒന്നുകിൽ ഇവന്മാരെ കൊല്ലണം, അല്ലെങ്കിൽ ഈ നാട്ടിൽനിന്നു പോകണം. പെരിയസ്വാമി കേസുകൊടുത്തു. അത് കൂടുതൽ പേരുദോഷത്തിനു കാരണമായി. ഹോട്ടൽ വിറ്റ് മറ്റെവിടെയെങ്കിലും പോകാമെന്ന് മക്കൾ ആവശ്യപ്പെട്ടു. ശങ്കരിയമ്മയുടെ മുഖത്ത് അസാധാരണമായ ഒരു ഗൗരവം നിറഞ്ഞു. പിറ്റേന്ന് റോഡിലൂടെപ്പോയ പരമുവിനെ അവർ ഹോട്ടലിൽ വിളിച്ചുകയറ്റി ചായ കൊടുത്തു. പരമു ഹോട്ടലിന്റെ ഭരണം ഏറ്റെടുത്തു. എതിർത്തവരെയെല്ലാം അയാൾ ഭീഷണിപ്പെടുത്തി. ശങ്കരിയമ്മയുടെ ഏകമകൻ ഭാസ്കരനെ പരമു അടിച്ചിറക്കിവിട്ടു. ദേവയാനിയെ ഭാര്യയാക്കി. ഹോട്ടൽ നശിച്ചു. പെരിയസ്വാമി എങ്ങോട്ടോ പോയി. ദേവയാനിയുടെ സ്വർണ്ണവും ശങ്കരിയമ്മയുടെ സ്വകാര്യസമ്പാദ്യവും പരമു വാങ്ങി. ചെയ്ത തെറ്റ് ശങ്കരിയമ്മയ്ക്ക് ബോധ്യമായി. മകളോട് അവർ എല്ലാം ഏറ്റു പറഞ്ഞു. മകളുടെ പേരിൽ അപഖ്യാതി പെരുകിയപ്പോൾ വിളിച്ചു കയറ്റിപ്പോയി. ഇല്ലെങ്കിൽ രാത്രിയിൽ പെരപ്പുറത്തു കല്ലേറും വാതിലിൽ മുട്ടും തുടങ്ങും. പകലാണെങ്കിൽ പുറത്തിറങ്ങിനടക്കാനും കഴിയില്ല. വിളിച്ചു കയറ്റാതെന്തു ചെയ്യും. എല്ലാം നശിച്ചു. പരമുവിനെ കൊല്ലാനാഞ്ഞ ശങ്കരിയമ്മയെ ദേവയാനി തടഞ്ഞു. എല്ലാം നഷ്ടപ്പെട്ട്, കുടുംബം ഛിന്നഭിന്നമായ അവസ്ഥയിലായി.

ഭർത്താവിന്റെ തണലിൽ കഴിഞ്ഞ സാധാരണക്കാരിയായ വീട്ടമ്മയായിരുന്നു ശങ്കരിയമ്മ. ഭർത്താവിന്റെ കഴിവില്ലായ്മയിൽ അവർ അധികാരം

കൈയ്യിലെടുത്തു. ഇടയ്ക്കിടയ്ക്ക് ഭർത്താവിന്റെ 'ചൊണയില്ലായ്മയെ' ക്കുറിച്ച് പറയുന്നുമുണ്ട്. ചുണയുള്ള ഒരു പുരുഷന്റെ സാന്നിധ്യം അവർ ആഗ്രഹിക്കുന്നുണ്ടാകും. ജീവിതം ഒരു നിർണ്ണായകഘട്ടത്തിലെത്തിയ പ്പോഴാണ് 'ചൊണയില്ലായ്മയെ'ക്കുറിച്ച് പരാതിപ്പെടുന്നത്. അതു വരേയ്ക്കും ഒരു പക്ഷേ അവർ എല്ലാം സഹിക്കുകയാകും. അല്ലെങ്കിൽ എല്ലാം ഉള്ളിലൊതുക്കി കഴിഞ്ഞതാകും. അധികാരം കയ്യിലെടുക്കൽ മനഃപൂർവ്വം സംഭവിച്ചതല്ല. നിവൃത്തിയില്ലാതെ സംഭവിച്ചുപോയതാണ്. പല പ്രശ്നങ്ങൾ ഉണ്ടായപ്പോഴാണ് അവർ സ്വയം തീരുമാനമെടുക്കുന്നത്.

പരമുവിനെ വിളിച്ചുകയറ്റിയതിന്റെ ഫലം അനുഭവിക്കുമ്പോൾ അതി നെതിരേ അധികാരം പ്രയോഗിക്കാൻ അവർക്കാവുന്നില്ല. അധികാരസ്ഥാന ത്തിരുന്ന ഭർത്താവിന്റെ വാക്കുകളെ ധിക്കരിച്ചതാണ് എന്ന കുറ്റബോധം അവർക്കുണ്ട്. ഭർത്താവിന്റെ തീരുമാനമായിരുന്നു ശരി എന്നവർ ഉറപ്പിക്കുന്നു. മകളോട് കുറ്റസമ്മതം നടത്തുമ്പോൾ അതു വ്യക്തമാകുന്നുണ്ട്. ഭർത്താവ് കൂടെയുണ്ടായിരുന്നെങ്കിൽ ഒന്നും സംഭവിക്കില്ലായിരുന്നു എന്നവർ മനസ്സി ലാക്കുന്നു. ആ അറിവ് അവരെ തളർത്തി. കഴിവില്ലാത്തവനായിരുന്നെങ്കിലും ആ സ്ഥാനത്ത് ഒരാളുണ്ടായിരുന്നതുകൊണ്ട് കുടുംബം നശിക്കാതിരുന്നു. പെരിയസ്വാമിയുടെ അഭാവം കുടുംബത്തിനുണ്ടാക്കിയ നഷ്ടം വളരെ വലു തായിരുന്നു. പരമു ഏകമകനെ അടിച്ചിറക്കിവിട്ടത് കാണേണ്ടിവന്നു. ഭർത്താ വിന്റെ ഒളിച്ചോട്ടത്തിന് മൂകസാക്ഷിയാകേണ്ടിവന്നു. ഒടുവിൽ മകളുടെ ജീവിതം നശിച്ചപ്പോഴാണ് അവർ പ്രതികരിക്കാൻ തുടങ്ങുന്നത്. പക്ഷെ മകൾ ഗർഭിണിയായതിനാൽ പരമുവിനെ തള്ളിക്കളയാനും കഴിയുന്നില്ല. ദേവയാ നിയുടെ ആഭരണങ്ങളും തന്റെ സ്വാകാര്യസമ്പാദ്യവും പരമു തട്ടിയെടുത്തിട്ടും നിസ്സഹായയായി നോക്കിനിൽക്കാനേ അവർക്കു കഴിഞ്ഞുള്ളൂ. അധികാര പ്രയോഗം ഒരിക്കൽ നടത്തിയതുകൊണ്ട് വീണ്ടും അധികാരം കാണിക്കാൻ അവർക്ക് കഴിയുന്നില്ല. മറ്റൊരു അധികാരസ്ഥാനത്തെ അംഗീകരിക്കാനോ

അതിനുകീഴിൽ കഴിയാനോ ശങ്കരിയമ്മയ്ക്കാവുന്നില്ല. പഴയ അനുഭവത്തിന്റെ കുറ്റബോധത്തിലായിരുന്നു അവർ. ഒരുപൊതുപ്രവർത്തനത്തിലൂടെ അതിൽ പങ്കാളികളായിരുന്നവരുടെ എതിർപ്പു വകവയ്ക്കാതെ അവർക്കും പ്രതികൂലമായി സ്വന്തം ഇഷ്ടം സാക്ഷാത്കരിക്കാനുള്ള വ്യക്തിയുടേയോ അനേകം വ്യക്തികളുടേയോ ആകസ്മികസാധ്യതയാണ് അധികാരം എന്നുവരുന്നു.[60]

പുരുഷന്റെ അധികാരത്തെയും വിധേയത്വത്തേയും ശങ്കരിയമ്മ അംഗീകരിക്കാൻ തയ്യാറാകുന്നില്ല. ഭർത്താവിന്റെ അധികാരം തന്റെ സ്വാതന്ത്ര്യത്തെ തടയിടുമ്പോൾ അവൾ അസ്വസ്ഥയാകുന്നു. ഭർതൃത്വം സ്ത്രീയ്ക്കുമേൽ അധികാരം സ്ഥാപിക്കാനുള്ള അവകാശമായി മാറുമ്പോൾ സ്ത്രീ അതിനെതിരെ പ്രതികരിക്കുന്നു. പുരുഷാധിപത്യത്തിനെതിരെയുള്ള ചെറുത്തുനിൽപ്പിന്റെ മാതൃക ശങ്കരിയമ്മയിലൂടെ ദേവ് തുറന്നുകാട്ടുന്നു. കുടുംബത്തിലെ അധികാരസ്വരൂപം സ്ത്രീപക്ഷത്തുനിന്നുകൊണ്ട് വീക്ഷിക്കുകയാണ് നോവലിസ്റ്റ്.

കാലത്തിന്റെ മാറ്റങ്ങളെ അംഗീകരിക്കാനാകാതെ പഴയ ജന്മിത്തചിന്താഗതിയോടെ ജീവിക്കുന്ന മാധവക്കുറുപ്പിനെതിരേ പുതിയ തലമുറ പ്രതികരിക്കുന്നതാണ് 'വെളിച്ചം കേറുന്നു'എന്ന നോവലിന്റെ പ്രധാന കഥാവസ്തു. പേഷ്ക്കാർ മാധവക്കുറുപ്പ് പെൻഷനായ ശേഷം നാട്ടിലെത്തി തറവാട്ടിൽ സഹോദരി കുഞ്ഞുലക്ഷ്മിയും മക്കളുമാണ് താമസിച്ചിരുന്നത്. മാധവക്കുറുപ്പ് തറവാട്ടിൽ ഭരണം തുടങ്ങി. കല്ല്യാണിയുടെ ഇളയമകൻ ദാമോദരക്കുറുപ്പിന് ഇത് അംഗീകരിക്കാനായില്ല. എന്നാൽ ജ്യേഷ്ഠസഹോദരൻ അച്യുതകുറുപ്പിന് എതിരഭിപ്രായമില്ല. അമ്മാവനെ പട്ടണത്തിൽ വിട്ടുപഠിപ്പിച്ചതും ഉയർന്നനിലയിൽ എത്തിയശേഷം തറവാട്ടുകാര്യങ്ങൾ നോക്കാത്തതും ദാമോദരനറിയാം. അമ്മാവന്റെ അത്തരം പ്രവൃത്തികളിൽ അയാൾ അസ്വസ്ഥനായിരുന്നു.

പാലേൽ തറവാട്ടിലെ ഭരണമാറ്റങ്ങൾ നാട്ടിൽ പാട്ടായി. തറവാട്ടിൽ മാധവക്കുറുപ്പ് നേരിട്ട് ഭരണം നടത്താതെ കോൺട്രാക്ടർ ചെല്ലപ്പൻപിള്ളയെ

ഏൽപ്പിച്ചു. തറവാട്ടിലെ ചെലവിന് നെല്ലളന്നു കൊടുക്കുന്നതും അയാളാണ്. കാരണവർ ഗോവിന്ദക്കുറുപ്പ് മരിച്ചപ്പോൾ പതിനാറിന് സദ്യ ഒരുക്കാൻ നെല്ല് ആവശ്യമായിവന്നു. ചെല്ലപ്പൻപിള്ള സദ്യയ്ക്കുള്ള നെല്ലെടുക്കാൻ തറവാട്ടിൽ വന്നു. എത്രപറ നെല്ലുവേണമെന്ന് കുഞ്ഞുലക്ഷ്മിയോടു ചോദിച്ചു. അച്യുതക്കുറുപ്പിന് അത് ഇഷ്ടപ്പെട്ടില്ല. അക്കാലത്ത് തറവാട് ഭരിക്കേണ്ട ആളായിരുന്നു കുഞ്ഞുലക്ഷ്മിഅമ്മ. ദാമോദരക്കുറുപ്പ് ചെല്ലപ്പൻപിള്ളയുടെ കൈയിൽ നിന്ന് താക്കോൽ തട്ടിപ്പറിച്ച് അയാളെ ആട്ടി ഇറക്കിവിട്ടു. കോൺട്രാക്ടർ എന്ന പുതിയ അധികാരസ്ഥാനത്തെ അയാൾക്ക് അംഗീകരിക്കാനായില്ല. അയാൾ പോയശേഷം മാധവക്കുറുപ്പ് പുതിയ കാരണവരെ കാണാനെത്തി. ദാമോദരക്കുറുപ്പ് നാലുകെട്ടിൽ നിന്ന് പുറത്തേക്ക് കുതിച്ചു. കുഞ്ഞുലക്ഷ്മിയമ്മ മകനെ തടഞ്ഞു. അധികാരങ്ങളും നിയമങ്ങളും ഒരുവശത്തും ബന്ധങ്ങളും താല്പര്യവും മറുവശത്തുമായി നേർക്കുനേർ വന്നപ്പോൾ നടക്കുന്ന സംഘർഷത്തിന്റെ അവസ്ഥ അവിടെ ഉടലെടുത്തു. അധികാരത്തിന്റെ ചിഹ്നമായ താക്കോൽ ആവശ്യപ്പെട്ടെങ്കിലും ദാമോദരൻ കൊടുത്തില്ല. എല്ലാവരേയും ഒരു പാഠം പഠിപ്പിക്കുമെന്ന് പറഞ്ഞ് ദേഷ്യത്തോടെ അയാൾ മടങ്ങിപ്പോയി. രക്തബന്ധത്തിൽ നിന്നും സ്നേഹബന്ധത്തിൽ നിന്നുമുള്ള അകൽച്ച മറികടക്കാൻ അയാൾ ശ്രമിക്കുന്നതിന്റെ ഫലമാണ് തിരിച്ചുപോക്ക്. മറ്റുള്ളവരുരെ പ്രവർത്തനത്തെ അവരുടെ അനുവാദം പോലുമുല്ലാതെ നിയന്ത്രിക്കാനുള്ള ശേഷിയായി അധികാരം മാറുന്നു.[61]

തറവാട്ടിൽ പലതരത്തിലുള്ള ഭരണമാറ്റങ്ങൾ ഉണ്ടായി. പേഷ്കാർക്ക് കൃഷിനടത്താൻ കഴിയാത്തതുകൊണ്ട് നിലങ്ങളും പുരയിടങ്ങളും പാട്ടത്തിനു കൊടുത്തു. ഇതും ദാമോദരക്കുറുപ്പിനെ ചൊടിപ്പിച്ചു. പാലേൽതറവാട്ടുവകയായ നിലങ്ങളും പുരയിടങ്ങളും ഒന്നും മാധവക്കുറുപ്പ് കണ്ടിട്ടില്ല. പഴയ കാരണവന്മാർ തറവാട്ടിലിരുന്നുകൊണ്ട് കൃഷി നടത്തുകയായിരുന്നു. ഒന്നും മോഷ്ടിക്കാൻ ആരും ധൈര്യപ്പെടുകയില്ല. കൊല്ലും കൊലയുമുള്ളവരായിരുന്നു പാലേൽ കുറുപ്പന്മാർ. വിളവുകളെല്ലാം കാരണവരുടെ മുന്നിൽ വന്നു

കൊള്ളും. പാരമ്പര്യമായി ഈ അധികാരരീതിയെക്കുറിച്ച് അറിയാവുന്നവരായിരുന്നു അന്നാട്ടുകാർ.

പാലേൽതറവാട്ടിൽ വഴക്കുനടന്നതിനുശേഷം നെല്ലറയുടെ താക്കോൽ കുറുപ്പിന്റെ ഭാര്യ കൈക്കലാക്കി. ദാമോദരക്കുറുപ്പ് തടസ്സം പറഞ്ഞതോടെ കാരണവർ പുതിയ പൂട്ടുണ്ടാക്കി നെല്ലറ പൂട്ടി. അധികാരവും ബന്ധങ്ങളും തമ്മിൽ ഇപ്പോൾ നിലനിൽക്കുന്ന അവസ്ഥ താരതമ്യപ്പെടുത്തുമ്പോൾ സഹോദരന്റെ ധിക്കാരം കുഞ്ഞുലക്ഷ്മിക്ക് സമ്മതിച്ചുകൊടുക്കാൻ കഴിയില്ല. തറവാട്ടിൽ ഇന്നേവരെ കാരണവർ നെല്ലളന്നു തന്നിട്ടുണ്ടോ എന്ന് ദാമോദരൻ ചോദിച്ചു. കാരണവർക്ക് കൃഷിനടത്താൻ പറ്റില്ലായെങ്കിൽ കഴിവുള്ള അനന്തരവൻമാരെ ഏൽപ്പിക്കണമെന്ന് കുഞ്ഞുലക്ഷ്മിയമ്മ പരാതിപ്പെട്ടു. പേഷ്ക്കാരുടെ അധികാരവുമായി ഭരിക്കാൻ വന്നാൽ അത് നടക്കില്ല. മുമ്പുള്ളവരു ഭരിച്ചതുപോലെ ഭരിക്കണം. കാരണവർ തറവാട്ടിലിരിക്കുമ്പോൾ മൂത്തസഹോദരിയായിരിക്കും ഭരണം നടത്തുക. കാരണവരുടെ ഭാര്യയല്ല. ദാമോദരൻ അറ കുത്തിത്തുറന്ന് നെല്ലെടുത്തു. മാധവക്കുറുപ്പ് ചോദിക്കാനെത്തി. അമ്മാവനും അനന്തരവനും തമ്മിൽ വഴക്കായി. "ഇന്നുമുതൽ നീ എന്റെ അനന്തിരവനല്ലെന്നും മോഷണത്തിനും കുത്തിക്കവർച്ചയ്ക്കും നോക്കിക്കൊള്ളാ"മെന്നും പറഞ്ഞ് അയാൾ പോയി. നിലനിന്നിരുന്ന അധികാരരീതിയുടെ സ്വരം ഭീഷണിരൂപത്തിലാകുന്നു. കാരണവരുടെ നിർദ്ദേശമനുസരിച്ച് ഒരു ഹെഡ്കോൺസ്റ്റബിൾ ദാമോദരനെ അന്വേഷിച്ച് വന്നു. അറ കുത്തിത്തുറന്നതിന് ഭയപ്പെടുത്തൽ മാത്രമായിരുന്നു അത്. അധികാരവാഹകനായ കാരണവർ നിയമത്തെ ആശ്രയിക്കുന്നു. പോലീസും ഭീഷണിയും അതിന്റെ തുടർച്ചയാണ്.

തറവാട്ടിൽ അശാന്തിയുടെ തിരി പുകഞ്ഞു. ദാമോദരക്കുറുപ്പ് അടങ്ങിയിരുന്നില്ല. ഒരു തണ്ടാനെ വിളിച്ച് തേങ്ങയും അടയ്ക്കയും ഇടുവിച്ചു. കുടികിടപ്പുകാരെ ഇറക്കിവിട്ട് പുരയും പൊളിച്ചുകളഞ്ഞു. തേങ്ങാവിറ്റു

വരുന്നവഴി ഹെഡ്കോൺസ്റ്റബിൾ തടഞ്ഞു. സ്റ്റേഷനിൽ വരാൻ ആവശ്യപ്പെട്ടു. കുറുപ്പ് വഴങ്ങാത്തതിനാൽ പിടിച്ചുകൊണ്ടു പോകാനുള്ള ശ്രമം നടത്തി. ബഹളംകേട്ട് ആൾക്കാർ ഓടിക്കൂടി. കുഞ്ഞുലക്ഷ്മിയമ്മ സഹോദരനെക്കണ്ട് സങ്കടമറിയിച്ചു. ഇൻസ്പെക്ടർ വന്ന് കുറുപ്പിനെ കെട്ട ഴിച്ചുവിട്ടു. നിനക്കു ഞാൻ മാപ്പു തന്നിരിക്കുന്നു, എന്നു പറഞ്ഞപ്പോൾ ഞാൻ ചോദിച്ചില്ലല്ലോ എന്നയാൾ തിരിച്ചു പറഞ്ഞു. അധികാരസ്ഥാനത്തുനിന്നുള്ള ആനുകൂല്യങ്ങളൊന്നും അയാൾ ആഗ്രഹിക്കുന്നില്ല. അത് അമ്മാവനിൽ നിന്നായാലും നിയമപാലകരിൽ നിന്നായാലും. അമ്മാവന്റെ പണത്തിനു മുന്നിൽ അടിയറവു പറഞ്ഞതാണ് ഇൻസ്പെക്ടറുടെ അധികാരഭാവമെന്ന് ദാമോദരന് മനസ്സിലായി.

പാലേൽ തറവാട്ടുകാരെല്ലാം പ്രമാണിമാരായിട്ടാണ് ജനിക്കുന്നത്. പക്ഷേ അമ്മാവനുള്ളപ്പോൾ അനന്തരവന്മാർ പ്രമാണിത്തം ഭാവിക്കുകയില്ല. എന്നാൽ ദാമോദരക്കുറുപ്പ് ഈ സംഭവങ്ങളോടെ നാട്ടുപ്രമാണിയായി. കാര ണവരേയും കോൺട്രാക്ടറേയും സർവ്വോപരി പോലീസ് എന്ന അധി കാരസ്ഥാനത്തേയും ധിക്കരിച്ചു. നാട്ടുപ്രമാണിയാകാനല്ല ഇതൊക്കെ ചെയ്തത്. കീഴ്വഴക്കങ്ങൾക്ക് വിപരീതമായി പ്രവർത്തിച്ചപ്പോൾ ധിക്കരിച്ചു പോയതാണ്. നിലനിന്നിരുന്ന അധികാരഘടനയ്ക്ക് വിരുദ്ധമായി ചിലർ പ്രവർത്തിച്ചപ്പോൾ വിമർശനാത്മകമായി അയാൾ പ്രതികരിച്ചു. നാട്ടുകാർ കുറുപ്പിനെ ബഹുമാനിക്കുകയും ആരാധിക്കുകയും ചെയ്തു. അന്നുവരെ ആരും ചെയ്യാൻ ധൈര്യപ്പെടാത്ത അധികാരപ്രയോഗത്തിന്റെ കഥ നാടുമു ഴുവൻ പ്രചരിച്ചു. ദാമോദരക്കുറുപ്പ് വീട്ടിൽനിന്ന് പുറത്തിറങ്ങിയാൽ വഴിയിൽ കാണുന്നവരെല്ലാം മുണ്ട് അരയിൽകെട്ടി ഒതുങ്ങിനിന്ന് താണുതൊഴുതു നിൽക്കും. കടക്കാർ എഴുന്നേറ്റുനിന്ന് ബഹുമാനിക്കും. പോലീസ് ഇൻസ്പെക്ടർ വഴിയിൽ വച്ച് കണ്ടാൽ കുശലം പറയാതെ പോകില്ല. പ്രൈമറി സ്കൂളിലേയും ഇംഗ്ലീഷ് സ്കൂളിലേയും ഹെഡ്മാസ്റ്റർമാരും അധ്യാ പകരും കുറുപ്പിനെ കണ്ടാൽ ബഹുമാനപൂർവ്വമാണ് സംസാരിക്കുക.

പുതിയതായിവന്ന അധികാരസ്ഥാനത്തെ നാട്ടുകാർ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്തു. പ്രമാണിത്തം ലഭിച്ചപ്പോൾ അതു സ്വീകരിച്ചു എന്നു മാത്രം. കുറുപ്പിന്റെ നടപ്പിലും സംസാരത്തിലും വ്യത്യാസം ഉണ്ടായി. എന്നാൽ പാലേൽക്കാരണവരുടെ പ്രമാണിത്തത്തിൽ നിന്നും അല്പം മാറ്റ മുണ്ട് കുറുപ്പിന്റെ പ്രമാണിത്തത്തിന്. കാരണവരോട് നാട്ടുകാർക്കെല്ലാം ഭയ മാണുണ്ടായിരുന്നത്. പക്ഷെ കുറുപ്പിനോട് എല്ലാവർക്കും ബഹുമാനമാ ണുള്ളത്. കുറുപ്പ് അതൊക്കെ അറിയുകയും ആസ്വദിക്കുകയും ചെയ്തു. നിർണ്ണായക സന്ദർഭങ്ങളിലെ പ്രതികരണത്തിലൂടെ സാമൂഹ്യയാഥാർത്ഥ്യ ത്തിന്റെ വേരുകൾവരെ എത്തിയാണ് ദേവ് കഥാപാത്രങ്ങളെ പൂർണ്ണരാ ക്കുന്നത്.[62]

കൊയ്ത്തുകാലമായി. പാട്ടത്തിന് കൊടുത്തതിന്റെ ബാക്കിയായ നില ത്തിലെ കൊയ്ത്തുതുടങ്ങി. മാധവക്കുറുപ്പ് ചെല്ലപ്പൻപിള്ളയുമായി വയൽവ രമ്പിൽവന്നു നിന്നു. കുറച്ചകലെ ദാമോദരക്കുറുപ്പും. അല്പസമയം കഴിഞ്ഞ് ചെല്ലപ്പൻപിള്ളയോട് കറ്റകളെല്ലാം മാളികവീട്ടിലേക്ക് ചുമക്കാൻ പറഞ്ഞ് കാരണവർ തിരിച്ചുപോകാനൊരുങ്ങി. മാളികവീട്ടിലേക്കല്ല കറ്റ ചുമക്കേണ്ടത് എന്ന് ദാമോദരക്കുറുപ്പ് തിരിച്ചു പറഞ്ഞു. കൊയ്തുകൊണ്ടിരുന്നവർ സ്തബ്ധരായി. രണ്ടു തലമുറകൾ പരസ്പരം അഭിമുഖീകരിക്കുകയാണ്. അധികാരത്തിനെതിരേയുള്ള പ്രതിരോധം സൃഷ്ടിക്കുകയാണ് ദാമോദര ക്കുറുപ്പ്. പാലേൽത്തറവാട്ടിലേക്കുതന്നെയാണ് കറ്റ ചുമന്നത്. മരുമക്കത്തായ കുടുംബങ്ങളിൽ കാരണവരുടെ സർവ്വാധിപത്യത്തിന് ഉലച്ചിൽ തട്ടിക്കൊ ണ്ടിരിക്കുകയാണ്. പാലേൽത്തറവാട്ടിൽ മാത്രമല്ല എല്ലാ തറവാട്ടിലും കാര ണവരുടെ ഏകാധിപത്യത്തെ അനന്തരവൻമാർ ചോദ്യം ചെയ്തു. ഏകാധി കാരികൾ സ്വമനസ്സോടെ അധികാരം വിട്ടുകൊടുക്കുക പതിവില്ല. വ്യക്തി യുടേയോ ഒരു സമൂഹത്തിലെ അംഗങ്ങളുടെ ലക്ഷ്യങ്ങളേയോ അവർ മുറുകെ പിടിച്ചിരിക്കുന്ന താല്പര്യങ്ങളേയോ കൈവരിക്കാനുള്ള കഴിവാണ് അധി കാരം എന്നു വ്യക്തമാകുന്നു.[63]

പാലേൽ മാധവക്കുറുപ്പും അധികാരം വിട്ടുകൊടുക്കാൻ തയ്യാറായില്ല. എല്ലാവരും ആളോഹരിഭാഗം ആവശ്യപ്പെട്ടു. തറവാട് തകരാതിരിക്കാൻ കാരണവർ മകളെ ദാമോദരക്കുറുപ്പിനെക്കൊണ്ട് വിവാഹം ചെയ്യിക്കാൻ താൽപര്യം കാണിച്ചു. കുറുപ്പ് സമ്മതിച്ചില്ല. ഭാഗം നടക്കാതിരിക്കാനുള്ള അടവാണ് വിവാഹം എന്ന് അയാൾക്ക് മനസ്സിലായി. ഭാഗാലോചന തറവാടിന്റെ പൂമുഖത്തുവച്ച് തുടങ്ങി. പതിനാലായി വസ്തുക്കൾ ഭാഗിക്കണമെന്ന് അധികാരസ്വരത്തിൽ കാരണവർ ആവശ്യപ്പെട്ടതിനെ അനന്തരവൻ ചോദ്യം ചെയ്തു. ആദ്യത്തെ ഭാഗാലോചന മുടങ്ങി. കാരണവന്മാരുടെ സ്വേച്ഛാധികാരം അവസാനിപ്പിക്കണമെന്നും ആളോഹരിഭാഗം വേണമെന്നുമുള്ള പ്രക്ഷോഭം നാട്ടിലും ശക്തിപ്പെട്ടു. സമുദായനേതാക്കന്മാർ അതിനായി പ്രസംഗിക്കുകയും നിയമം ഉണ്ടാക്കാൻ സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തു.

നായർവീടുകൾ പുകയുന്ന അഗ്നിപർവ്വതങ്ങളായി. പാലേൽത്തറവാട്ടിലും കാര്യങ്ങൾ വിഭിന്നമായിരുന്നില്ല. വീണ്ടും ഭാഗാലോചന നടന്നു. സ്വത്തുമുഴുവൻ ഏഴായി ഭാഗിച്ചു. പാലേൽത്തറവാട് കുഞ്ഞുലക്ഷ്മിയുടെ ഓഹരിയിൽ വച്ചു. അവിടേയും ദാമോദരക്കുറുപ്പ് വിജയിച്ചു. നിലനിന്നിരുന്ന അധികാരരീതിയോട് എതിർത്ത് തന്റെ ആശയങ്ങൾ ശരിയാണെന്നയാൾ തെളിയിച്ചു. കാലത്തിന്റെ മാറ്റങ്ങളെ അംഗീകരിച്ചുകൊണ്ട് പ്രവർത്തിച്ചതിനാൽ മാധവക്കുറുപ്പിന് അധികം പ്രശ്നങ്ങൾ നേരിടേണ്ടിവന്നില്ല. ദാമോദരക്കുറുപ്പിന്റെ പ്രതികരണം സ്വന്തം തറവാട്ടിലെ അധികാരപക്ഷത്തിനു മാത്രമല്ല പല നായർത്തറവാട്ടിലെ അധികാരപക്ഷത്തിനും ഭീഷണിയായിത്തീർന്നു. തറവാട്ടിലെ അധികാരസ്ഥാനത്തിരിക്കുന്നവരുടെ വാക്കുകൾക്ക് ബലമില്ലാതെയായി. അധികാരത്തിനുവേണ്ടി അമ്മാവന്മാരും അനന്തരവന്മാരും സംഘട്ടനത്തിലേർപ്പെടുന്ന അവസ്ഥവരെ ഉണ്ടായി.

പുരുഷാധിപത്യത്തിന്റെ അധികാരസ്ഥാനമായിരുന്ന കാരണവർ എന്ന പദവിക്കുവേണ്ടിയായിരുന്നു മത്സരം. കാരണവരുടെ അധികാരസ്ഥാനം

സമൂഹത്തിൽ പ്രത്യേകമായ ഒരു വ്യാവഹാരികലോകമാണ് സൃഷ്ടിക്കുന്നത്. അതിനെതകർത്തുകൊണ്ട് മറ്റൊരു വ്യാവഹാരികലോകം അനന്തരവൻമാർ നിർമ്മിക്കുന്നു. ഇതിനെതിരെ കാരണവൻമാർ പ്രതിഷേധിക്കുമ്പോഴാണ് സംഘട്ടനമുണ്ടാകുന്നത്. അധികാരം പ്രത്യക്ഷമായി ബലപ്രയോഗത്തിന്റേയും, പരോക്ഷമായി സമ്മർദ്ദത്തിന്റെയും, പ്രച്ഛന്നമായി നിയമത്തിന്റേയും മാർഗ്ഗത്തിൽ പ്രവർത്തിക്കുന്നു.[64] മാധവക്കുറുപ്പിന്റെ പല കാര്യങ്ങളിലുമുള്ള അറിവില്ലായ്മ ദാമോദരക്കുറുപ്പിലെ പ്രമാണിത്തത്തിന്റെ വളർച്ചയ്ക്ക് ആക്കം കൂട്ടുന്നു. പുതിയൊരു അധികാരസ്ഥാനം ലഭിച്ചപ്പോൾ നിഷേധിക്കാതെ അയാൾ അത് ഏറ്റെടുക്കുന്നു. അതുവരെ നിലനിന്നിരുന്ന പല പാരമ്പര്യരീതികളേയും നിഷേധിച്ചാണ് ദാമോദരക്കുറുപ്പ് മുന്നേറിയത്. സമൂഹത്തിൽ ബഹുമാന്യസ്ഥാനം ലഭിക്കുവാൻ ഇത് കാരണമായി.

'അധികാര'മെന്ന നോവലിലെ രാമു എന്ന കഥാപാത്രം അധികാരത്തിനെതിരേ പ്രതികരിച്ചയാളാണ്. ചേലിക്കരയിൽ കർഷകത്തൊഴിലാളി സംഘമുണ്ടാക്കി അവർക്കുവേണ്ടി പ്രവർത്തിച്ചത് രാമുവാണ്. സമ്പത്തും അധികാരവും കൈയടക്കിയിരുന്ന അധീശവർഗ്ഗത്തിന്റെ കാരുണ്യത്തിന് യാചിക്കേണ്ടിവന്ന ദരിദ്രരുടെ ജീവിതം യാതനാപൂർണ്ണമായിരുന്നു.[65] രാമുവിന് അവരുടെ അവസ്ഥകണ്ട് ഖേദം തോന്നി. അയാൾ രാത്രി കർഷകത്തൊഴിലാളികളുടെ വീടുകൾ സന്ദർശിച്ചു. അവർ കൃഷിചെയ്യുന്ന വയലുകളുടെ യഥാർത്ഥ അവകാശി അവർതന്നെയാണെന്ന് അവൻ പറഞ്ഞു. അവർക്ക് അത് വിശ്വാസമായില്ല. തലമുറകളായി കൃഷിചെയ്യുന്നു, വിതയ്ക്കുന്നു, കൊയ്യുന്നു, മെതിക്കുന്നു നെല്ല് ജന്മിയുടെ പത്തായത്തിലേക്ക് പോകുന്നു. ഒരു രാത്രി ഒരുത്തൻവന്നിട്ട് ആ വയലുകളുടെ അവകാശികൾ അവരാണെന്നു പറഞ്ഞാൽ വിശ്വസിക്കുമോ? സാധാരണക്കാരായ ജനങ്ങളെ പുതിയ അധികാരവ്യവസ്ഥപറഞ്ഞു ബോധ്യപ്പെടുത്താൻ രാമു ഏറെ കഷ്ടപ്പെട്ടു. റഷ്യയിലെ മാറ്റത്തിന്റെ അവസ്ഥ അവർക്കു പറഞ്ഞുകൊടുത്തു. പ്രായം ചെന്നവർ വിശ്വസിച്ചില്ല. ജന്മിമാരുടെ ചൂഷണത്തിൽ വർഷങ്ങളോളം കഴിഞ്ഞവർക്ക്

മാറിച്ചിന്തിക്കാനായില്ല. ചെറുപ്പക്കാർ രാമുവിന്റെ വാക്കുകൾ പിൻതുടരാൻ തീരുമാനിച്ചു.

മാറ്റത്തിന്റെ അലയൊലികൾ വ്യാപിച്ചു. പനവേലിയിലെ വയൽകൊയ്തുകൊണ്ടിരുന്നപ്പോൾ കൊച്ചുവെളുമ്പൻ കൂട്ടത്തിലുള്ളവരോട് പറഞ്ഞു 'വയലെല്ലാം നമ്മുടേതാ. തമ്പ്രാക്കൻമാര് തട്ടിയെടുത്തു വച്ചിരിക്കുകയാണ്'. സഹോദരി ചിരുത അതേറ്റുപിടിച്ചു. വയൽവരമ്പിൽ കുടയും പിടിച്ചുനിന്നിരുന്ന ഗോവിന്ദപ്പിള്ള ഇതുകേട്ടു. രാമു സഖാവ് പറഞ്ഞത് അങ്ങനെയാണെന്ന് ചിരുത ഗോവിന്ദപ്പിള്ളയോട് പറഞ്ഞു. കൊച്ചുവെളുമ്പനും ചിരുതയും കൊയ്യണ്ട, വയലിൽ നിന്നു കേറിപ്പോകാൻ ഗോവിന്ദപ്പിള്ള ആജ്ഞാപിച്ചു. സഖാവ് രാമുവിന്റെ പ്രിയശിഷ്യരായ അവർ അന്നത്തെ ദിവസം ജോലിയിൽനിന്ന് പുറത്താക്കപ്പെട്ടു. പിറ്റേന്ന് കൊയ്യാൻ അധികം ആളുകൾ എത്തിയില്ല. കൊച്ചുവെളുമ്പനേയും ചിരുതയേയും കൊയ്യിക്കാതെ ബാക്കിയുള്ളവർ കൊയ്യാൻ വരില്ലെന്ന് കറുമ്പൻ ഗോവിന്ദപ്പിള്ളയോട് പറഞ്ഞു. എന്നാൽ ആരും കൊയ്യണ്ടാ എന്ന് പറഞ്ഞ് ഗോവിന്ദപ്പിള്ള എല്ലാവരേയും തിരിച്ചയച്ചു. അന്നു വൈകുന്നേരം കൂടിയ കർഷകത്തൊഴിലാളി യോഗത്തിൽ രാമു പ്രസംഗിച്ചു. 'കൃഷിഭൂമികൾ കർഷകന്'എന്ന മുദ്രാവാക്യം വിളിച്ചുകൊണ്ട് ആരംഭിച്ച പ്രസംഗം രണ്ടുമണിക്കൂർ നീണ്ടു. അടുത്തദിവസം രാവിലെ പോലീസ് അകമ്പടിയോടെ കുറേ കൊയ്ത്തുകാർ വയലിലിറങ്ങി. എവിടെനിന്നോ ഗോവിന്ദപ്പിള്ള കൊണ്ടുവന്നതാണ് കൊയ്ത്തുകാരെ. അവർ കൊയ്യാൻ ആരംഭിച്ചപ്പോൾ രാമുവും കൊച്ചുവെളുമ്പനും ചിരുതയും വയലിലേക്ക് ചാടി കൊയ്ത്തു തടഞ്ഞു.

അവിടേയ്ക്കു വന്ന എല്ലാവരും ഒത്തുനിന്നു. പോലീസ് അടിതുടങ്ങി. കൊയ്ത്ത് നടന്നില്ല. രാമുവിനേയും കൂട്ടരേയും പോലീസ് അറസ്റ്റുചെയ്തു. രണ്ടുദിവസം കഴിഞ്ഞ് ഗോവിന്ദപ്പിള്ളയുടെ വയലിൽ കൊയ്ത്തുനടന്നു. ഗോവിന്ദപ്പിള്ള ഓരോ കൊയ്ത്തുകാരന്റേയും വീട്ടിൽച്ചെന്ന് കൊയ്യാൻ

വിളിച്ചു. എല്ലാവരേയും കൂട്ടാൻ അറിയിച്ചു. പ്രത്യേകിച്ച് കൊച്ചുവെളുമ്പനേയും ചിരുതയേയും. സഖാവ് പറയാതെ വരില്ലെന്ന് അവർ അറിയിച്ചു. രാമുവിനേയും വെളുമ്പനേയും ഗോവിന്ദപ്പിള്ള വിളിച്ചുകൊണ്ടു വന്നു. എല്ലാവരും വയലിലിറങ്ങി. അരിവാൾ ഉയർത്തിപ്പിടിച്ച് 'ഇൻക്വിലാബ് സിന്ദാബാദ്' മുഴക്കി കൊയ്ത്തുകാർ ഒന്നിച്ചുനിന്ന് കൊയ്തു.

ചേലിക്കര ഗ്രാമത്തിൽ ജനശ്രദ്ധയാകർഷിച്ച രണ്ടുപേരാണ് ഗോപാലൻനായരും രാമുവും. ഗോപാലൻനായർ മന്ത്രിയായി. രാമുവാകട്ടെ ഇപ്പോഴും സാധാരണക്കാരായ ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നു. ഭൂതകാലത്തെ പിറകോട്ട് ചവിട്ടിത്തള്ളിക്കൊണ്ട്, വർത്തമാനകാലത്തിൽ കാലിന്റെ പെരുവിരൽ മാത്രം ഊന്നിക്കൊണ്ട്, ഭാവിയിലേക്ക് പറക്കുന്നവനെപ്പോലെ തലയുയർത്തി വിദൂരതയിലേക്ക് നോക്കി അക്ഷമനായി നടക്കുന്ന രാമു. സ്വാതന്ത്ര്യലബ്ധിക്കുശേഷം രാമു തൊഴിലാളികളോട് പ്രസംഗിച്ചു. "സഖാക്കളേ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചിട്ടില്ല. ബ്രിട്ടീഷ്ഭരണം അവസാനിച്ചാൽ സ്വാതന്ത്ര്യം ലഭിക്കുമെന്ന് കോൺഗ്രസ് നേതാക്കൾ പറഞ്ഞു. ഭരണം ബ്രിട്ടീഷുകാരിൽ നിന്ന് നമുക്കു ലഭിച്ചു. പക്ഷെ നാം സ്വതന്ത്രരായോ?. ബ്രിട്ടീഷുകാർ ഭരിച്ചിരുന്നകാലത്തെ ദാരിദ്ര്യവും പട്ടിണിയും തൊഴിലില്ലായ്മയും ഇന്നും നിലനിൽക്കുന്നു. ബ്രിട്ടീഷ് ചൂഷകർക്കുപകരം ഇന്ത്യൻ ചൂഷകർ നമ്മെ ചൂഷണം ചെയ്യുന്നു എന്നു മാത്രം. മുതലാളിത്തത്തിനും ജന്മിത്തത്തിനും പൗരോഹിത്യത്തിനും എതിരായുള്ള, ദാരിദ്ര്യത്തിനും പട്ടിണിയ്ക്കും എതിരായിട്ടുള്ള അന്തിമസമരത്തിന് തയ്യാറാകുക". രാമു അവരോട് തീക്ഷ്ണമായ സമരത്തിന് ആഹ്വാനം ചെയ്തു.

ചേലിക്കരയിൽ ആദ്യത്തെ കൃഷിയിറക്കാനുള്ള സമയമായപ്പോൾ കർഷകത്തൊഴിലാളിസംഘം രാമുവിന്റെ നേതൃത്വത്തിൽ സമരത്തിനു തയ്യാറായി. കൂലി വർദ്ധിപ്പിക്കണം, ജോലിസമയം കുറയ്ക്കണം എന്നിവയായിരുന്നു ആവശ്യങ്ങൾ. സമരത്തിന്റെ ചൂട് അടുത്ത പ്രദേശങ്ങളിലേക്കും

വ്യാപിച്ചു. തൊട്ടടുത്ത് നിലമുള്ള ചൂളയിൽ പൈലിമാപ്ല കർഷകത്തൊഴിലാളിസംഘടനയുടെ നിർദ്ദേശങ്ങൾ പാലിച്ചില്ല. രാമുവിന്റെ നേതൃത്വത്തിൽ അവിടെ സമരം നടത്താൻ തീരുമാനിച്ചു. പൈലി മുതലാളിയുടെ ആൾക്കാർ രാമുവിനെ ഭീഷണിപ്പെടുത്തി. രാത്രി ഒറ്റയ്ക്കുപോയ രാമുവിനെ വഴിയിൽ വച്ച് നാലുപേർ ആക്രമിച്ചപ്പോൾ സഹപ്രവർത്തകർ രക്ഷപ്പെടുത്തി. അധികാരവത്ക്കരണത്തിന്റെ പ്രധാന ആയുധം ശിക്ഷയാണ്. എതിർക്കുന്നവനെ ഇല്ലാതാക്കിക്കൊണ്ടാണ് അധികാരം സമൂഹത്തിൽ നിലനിൽക്കുന്നത്. സ്ഥാപനങ്ങളുടെ വൈപുല്യത്തിലൂടെ അധികാരം സൂക്ഷ്മതലത്തിൽ ശിക്ഷ നടപ്പിലാക്കുന്നു. അധികാരത്തിന്റെ ഭൗതികശാസ്ത്രമോ ശരീരശാസ്ത്രമോ സാങ്കേതികവിദ്യയോ ആണ് ശിക്ഷയെന്ന് ഫൂക്കോ പറയുന്നു.[66]

പനവേലി ഗോവിന്ദപ്പിള്ളയുടെ മകൻ ഗോപി പഠിപ്പുകഴിഞ്ഞു വന്നു. കമ്മ്യൂണിസ്റ്റുകാരനായതിനാൽ പാർട്ടിയോഗത്തിൽ പ്രസംഗിച്ചു. പ്രോലിറ്റേറിയൻ ഹോട്ടൽ നടത്തുന്ന വാസുപിള്ള, ഗോപി സഖാവിന്റെ പ്രചാരകനായി. ഹോട്ടലിൽ വച്ച് സഖാവിന് ഗംഭീരസ്വീകരണം കൊടുത്തു. സഖാവ് വിപ്ലവത്തിന്റെ അടിയന്തരാവശ്യത്തെപ്പറ്റി പ്രസംഗിച്ചു. വയലാർ സമരത്തെപ്പോലെ ഇന്ത്യയിലാകമാനം സമരം നടത്താൻ പാർട്ടി തീരുമാനിച്ചതായി ഗോപി രാമുവിനെ അറിയിച്ചു. അതിനായി സഖാവ് വിക്രമൻനമ്പൂതിരി പ്രസംഗിക്കാൻ വരുന്ന കാര്യം തീരുമാനിച്ചു. സഖാക്കളെയെല്ലാം രഹസ്യമായി വിളിച്ചുകൂട്ടാൻ ഗോപി രാമുവിനെ ഏർപ്പാടുചെയ്തു. അത് കേട്ട് ചിരിച്ചുപോയ രാമുവിനെ ഗോപി പരിഹസിച്ചു. സമരമെന്നു കേൾക്കുമ്പോൾ ഭീരുവായതുകൊണ്ടാണ് ചിരിച്ചതെന്ന് കളിയാക്കി. നിങ്ങളെപ്പോലെയുള്ളവർ പാർട്ടിക്ക് ഭാരമാണെന്നും ഗോപി പറഞ്ഞു. ദേഷ്യപ്പെട്ട് രാമു ചാടിയെഴുന്നേറ്റ് മറുപടിപറയാൻ തുടങ്ങിയതായിരുന്നു. സ്വയം നിയന്ത്രിച്ച് ഗോപിയെ തുറിച്ചു നോക്കി അവിടെ നിന്നു പോയി.

വയലാർ സമരത്തിൽ പങ്കുകൊണ്ടവനാണ് രാമു. പട്ടാളം വെടിവച്ചപ്പോൾ വാരിക്കുന്തവും കൊണ്ട് കമഴ്ന്ന് കിടന്ന് ഇഴഞ്ഞ് മുന്നോട്ട് നീങ്ങി

പ്രതിരോധിച്ചതാണ്. പോലീസിന്റെ നിഷ്ഠുരമായ മർദ്ദനവും ജയിൽവാസവും സഹിച്ചു. പക്ഷെ ഇപ്പോൾ രാമു പരിഹസിക്കപ്പെടുന്നു. കോളേജിൽ നിന്നി റങ്ങി നേരിട്ടു പ്രവർത്തനത്തിനുവന്ന ഒരു ജന്മിപുത്രൻ പറയുന്നു - സമര മെന്നു കേട്ടാൽ പേടിയാകുമെന്ന്. രാമുവിന് അതുകേട്ട് ചിരിയാണ് വന്നത്. കൂട്ടുകാരൻ അബുവിനോട് മനസ്സു തുറന്നു. “ഒരു കാലത്ത് നമ്മുടെ നാട്ടിലെ സാമൂഹ്യവും രാഷ്ട്രീയവുമായ നേതൃത്വം ജന്മിമാർക്കായിരുന്നു. ജന്മിമാ രുടെ ഹിതമായിരുന്നു രാജാക്കന്മാരുടെ ഹിതം. വലിയ ഭൂവുടമകൾക്കുമാ ത്രമേ രാഷ്ട്രീയവും സാമൂഹ്യവുമായ പരിഗണനകൾ ലഭിക്കുന്നുള്ളൂ. രാജ ഭരണം അവസാനിച്ചു. അതോടൊപ്പം ജന്മിമാരുടെ രാഷ്ട്രീയവും സാമൂ ഹ്യവുമായ മേൻമയും അവസാനിച്ചു. അവരിൽ പലരും കമ്മ്യൂണിസ്റ്റു പാർട്ടി യിലെ ‘പുതു ക്രിസ്ത്യാനി’കളായി വന്നിരിക്കുകയാണ്. നഷ്ടപ്പെട്ട അധി കാരമാണ് പ്രശ്നം. മുമ്പ് അവർ ജന്മികളെന്ന നിലയിൽ അധ്വാനിക്കുന്ന വർഗ്ഗത്തിന്റെ യജമാനൻമാരായിരുന്നു. ഇപ്പോൾ അവർ വിപ്ലവകാരികളെന്ന നിലയിൽ യജമാനൻമാരാകാൻ ശ്രമിക്കുകയാണ്. അതിന് എന്തു പരിഹാര മെന്ന് രാമുവിന് മറുപടിയില്ല. രാമു എല്ലാത്തിൽനിന്നും പിന്മാറി. അധികാര ത്തിനുവേണ്ടി മനുഷ്യർ കടിപിടികൂടുമ്പോൾ പാർട്ടിക്കുവേണ്ടി പ്രവർത്തിച്ച രാമുവിനെപ്പോലെയുള്ളവർ പുറത്താകുന്നു. ഏതുപാർട്ടിയായാലും അധി കാരം മാത്രമാണ് അന്തിമലക്ഷ്യം. അതിനുവേണ്ടിയാണവർ പ്രവർത്തിക്കു ന്നത്. ജനതയുടെ ദൈനംദിനജീവിതത്തിൽ ക്ഷേമം, സമാധാനം, ഐശ്വര്യം എന്നിവയെല്ലാം നല്കി സാമൂഹികജീവിതത്തിന് ഒരു ലയവും താളക്രമവും ഉളവാക്കുവാൻ നിയുക്തമായ വ്യവസ്ഥയാണ് അധികാരം.[67] ഇത്തരം സാഹ ചര്യം അധികാരത്തിലിരിക്കുന്നവരിലൂടെ സമൂഹത്തിന് ഉണ്ടാകില്ല എന്നറി യുന്നതോടെ രാമൂവിനെപ്പോലുള്ളവർ നിസ്സംഗരാകുന്നു.

ചേലിക്കരയിൽ പാർട്ടിപ്രവർത്തനം തുടങ്ങിയത് രാമുവായിരുന്നു. ഓരോ കർഷകത്തൊഴിലാളിയേയും പറഞ്ഞുമനസ്സിലാക്കി പാർട്ടിയിൽ

ഉൾപ്പെടുത്താൻ രാമു വളരെ കഷ്ടപ്പെട്ടു. കർഷകത്തൊഴാളി സംഘം രൂപീകരിച്ചതും രാമുവാണ്. ആൾക്കാരെ സംഘടിപ്പിച്ച് സ്റ്റഡി ക്ലാസുകൾ രഹസ്യമായി നടത്തി. അർഹതപ്പെട്ട കൂലി ലഭിക്കാതിരുന്നതിന്റെ പേരിൽ സമരങ്ങൾ നടത്തി. പനവേലി ഗോവിന്ദപ്പിള്ളയുടെ കൃഷിയിടത്തിൽ നടത്തിയ സമരം നാട്ടിൽ ഏറെപ്പേരുടെ ശ്രദ്ധയാകർഷിച്ചു. അനേകംപേരെ പാർട്ടിയിൽ ഉൾപ്പെടുത്താനും ഈ സമരത്തിലൂടെ സാധിച്ചു. അപ്പോഴൊന്നും അധികാരസ്ഥാനത്തെക്കുറിച്ച് രാമു ചിന്തിച്ചില്ല. എന്നാൽ ജന്മിത്താവസ്ഥയിൽ അധികാരസ്ഥാനം അനുഭവിച്ചുകഴിഞ്ഞ ഗോവിന്ദപ്പിള്ളയുടെ മകൻ കമ്മ്യൂണിസ്റ്റായപ്പോൾ നേതൃസ്ഥാനമാണ് മോഹിച്ചത്. എങ്ങനെയും പാർട്ടി വളരണമെന്നാണ് ദാമുവിനെപ്പോലുള്ളവർ ചിന്തിച്ചത്. ഗോപിയാകട്ടെ രാമുകെട്ടിയ അടിത്തറയ്ക്കുമുകളിൽ വേഗം കൊട്ടാരം പണിയാനാണ് ശ്രമിച്ചത്. അധികം മുഷിയാതെ, വിയർക്കാതെ അധികാരത്തിന്റെ അപ്പക്കഷ്ണങ്ങൾ ഭക്ഷിക്കാൻ ഗോപിയ്ക്ക് കഴിഞ്ഞത് രാമുവിന്റെ പ്രാരംഭപ്രവർത്തനങ്ങൾകൊണ്ടാണ്. അതുവരെ പ്രവർത്തിച്ച രാമുവിനെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടായിരുന്നു ഗോപിയുടെ പ്രവർത്തനം.

പണവും വിദ്യാഭ്യാസവും സമൂഹത്തിലെ ഉയർന്ന നിലയും ഗോപിയെ പെട്ടെന്ന് നേതൃസ്ഥാനത്തേയ്ക്ക് ഉയർത്തി. അയാൾ രാമുവിനോടാണ് ആൾക്കാരെ കൂട്ടാൻ ആജ്ഞാപിക്കുന്നത്. മേൽത്തട്ടിൽ നിന്നുകൊണ്ട് വിപ്ലവത്തിന് ആഹ്വാനം ചെയ്യുന്നു. പഴയതുപോലെ കീഴാളർ അടിമകളെപ്പോലെ അനുസരിക്കുമെന്ന് ഗോപി കരുതുന്നു. പരമ്പരയായി തുടർന്നുകൊണ്ടുപോകുന്ന ജന്മിത്തത്തിന്റെ ഭാവം ഗോപിയുടെ ഉള്ളിലുണ്ട്. അതുകൊണ്ടാണ് അയാൾക്ക് രാമുവിനെ അംഗീകരിക്കാനാകാത്തത്. വിപ്ലവത്തിന് ഇറങ്ങുന്നതിനെപ്പറ്റിപ്പറയുമ്പോൾ രാമുവിനുണ്ടായ സംശയം ന്യായമാണ്. തോക്കിനുമുന്നിൽ പാറക്കല്ലും മണ്ണുംകൊണ്ട് എന്തു ചെയ്യാനാണ്. വീണ്ടും പാർട്ടിക്ക് കുറേ രക്തസാക്ഷികളെ ഉണ്ടാക്കിയെടുക്കാം. അവർക്കുമുകളിൽ പലരുടേയും അധികാരസ്ഥാനം ഉറപ്പിക്കാം. അതു മനസ്സിലാക്കിയതുകൊണ്ടാണ്

രാമു ശക്തമായി എതിർക്കുന്നത്. മനുഷ്യൻ മുഴുവൻ അതിജീവിച്ചിട്ടില്ലാത്ത മൃഗീയപാരമ്പര്യത്തിന്റെ അവശിഷ്ടമായി അധികാരം നിലനിൽക്കുന്നു.[68]

നേതൃത്വസ്ഥാനം ആഗ്രഹിച്ചിരുന്നുവെങ്കിൽ രാമുവിന് അത് വളരെ മുമ്പേ നേടാമായിരുന്നു. ചിലർ എപ്പോഴും അണികളായി നിൽക്കും. എത്ര കഴിഞ്ഞാലും അധികാരസ്ഥാനങ്ങൾ അവരെ മോഹിപ്പിക്കാറില്ല. പ്രവർത്തിച്ചുകൊണ്ടിരുന്നവ തുടർന്നുകൊണ്ടുപോകുക മാത്രമേ അവർ ചെയ്യാറുള്ളൂ. രാമു അക്കൂട്ടത്തിൽപ്പെടുന്ന ആളാണ്. ആദ്യം അയാൾ അധികാരസ്ഥാനങ്ങൾ നിഷേധിച്ചു. പിന്നീട് പാർട്ടിക്കു വേണ്ടി സ്വന്തം ജീവിതവും. ഒടുവിൽ ഗോപിയെപ്പോലുള്ളവർ രംഗത്തുവന്നപ്പോൾ വേദനയോടെയാണെങ്കിലും പാർട്ടിപ്രവർത്തനവും നിഷേധിച്ചു. നിഷേധിക്കുന്നതിലൂടെ അധികാരം പ്രയോഗിക്കുകയാണ് രാമു. അതിനാൽ ഗോപിയെപ്പോലുള്ളവരുടെ അധികാരപ്രയോഗം രാമുവിനെ ബാധിക്കുന്നില്ല. സഖാവ് നമ്പൂതിരിയുടെ ആജ്ഞകൾ നിരസിക്കുന്നതിലൂടെ നിഷേധത്തിന്റെ സ്ഥിരമായ പ്രകൃതം രാമുവിൽ കാണാൻ കഴിയുന്നു. ഇനിയുള്ള എല്ലാ പ്രവർത്തനവും കാത്തിരുന്ന് കാണാമെന്നാണ് അബുവിനോട് അയാൾ പറയുന്നത്. അധികാരപ്രയോഗത്തിന്റെ പുതിയ രീതികൾ അവരിലൂടെ കണാൻ കഴിയുമെന്ന് രാമു കരുതുന്നു. അധികാരം മുഷ്ടിയിലൊതുക്കിയിരിക്കുന്നവരാണ് അധികാരികൾ. അവർ ആശ്രയിക്കുകയും തുടരുകയും ചെയ്യുന്നത് അധികാരവിനിയോഗത്തിന്റെ തുടർപ്രതികരണം ഉള്ളിടത്തോളം മാത്രമേ ഉള്ളൂ.[69] അപ്രതീക്ഷിതമായി കൈവന്ന അധികാരം തന്റെ രീതിക്കനുസരിച്ച് ഗോപി പ്രയോഗിക്കുമ്പോൾ അധികാരം നിഷേധിച്ചുകൊണ്ടാണ് രാമു ഇതിനെതിരെ പ്രതികരിക്കുന്നത്.

## കുറിപ്പുകൾ

1. ജമാൽ കൊച്ചങ്ങാടി : മുസ്ലിം സാമൂഹ്യജീവിതം, പുറം-11
2. A society is a group of people who enjoy a common way of life and are aware of themselves as a Unit.

   Julies Karlia : Man's behaviour an introduction to Social science, Pag -59.
3. എം. ഗോവിന്ദൻ : തെരഞ്ഞെടുത്ത ഉപന്യാസങ്ങൾ, പുറം-196.
4. ഡോ. കെ. വി. ദിലീപ്കുമാർ : സാമൂഹ്യശാസ്ത്രദർശനം, പുറം-40
5. ബി. ഉണ്ണിക്കൃഷ്ണൻ : ആധുനികാനന്തരസാഹിത്യ സമീപനങ്ങൾ, പുറം-133.
6. Power is the ability of 'A' to make 'B' do something 'B' wouldnot choose to do.

   David Robertson : A Dictionary of modern poilitics, page-393
7. ജോൺ. ജെ. പുതുച്ചിറ : ഓർമ്മപുതുക്കാൻ, പുറം-57.
8. നരേന്ദ്രപ്രസാദ് : ഉണ്ണിപോകുന്നു, പുറം-17.
9. രാമചന്ദ്രൻ വടക്കേടത്ത് : പ്രത്യവമർശം, പുറം-99
10. കെ. പി. ശരത്ചന്ദ്രൻ : നോവലുകളിലൂടെ, പുറം-17
11. One Person excercises power over another when he intentionally acts in such a manner as to affect in a predictable way actions of others.

    Niranjan Sharma : Political Theory, Page-203
12. പവനൻ : തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, പുറം-154.
13. ഡോ. പി. പി. രവീന്ദ്രൻ : മിഷേൽഫൂക്കോ വർത്തമാനത്തിന്റെ ചരിത്രം, പുറം-64
14. ബി. ഉണ്ണികൃഷ്ണൻ : ആധുനികാനന്തര സാഹിത്യ സമീപനങ്ങൾ, പുറം-133
15. Power is the ability to influence the behaviour of others in accordence with one's own ends.

    Niranjan Sharma : Political Theory, Page-203
16. എം. ലീലാകുമാരി : സ്ത്രീസങ്കല്പം മലയാളനോവലിൽ, പുറം-96

17. For the use of power, the presense of an actor or subject and some other individuals is essential.

Mark Hanguard : Power A Reader, Page-280

18. ഡോ. പി. പി. രവീന്ദ്രൻ : മിഷേൽഫൂക്കോ വർത്തമാനത്തിന്റെ ചരിത്രം, പുറം-64

19. എം. ലീലാകുമാരി : സ്ത്രീസങ്കല്പം മലയാളനോവലിൽ, പുറം-95

20. എം. ടി. വാസുദേവൻനായർ : തെരഞ്ഞെടുത്തലേഖനങ്ങൾ, പുറം-298

21. Power is conceived principally interms of its role in simultaneously maintaining. The relations of production and the form of class domination rendered possible by the specific pattern of development of the productive forces.

Sathyabratha Chakraborthy(ed) : Political Sociology, Page-47.

22. ഫാ. ജോസ് കോട്ടയിൽ (എഡി:) : അനുഗൃഹീത കുടുംബം, പുറം-260

23. ജെ. എൽ. ശാസ്ത്രി : (എഡി:) മനുസ്മൃതി, പുറം-346

24. ആദംചൊവ്വ : വിവാഹം ഒരു പഠനം, പുറം-35

25. വൈലോപ്പിള്ളി ശ്രീധരമേനോൻ : കന്നിക്കൊയ്ത്ത്, പുറം-24

26. Power is neither force nor authority. But it makes both force and authority possibe.

C.N. Shankara Rao : Sociology, Page-136

27. By the possion of power we mean the capacity to centralise, regulate or direct the behaviour of person or things.

Niranjan Sharma : Political Theory, Page-203

28. പി. കേശവദേവ് : സഖാവ് കാരോട്ട് കാരണവർ, പുറം-93

29. ഡോ. പി. പി. രവീന്ദ്രൻ : മിഷേൽഫൂക്കോ വർത്തമാനത്തിന്റെ ചരിത്രം, പുറം-69

30. പി. കെ. രാജശേഖരൻ : അന്ധനായ ദൈവം, പുറം-18

31. കളവങ്കോട് ബാലകൃഷ്ണൻ : അനുസന്ധാനം, പുറം-22

32. എം. പി. ബാലറാം : ശബ്ദങ്ങൾ പ്രതിശബ്ദങ്ങൾ, പുറം-24

33. Power is the ability to act or effect something strongly; Physical or mental strength.

Mark Hauguard : Power A Reader, Page-280

34. വി. എസ്. ഖണ്ഡേക്കർ : യയാതി, പുറം-209

35. ഡോ. പി. പി. രവീന്ദ്രൻ : മിഷേൽഫൂക്കോ വർത്തമാനത്തിന്റെ ചരിത്രം, പുറം-60

36. Power cannot accomplish morethan a succession of random impacts on the environment unless there is some relatively fixed goal or purpose

Niranjan Sharma : Political Theory. Page-203

37. ജി. എൻ. പണിക്കർ : ദേവ് കേശവദേവ്, പുറം-106

38. എം. ടി. വാസുദേവൻനായർ : രമണീയം ഒരു കാലം, പുറം-115

39. Those who hold most power may depend mainly on the influence of ideology to retain their dominance, but are usually able also to use source if necessary.

Antony Giddens : Sociology, Page-571

40. വി. സി. ശ്രീജൻ : അർത്ഥവാദങ്ങൾ, പുറം-114

41. പി. കെ. രാജശേഖരൻ : അന്ധനായ ദൈവം, പുറം-102

42. രഘുനാഥൻ പറളി : ഭാവിയുടെ ഭാവന, പുറം-142

43. ഇ. ബാനർജി : അധികാരം സത്തയും സ്വരൂപവും, പുറം-16

44. പി. കേശവദേവ് : രണ്ടമ്മയും ഒരു മകനും, പുറം-106

45. എരുമേലി പരമേശ്വരൻപിള്ള : തെരഞ്ഞെടുത്തപ്രബന്ധങ്ങൾ, പുറം-153

46. Power is the ability of an individuals or groups to make their own interests or concerns count, even when others resist.

Antony Giddens : Sociology, Page-338

47. രഘുനാഥൻ പറളി : ഭാവിയുടെ ഭാവന, പുറം-15

48. പി. കെ. രാജശേഖരൻ : പിതൃഘടികാരം, ഒ.വി.വിജയന്റെ കലയും ദർശനവും, പുറം-58

49. ആർ. വിശ്വനാഥൻ : പ്രജാപതികളുടെ പറുദീസ, പുറം-159

50. എം. പി. ബലറാം : ശബ്ദങ്ങൾ പ്രതിശബ്ദങ്ങൾ, പുറം-25

51. Power is ‘A’s’ ability to get ‘B’ to bring about outcome favourable to A’spreference of desires.

R.. A Dahl : Modern Politics analysis 5th edition, Page-32.

52. ഡോ. ജോർജ്ജ് ഇരുമ്പയം : നോവൽ സി.വി. മുതൽ ബഷീർവരെ, പുറം-135.

53. പി. കേശവദേവ് : സഖാവ് കാരോട്ട് കാരണവർ, പുറം-6

54. സി. ജെ. തോമസ് : ഇവനെന്റെ പ്രിയ പുത്രൻ, പുറം-83

55. ഇ. കെ. നായനാർ : മാർക്സിസം ഒരു മുഖവുര, പുറം-55

56. എൻ. ഇ. ബലറാം : എന്താണ് മാർക്സിസം, പുറം-20

57. Power is usually thought of as a relationship that is as the ability to influence the behaviour of others in a manner not of their choosing.

Andrew Heywood : Politics, page-7

58. ഡോ. എം. ലീലാകുമാരി : സ്ത്രീസങ്കല്പം മലയാളനോവലിൽ, പുറം-95

59. ഡോ. പി. എസ്. ജ്യോതിലക്ഷ്മി : ഉറൂബിന്റെ സ്ത്രീത്വ ദർശനം, പുറം-161

60 ബാലചന്ദ്രൻ വടക്കേടത്ത് : പ്രത്യവമർശം, പുറം-99

61. Power is the ability to control the behaviour of others, even in the absence of their concent

CN Shankar Rao : Sociology, Page 135

62. നരേന്ദ്രപ്രസാദ് : ഉണ്ണിപോകുന്നു, പുറം-17.

63. Power is the ability of individuals, or the members of a group to achieve aims or further the interest they hold.

Antony Giddens : Sociology, Page-589

64. ഫാബിയൻസ് (സമ്പാ:) : അഴിമതി അധികാരം വർഗ്ഗീയത, പുറം-72

65. ഡോ. സെൽവിസേവ്യർ : മഹാകാലത്തിന്റെ മൗനങ്ങൾ, പുറം-101

66. പി. കെ. രാജശേഖരൻ : പിതൃഘടികാരം, ഒ.വി.വിജയന്റെ കലയും ദർശനവും, പുറം-60

67. ഇ. ബാനർജി : അധികാരം സത്തയും സ്വരൂപവും, പുറം-14

68. പി. ജെ. ജോർജ്(എഡി:) : പുതിയമനുഷ്യൻ പുതിയ ലോകം -എം ഗോവിന്ദന്റെ ചിന്തകൾ, പുറം-583.

69. Those who hold power are empowered; they depend upon and continue only so long as there are continuing streams of empowering responses.

Niranjan Sharma : Political Theory. Page-205